This is a good novel

# സിഗ്മൻഡ് ഫ്രോയിഡ്

# SIGMOND FREUD

K. N. Ahamed, B. A., B. T.

Publishers:

P. K. Brothers, Calicut.

This book is very very good Novel by

# സിഗ്മൻഡ് ഫ്രോയിഡ്

5355

Jawahar Balbhavan & Children's Library,
KOTTAYAM.

കെ. എൻ. അഹമ്മദ്,

പ്രസാധകന്മാർ:
പി. കെ. ബ്രദേർസ്
കോഴിക്കോട്ട്

ഒന്നാം പതിപ്പ്
കോപ്പി 1000
ജൂലായ് 1965

പകർപ്പവകാശം:
പ്രസാധകന്മാർക്ക്

വില: 1ക. 50പ.

അച്ചടി:
സരോജ് പ്രസ്സ്
കോഴിക്കോട്

# ആമുഖം

മനശ്ശാസ്ത്രത്തെ അധികരിച്ചുള്ള അരഡസനോളം ഗ്രന്ഥങ്ങൾ ഇന്നു് കേരളത്തിലുണ്ട്. ഇവയിൽ ചില തിലെല്ലാം അബോധമനസ്സിനെക്കുറിച്ച് പരാമശിച്ചിട്ടുണ്ടെങ്കിലും, ഒന്നിലും വിസ്തരിച്ച് പ്രതിപാദിച്ചിട്ടില്ല. അബോധമനസ്സ് (unconscious mind) അസാധാരണ മനശ്ശാസ്ത്രത്തിൻെറ (abnormal phychology) 'ഇതിവൃത്തമായ'താവാം ഇതിന്നു് കാരണം. അസാധാരണ മനശ്ശാസ്ത്രമാകട്ടെ കേരളത്തിൽ വേരൂന്നീട്ടില്ല.

മനുഷ്യൻെറ വിചിത്രചേഷ്ടകൾക്കുള്ള കാരണവും പ്രതിവിധിയും ചൂണ്ടിക്കാട്ടുകയാണു് അസാധാരണ മനശ്ശാസ്ത്രം ചെയ്യുന്നതും, ചെയ്യേണ്ടതും. മനശ്ശാസ്ത്രത്തിന്റെ ഈ പുത്തൻ ശാഖക്കു് വ്യക്തമായ രൂപം നല്കിയതു് ഓസ്ട്രീയക്കാരനായ സിഗ്മൻഡ് ഫ്രോയിഡാണു്. തന്നിമിത്തം ഈ പ്രതിഭാസമ്പന്നനെ അസാധാരണ മനശ്ശാസ്ത്രത്തിന്റെ പിതാവെന്നു പറഞ്ഞുവരുന്നു. ഫ്രോയിഡില്ലാത്ത മനശ്ശാസ്ത്രം ഡൻമാക്കിലെ രാജകുമാരനില്ലാത്ത ഹേംലററ് നാടകംപോലെ, അപൂൎണ്ണവും അചിന്തേയവുമാണു്.

എൻെറ അറിവിൽ പെട്ടേടത്തോളം അസാധാരണ മനശ്ശാസ്ത്രതത്വങ്ങൾ പ്രതിപാദിക്കുന്ന ആദ്യത്തെ മലയാളഗ്രന്ഥമാണിതു്. തലമറന്നു് എണ്ണതേച്ചുവെന്നു

അപരാധം ഇല്ലാതിരിക്കാനായി 'പിതാവിനെ'തന്നെ കേന്ദ്രബിന്ദുവാക്കുകയാണ് ഇതിൽ ചെയ്തിട്ടുള്ളതു്. പ ഞ്ചലേഖനങ്ങളുടെ ഒരു സമാഹാരമാണ് ഈ ചെറു ഗ്രന്ഥം. ഇവയിൽ ആദ്യത്തെ മൂന്നെണ്ണം ഫ്റോയിഡി യൻ തത്വങ്ങൾ വിവരിക്കുകയും, അവസാനത്തെ രണ്ടെ ണ്ണം വിമർശിക്കുകയും ചെയ്യുന്നു. പിശാചിൻേറതു് പി ശാചിന്നും, ദൈവത്തിൻേറതു് ദൈവത്തിന്നും നല്കുകയാ ണ് ഈ ഗ്രന്ഥകർത്താവ് ചെയ്തിട്ടുള്ളതു്. ഇതൊരു ചേ രിചേരാനയമാണെന്നു് തെററിദ്ധരിക്കരുതു്. എന്തു കൊണ്ടെന്നാൽ ശാസ്ത്രതത്വങ്ങളെ സംബന്ധിച്ചേടത്തോ ളം ആർക്കും ഭൂഷണമല്ലാത്ത ഒന്നാണിതു്.

ശാസ്ത്രതത്വങ്ങൾ പരമസത്യങ്ങളല്ല. ഇവ എ പ്പോഴും കാലദേശാദിഘടകങ്ങൾക്കു് വിധേയമാണ്. ഭൂമി ഒരു കാലത്തു് പരന്നതായിരുന്നു. പിന്നീടതു് ഉരു ണ്ടതായി. ഇപ്പോൾ അതിന്നു് മറെറാരു രൂപം നൽ കാൻ ശൂന്യാകാശസഞ്ചാരികൾ ശ്രമിക്കുകയാണ്. പ ണ്ടൊരു വിദ്യാർത്ഥി ഭൂമി, സ്കൂളിൽ ഉരുണ്ടിട്ടും വീട്ടിൽ പ രന്നിട്ടുമാണെന്നു് ഇൻസ്പെക്ടരോടു് പറയുകയുണ്ടായത്രെ. ഉപരിസൂചിതമായ യാഥാർത്ഥ്യത്തിന്നു് ഉപോൽബലക മായ തെളിവാണിതു്. ഒരു മനുഷ്യൻ എത്രതന്നെ പ്ര ഗത്ഭമതിയായാലും അയാളുടെ തത്വങ്ങൾ പരമസത്യങ്ങ ളാകണമെന്നില്ല. ഈ മനോഭാവം വെച്ചുകൊണ്ടാവ ണം ഫ്റോയിഡിയൻ തത്വങ്ങളെ വിലയിരുത്തുന്നതു്. വ്യക്തികളെ പൂവിട്ടു് പൂജിക്കുന്നതും, മനുഷ്യനിർമ്മിതമാ യ തത്വങ്ങളെ പരമസത്യങ്ങളായി സ്വീകരിക്കുന്നതും ന ന്നല്ല.

അസാധാരണ മനശ്ശാസ്ത്രം കേരളത്തിൽ തഴച്ചുവളരുന്നതിന്നു് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കുകയാണു് ഈ ഗ്രന്ഥത്തിൻെറ പ്രധാന ഉദ്ദേശ്യമെങ്കിലും അശ്രദ്ധരായ കുട്ടികളെ നേരിടുന്ന അദ്ധ്യാപകന്മാരും, ട്രെയിനിങ്ങ്കാലം തള്ളിനീക്കുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കും, മനശ്ശാസ്ത്രം ഐച്ഛികവിഷയമായി പഠിക്കുന്ന കോളേജ്‌വിദ്യാർത്ഥികൾക്കും ഇതു് പ്രയോജനകരമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. ഇവയിൽ ഏതെങ്കിലുമൊന്നു് സാധിച്ചാൽതന്നെ ഈ വിനീതൻെറ ശ്രമം വിഫലമായില്ലെന്നു് കരുതാം.

ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം സദയം ഏറെറടുക്കുകയും, അതിവേഗം അതു് നിറവേററുകയുംചെയ്ത മെസ്സേഴ്സ് **പി. കെ. ബ്രദേഴ്സ് സിനോട്ട്** എനിക്കുള്ള കൃതജ്ഞത കുറച്ചൊന്നുമല്ല.

നൃമാഹി, 1—1—1964.

എന്നു്,
വിധേയൻ.



സിഗ്മണ്ട് ഫ്രോയിഡ് (1856–1939)

## അദ്ധ്യായം ഒന്നു്

# ഫ്രോയിഡും അബോധമനസ്സും

ആധുനിക മനഃശാസ്ത്രവിദ്യാർത്ഥികൾക്കു് മറക്കാനോ, ആദ്ധ്യാത്മിക വാദികൾക്കു് പൊറുക്കാനോ ആവാത്ത ഒരു പ്രഗൽഭമതിയാണു് സിഗ്മൻഡ് ഫ്രോയിഡ്. മനശ്ശാസ്ത്രത്തെ നവീനമായൊരു വഴിത്താരയിലേക്കു് തിരിച്ചുവിട്ട ഫ്രോയിഡിയൻ തത്വങ്ങൾ വിശ്വവിഖ്യാതിനേടിയവയാണു്. മുക്തകണ്ഠമായ പ്രശംസക്കും നിശിതമായ വിമർശനങ്ങൾക്കും പാത്രീഭവിച്ച ഈ തത്വങ്ങൾ ഇന്നും ചിന്താസാഗരത്തിൽ അലകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അവയെപ്പററിയുള്ള ചർച്ച സന്ദർഭോചിതവും പ്രയോജനകരവുമായിരിക്കുമല്ലോ.

## അല്പം ചരിത്രം

ആസ്ത്രീയയിലെ ഫ്രീയാബെര്‍ഗ് പട്ടണത്തിൽ 1856 മേയ് 6-ാംനു-യാണു് സിഗ്മണ്ട് ഫ്രോയിഡ് ജനിച്ചതു്. പിതാവായ ജെയ്ക്കബ് ഫ്രോയിഡ് ഒരു ഇടത്തരം യഹൂദകുടുംബത്തിന്‍െറ തലവനായിരുന്നു. ഇദ്ദേഹത്തിന്‍െറ ദ്വിതീയഭാര്യയായ അമാലിയാനാതൻസനാണു് സ്മര്യപുരുഷന്‍െറ മാതാവു്. അന്നു് ഈ സ്ത്രീരത്നത്തിന്നു് 21 വയസ്സെ പ്രായമുണ്ടായിരുന്നുള്ളു. യുവസഹജമായ സ്നേഹവാത്സല്യത്തോടെ ഇവർ തന്‍െറ ഓമന സന്താനത്തെ ലാളിച്ചു വളർത്തി. മദ്ധ്യവയസ്കനായ ജേക്കബ് ഫ്റോയിഡിന്നു് മററു സന്താനങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു് സിംഗ്മണ്ടിനോടു് പ്രത്യേകം സ്നേഹം ഉണ്ടായിരുന്നില്ല. മാതാപിതാക്കളുടെ വാത്സല്യത്തിൽ പ്രകടമായ ഈ വ്യത്യാസം—ഇതു് സ്വാഭാവികമാണെങ്കിലും—ഫ്റോയിഡിന്‍െറ ചിന്താഗതിയെ സാരമായി സ്പർശിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിന്‍െറ ഈഡിപസ് സങ്കലനസിദ്ധാന്തം വിളിച്ചോതുന്നുണ്ടു്.

സിഗ്മണ്ടിന്നു് നാലുവയസ്സായപ്പോൾ ജെയ്ക്കബിന്‍െറ കുടുംബം രണ്ടായി പിളർന്നു. ആദ്യഭാര്യാസന്താനങ്ങൾ ഇംഗ്ലണ്ടിലേക്കും അമാലിയാനാതൻസനും സന്തതികളും ആസ്ത്രീയയുടെ തലസ്ഥാനമായ വിയന്നയിലേക്കും താമസം മാററി. തലസ്ഥാനനഗരിയിലെ തിരക്ക്പിടിച്ച ജീവിതം സിഗ്മണ്ടിന്നു് ഹൃദ്യമായിരുന്നില്ല. പ്രകൃതിയിൽനിന്നും ശാസ്ത്രസാഹിത്യഗ്രന്ഥങ്ങളിൽനിന്നും കഴിയുന്നത്ര ജ്ഞാനം ആർജ്ജിക്കാനാണു് ബാലനാ

യ സിഗ്മണ്ട് ഇഷ്ടപ്പെട്ടത്. സിനിമാമന്ദിരങ്ങളോ നൃത്തശാലകളോ സ്വരൃപുരുഷനെ അധികം ആകർഷിച്ചിരുന്നില്ല. ഏകനായി ഇരുന്ന് ചരിത്രത്തിൻെറ ഏടുകൾ പരിശോധിക്കാനും, സാഹിത്യത്തിൻെറ മർമ്മവശങ്ങൾ ആസ്വദിക്കാനും, ശാസ്ത്രതത്വങ്ങളെ വിലയിരുത്താനും സിഗ്മണ്ട് ഒഴിവുസമയങ്ങൾ ഉപയോഗപ്പെടുത്തി.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1873-ൽ വിയന്നാ സർവ്വകലാശാലയിൽ ചേന്നു പഠിപ്പ് തുടന്നു. ആദ്യത്തെ മൂന്നുവർഷം അനിശ്ചിതതത്വത്തിൻെറ കാലഘട്ടമായിരുന്നു. ഒന്നിനുപുറകെ മറെറാന്നായി സിഗ്മണ്ട് ഐച്ഛികവിഷയങ്ങൾ മാററിക്കൊണ്ടിരുന്നു. രസതന്ത്രവും ജന്തുശാസ്ത്രവും പഠിച്ചുനോക്കി. ഇവ തൻെറ താല്പര്യങ്ങൾക്ക് ചേന്നവയല്ലെന്ന് ബോദ്ധ്യമായപ്പോൾ ശരീരശാസ്ത്രം പഠിച്ച് ഭിഷഗ്വരനാകാൻ ശ്രമിച്ചു. പ്രൊഫസർ ബ്രൂയിക്കെയുടെ കീഴിൽ (Earnest Bruecke) നീണ്ട ആറ് വർഷം പഠിച്ചശേഷം വിയന്നയിലെ ഒരു ആശുപത്രിയിൽ സഹായക ഭിഷഗ്വരനായി ജോലിനോക്കി. സിഗ്മണ്ടിൻെറ ജോലി മാനസിക രോഗവിഭാഗത്തിലായിരുന്നു. മാനസികവൃത്തികളെക്കുറിച്ചുള്ള പ്രായോഗിക ജ്ഞാനം ആർജ്ജിക്കുവാൻ ഇതുമൂലം സാധിച്ചു. അസാധാരണ മനശ്ശാസ്ത്രത്തിന്നു് സാരമായ സംഭാവനകൾ നല്കാൻ ഫ്റോയിഡിന്ന് സാധിച്ചത് ഇതുകൊണ്ടാണെന്നു പറയാം. ഇക്കാലത്താണ് ഞരമ്പുരോഗങ്ങളെക്കുറിച്ച് (Neuroses) ഫ്റോയിഡ് കുറേ ലേഖനങ്ങൾ എഴുതിയിരുന്നത് പ്രശസ്തിയുടെ ഔന്നത്യത്തിലേക്കുള്ള ഒന്നാമത്തെ കാൽവെ

പ്പായിരുന്നു അതു്. സക്കാർ ഈ പ്രതിഭാധനനെ ബഹുമാനിക്കാതിരുന്നില്ല. 1885-ൽ ഞരമ്പുരോഗ ശാസ്ത്രാദ്ധ്യാപകനായി നിയമിക്കപ്പെട്ടതും, താമസിയാതെ ഉപരിപഠനത്തിന്നുള്ള സംഭാവധനം നല്കപ്പെട്ടതും ഫ്റോയിഡിൻെറ പ്രശസ്തിക്കു നല്കപ്പെട്ട അംഗീകാരങ്ങളായിരുന്നു. പാരീസിൽ ഉപരിപഠനം നടത്തുന്ന കാലത്താണു് പ്രസിദ്ധ ചിത്തരോഗവിദഗ്ദ്ധനായ ജീൻ മേരീ ചാക്കോവുമായി (Jean Merie Charcot) പരിചയപ്പെട്ടതു്. ഇദ്ദേഹത്തിൽനിന്നു ഫ്റോയിഡ് വശീകൃതാവസ്ഥയിലുള്ള ചികിത്സാമുറകൾ മനസ്സിലാക്കി.

1886-ൽ വിയന്നയിൽ തിരിച്ചെത്തി. തൻെറ പുത്തൻ ജ്ഞാനം ശാസ്ത്രകുതുകികളുടെ ശ്രദ്ധയിൽ പെടുത്താൻ ഫ്റോയിഡ് ആഗ്രഹിച്ചു. അങ്ങിനെ വിയന്നയിലെ വൈദ്യശാസ്ത്രസമിതിയിൽ ഫ്റോയിഡ് മാനസികവിഘടനയെക്കുറിച്ചുള്ള തൻെറ അഭിപ്രായങ്ങൾ അവതരിപ്പിച്ചു. ആ സദസ്സ് തനിക്കു് ആദരാഞ്ജലിയർപ്പിക്കുമെന്നായിരുന്നു പ്രസംഗകൻ പ്രതീക്ഷിച്ചതു്. എന്നാൽ ഫലം മറിച്ചായിരുന്നു! മേലിൽ ആ സമിതിയിൽ ഹാജരാകരുതെന്നുള്ള അന്ത്യശാസനമാണു് അവർ ഫ്റോയിഡിന്നു് സമ്മാനിച്ചതു്.

പരിചയസമ്പത്തു് ഫ്റോയിഡിൻെറ ജിജ്ഞാസ വദ്ധിപ്പിച്ചുകൊണ്ടിരുന്നു. മാനസികരോഗികളെ വശീകൃതാവസ്ഥയിൽ നിർത്തി വ്യവദേശങ്ങൾ നല്കുന്ന സമ്പ്രദായം ആദ്യകാലത്തു് ഫ്റോയിഡിൻെറ ചികിത്സാമുറയുടെ ഒരു അവിഭാജ്യ ഘടകമായിരുന്നു. എല്ലാ

തരം രോഗികളേയും വശീകരിച്ചനിൎത്താൻ സാധിക്കി ല്ലെന്നു് അനുഭവത്തിലൂടെ ഫ്റോയിഡ് മനസ്സിലാക്കി. വീണ്ടും പാരീസിൽചെന്നു് പഠിച്ചു. ഇക്കാര്യത്തിൽ തൃപ്തികരമായ പുരോഗതിയുണ്ടായില്ല. മനസ്സിന്റെ ബോധതലത്തിന്നപ്പുറം മനോവൃത്തികളെ നിത്യേന സ്വാധീനിച്ചുകൊണ്ടിരിക്കുന്ന എന്തോ ഒന്നുണ്ടെന്നു് ഫ്റോയിഡിന്നു് ബോദ്ധ്യമായി. തന്നിമിത്തം വ്യവഭേദശ സമ്പ്രദായം ഉപേക്ഷിക്കുകയും മനസ്സിന്റെ അബോധതലത്തെക്കുറിച്ചു സ്വതന്ത്രമായി ചിന്തിക്കുകയും ചെയ്തു. അബോധമനസ്സിനെക്കുറിച്ച് ആദ്യമായി പ്രതിപാദിച്ചതു് ഫ്റോയിഡ് ആണെന്നു് പറഞ്ഞുകൂട. ജൎമ്മൻകാരനായ ഹാർട്ട്മാൻ(Hartmann) മനസ്സിന്റെ അബോധാവസ്ഥ കണ്ടെത്തുകയുണ്ടായി. എന്നാൽ ഇദ്ദേഹത്തിന്റെ അഭിപ്രായം ശാസ്ത്രീയമായിരുന്നില്ല അബോധമനസ്സ് രൂപംകൊള്ളുന്നതു് എങ്ങിനെയെന്നു് വിവരിക്കുവാൻ ഹാർട്ട്മേന്നു് സാധിച്ചിരുന്നില്ല. അതിനെ ഒരു പൈശാചിക ശക്തിയായി പരിഗണിക്കുക മാത്രമാണു് അദ്ദേഹം ചെയ്തിരുന്നതു്. ഫ്റോയിഡാവട്ടെ, അബോധമനസ്സിന്നു് ശാസ്ത്രീയമായ വ്യാഖ്യാനം നല്കി. അബോധാശയങ്ങളെ വെളിപ്പെടുത്താനുള്ള ഒരുപകരണമായി മാനസികാപഗ്രഥനം ഉയൎത്തപ്പെട്ടു. ഡോ. ബ്രൂവർ, ഡോ. ക്രോബാക്ക് എന്നിവരുടെ സഹകരണം ലഭിച്ചതോടെ തന്റെ പുത്തനാശയങ്ങൾ പൊതുജനശ്രദ്ധയിൽ പെട്ടു.

1886ൽ ഫ്റോയിഡ് മാൎത്താബർനസ് എന്ന യുവതിയെ വിവാഹംചെയ്തു. ഈ വൈവാഹികബന്ധം

സുദൃഢവും, സുദീർഘവുമായിരുന്നു. പരസ്പരസ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഒരു സമഞ്ജസ സമ്മേളനമായിരുന്നു അതു്. മൂന്നു് ആൺകുട്ടികളും മൂന്നു് പെൺകുട്ടികളും ഫ്റോയിഡിന്നുണ്ടായി. ഇവരിൽ മകൾ അന്നാ ഫ്റോയിഡ് (Anna Freud) മനശ്ശാസ്ത്രത്തിൽ അച്ഛന്റെ പ്രശസ്തി നിലനിർത്താൻ സഹായിക്കുന്ന ധാരാളം ഗവേഷണങ്ങൾ നടത്തുകയുണ്ടായി. മററുള്ളവർ മററു രംഗങ്ങളിലാണു് അധികം പ്രവർത്തിച്ചതു്.

1896-ൽ ഫ്റോയിഡിന്റെ അച്ഛൻ കാലഗതി പ്രാപിച്ചു. അന്നു് ഫ്റോയിഡിന്നു് 40 വയസ്സായിരുന്നു. ഫ്റോയിഡിന്റെ രചനാത്മകജീവിതത്തിൽ ഒരു സുപ്രധാന ഘട്ടമായിരുന്നു ഇതു്. മനശ്ശാസ്ത്രത്തെ സംബന്ധിച്ച നിർണ്ണായക ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതു് ഇക്കാലത്താണെന്നു പറയാം. 1908-ൽ ചേർന്ന സൈക്കോ അനലിററിക്ക് കോൺഗ്രസ്സും 1909-ൽ ആരംഭിച്ച പ്രസിദ്ധീകരണങ്ങളുമാണു് ഫ്റോയിഡിന്നു് വിശ്വവിഖ്യാതി നേടിക്കൊടുത്തതു്. ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ഫ്റോയിഡ് പ്രശസ്തിയുടെ കൊടുമുടി കയറുകയായിരുന്നു. 1931-ൽ എഴുതപ്പെട്ട ടോട്ടം എൻറ് ടേബൂ (Totem an, Taboo) എന്ന ഗ്രന്ഥം ഒരു ഒന്നാന്തരം കലാസൃഷ്ടിയായിരുന്നു. സാഹിത്യത്തിന്നുള്ള ഗൊയ്ത്തെ സമ്മാനം നേടിയ ഈ ഗ്രന്ഥം ഫ്റോയിഡിന്റെ സാഹിത്യാഭിരുചിയ്ക്കു് മകുടോദാഹരണമാണു്. 1930വരെ ഫ്റോയിഡ് തന്റെ സൃഷ്ടിപരവൃത്തികൾ തുടർന്നുകൊണ്ടേയിരുന്നു.

ഒരുറച്ച ദേശാഭിമാനിയായിരുന്നു ഫ്റോയിഡ്. ജർമ്മൻ ദേശീയത്വത്തിൽ അദ്ദേഹത്തിന്നു് അഭിനിവേശമുണ്ടായിരുന്നു. എന്നാൽ 1933-ൽ ഹിററ്ലർ അധികാരത്തിൽ വന്നപ്പോൾ ജർമ്മനിയിൽ യഹൂദമർദ്ദനത്തിന്നു് ശക്തികൂടി. നാസികൾ അവരുടെ പേക്കൂത്തുകൾ കാണിച്ചുതുടങ്ങി. യഹൂദനായ സിഗ്മണ്ട് ഫ്റോയിഡിനെ അവർ സംശയദൃഷ്ടിയോടെ വീക്ഷിച്ചു. ഫ്റോയിഡിൻെറ കൃതികൾ നശിപ്പിക്കുവാനുള്ള ഉത്തരവുണ്ടായി! അന്നുമുതൽ ഫ്റോയിഡിൻെറ ജീവിതം ക്ലേശകരമായിത്തീൎന്നു. വാർദ്ധക്യകാലത്തു് അർബ്ബുദമെന്ന മാറാവ്യാധിയും പിടിപെട്ടു. 1938-ൽ ഹിററ്ലരുടെ ആജ്ഞയനുസരിച്ച് പോലീസ് ഫ്റോയിഡിൻെറ വീട്ട് പരിശോധിക്കുകയും, ഗ്രന്ഥങ്ങൾ നശിപ്പിക്കുകയും, സ്വത്തു് കണ്ടുകെട്ടുകയും ചെയ്തു. ഈ മർദ്ദനങ്ങളെല്ലാം ഉണ്ടായിട്ടും നാടുവിട്ട് പോകാൻ അദ്ദേഹത്തിൻെറ ദേശാഭിമാനം സമ്മതിച്ചില്ല. ആരാധകന്മാരിൽ ഒരാളായ ഡോ. ഏണസ്റ്റ് ജോൺസിൻെറ നിർബ്ബന്ധപ്രകാരം ഒടുവിൽ നാടുവിടാൻ തീരുമാനിച്ചു. കനത്ത കദനഭാരത്തോടെ ഫ്റോയിഡ് പാരീസിലേക്കും പിന്നീട് അവിടെനിന്നു് ലണ്ടനിലേക്കും പോയി. ഇംഗ്ലണ്ടിലെ സ്വാതന്ത്ര്യവായു ശ്വസിച്ചുകൊണ്ടു് 1939 സപ്തമ്പർ 23-ാം തീയതി ഈ പ്രഗത്ഭമതി ഇഹലോകത്തോടു് യാത്രപറഞ്ഞു. ഫ്റോയിഡ് മരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങൾ ഇന്നും ചിന്താസാഗരത്തിൽ അലകൾസൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

## ഫ്രോയിഡിൻെറ കൃതികൾ

അസംഖ്യം ലഘുലേഖകളും ഗ്രന്ഥങ്ങളും ലോകത്തിന്ന് കാഴ്ചവെച്ച നല്ലൊരു സാഹിത്യകാരൻകൂടിയാണ് ഫ്റോയിഡ്. ഡോ. ജോസഫ് ബ്രൂവറും (Dr joseph Breuer) ഫ്റോയിഡും ചേൻ് 1893-ൽ മാനസിക വിഘടനയുടെ (Psychological dissociation) കാരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതോടെയാണ് ശാസ്ത്രകുതുകികളുടെ ശ്രദ്ധ ഫ്റോയിഡിൽ പതിഞ്ഞതെന്ന് പറയാം. ഫ്റോയിഡിൻെറ ഗ്രന്ഥാവലിയിൽ അതിപ്രധാനമായതു് മൂന്നെണ്ണമാണ്. മാനസികാപഗ്രഥനത്തിന്നൊരു മുഖവും (An introduction to pacho-analysim) സ്വപ്നവ്യാഖ്യാനം (Interpretation of dreams). മാനസിക രോഗശാസ്ത്രം (Psycho pathology of every day life) എന്നിവയാണ് പ്രസ്തുത ഗ്രന്ഥത്രയങ്ങൾ. മൗലികപ്രാധാന്യമുള്ള ഈ ഗ്രന്ഥങ്ങളിൽവെച്ച് എന്തുകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നതു് ദൈ ത്രോ ദൃതങ്ങ് (Die Traum deutung) എന്ന കൃതിയാണ്. കഴിഞ്ഞ നൂററാണ്ടിൻെറ അന്ത്യത്തിൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തിന്നു് ശാസ്ത്രവൃത്തങ്ങളിൽ ഉദ്ദേശിച്ചത്ര സ്വീകരണം ലഭിച്ചില്ല. ഇതു് ഫ്റോയിഡിന്നെ നിരാശനാക്കിയില്ലെങ്കിലും തെല്ലൊന്നു് വേദനിപ്പിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിൻെറ രണ്ടാംപതിപ്പിനെഴുതിയ മുഖവുരയിൽ ഫ്റോയിഡ് ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ഫ്റോയിഡ് പറയുന്നു: "ശാസ്ത്രജ്ഞന്മാരുടെ ബോധപൂർവ്വമായ മൗനംനിമിത്തം നിർജ്ജീവമായിത്തീരുമായിരുന്ന ഈ

ഗ്രന്ഥത്തിന്നു് പ്രചാരം നല്കിയതു് സഹൃദയരായ സാധാരണക്കാരുടെ അനുഭാവപൂർണ്ണമായ പിന്തുണയാണു്. ക്രമേണ ഈ കൃതി അവഗണിക്കാനാവാത്ത ഒരു ശാസ്ത്രരേഖയായിത്തീർന്നു. മാത്രമല്ല ചില ശാസ്ത്രകുതുകികളുടെ ഹൃദയംഗമമായ പ്രശംസക്ക് പാത്രീഭവിക്കുകയും ചെയ്തു. ഡോ. ഏണസ്റ്റ് ജോൺസിന്റെ (Dr Ernest Jones) അഭിപ്രായത്തിൽ ലോകത്തിന്നു് അന്നോളം നല്കപ്പെട്ടിട്ടുള്ള മഹദ്ഗ്രന്ഥത്തിൽവെച്ച് ഏററവും പരിപൂർണ്ണമായതു് ഇതാണു.

ഇരുപതു് വർഷക്കാലത്തെ അർത്ഥഗർഭമായ മൗനം ഭഞ്ജിക്കപ്പെട്ടതോടെ, മണ്ഡനഖണ്ഡനങ്ങൾ മലവെള്ളം പോലെ പ്രവഹിച്ചുതുടങ്ങി. ഫ്റോയിഡിയൻ തത്വങ്ങളെ അനുകൂലിച്ചുകൊണ്ടു് ഭാഷ്യങ്ങൾ രചിച്ചവരിൽ അഗ്രഗണ്യർ ഫ്റോയിഡിന്റെ പ്രഗത്ഭ ശിഷ്യരായ കാൾഗുസ്തവ്യുങ്ങും (Carl Gustav Jung)ഡോ. ആൾഫ്റഡ് ഏഡ്ലറും (Dr Alfred Adler) ആണെന്നു് പറയാം.

ഗുരുവിന്റെ തത്വങ്ങളോടു് ഇവർ പൊതുവെ യോജിച്ചിരുന്നുവെങ്കിലും, വിശദാംശങ്ങളിൽ വിയോജിക്കുകയാണു് ചെയ്തതു്. ലൈംഗികാസക്തിക്കു് ഫ്റോയിഡ് കല്പിച്ച അമിതമായ പ്രാധാന്യത്തെ യുങ്ങും ഏഡ്ലറും ചോദ്യംചെയ്തതായി കാണാം. ഏഡ്ലറുടെ അഭിപ്രായത്തിൽ, അബോധമനസ്സിൽ കുടികൊള്ളുന്ന ഏററവും പ്രബലമായ ശക്തി ലൈംഗികാസക്തിയല്ല, മറിച്ച് അധമത്വസങ്കലനം (Inferiority complex)

ആകുന്നു. ഇതിന്നെതിരായുള്ള പോരാട്ടമാണ് മനസ്സിൽ സദാ നടക്കുന്നതു്. ഈ ശക്തി (Will-to-power) ബലഹീനമാകുമ്പോഴാണ് അസാധാരണ ചേഷ്ടകൾ പ്രകടമാകുന്നതു്. ഫ്റോയിഡിനെ വാനോളം പുകഴ്ത്തിയ വ്യാഖ്യാതാക്കളും ദുർല്ലഭമല്ല, ഇവരിൽ മുമ്പൻ ഏണസ്റ്റ് ജോൺസ്തന്നെയാണ്.

അബോധമനസ്സിൻെറ ഉള്ളടക്കത്തെയും പ്രവൎത്തനങ്ങളെയും കുറിച്ചുള്ള പ്രതിപാദനങ്ങളാണ് ഫ്റോയിഡിയൻ മനശ്ശാസ്ത്രത്തിൻെറ കാതൽ. മനുഷ്യൻെറ ചേഷ്ടകൾക്കു് രൂപഭേദം നല്കുന്നതു് മാനസിക സംഘഷങ്ങളാണെന്നു് ഫ്റോയിഡ് സിദ്ധാന്തിക്കുന്നു. നമ്മുടെ ദൈനന്ദിനചേഷ്ടകൾക്കു് ഊക്കും ഊർജ്ജവും പ്രദാനംചെയ്യുന്നതു് അബോധമനസ്സിൻെറ പ്രവൎത്തനങ്ങളാണെന്നു് സാരം. വിശദമായിപ്പറഞ്ഞാൽ, അന്തരംഗത്തിൻെറ അഗാധതയിൽ വെളിക്കുചാടാൻ തക്കം പാത്തു് നില്ക്കുന്ന സങ്കലനങ്ങളും (Complexes) ആത്മബോധവും (ego) തമ്മിൽ നടക്കുന്ന ഉഗ്രസമരത്തിൻെറ പരിണതഫലമാണ് സാധാരണവും അസാധാരണവുമായ ചേഷ്ടകൾ. അസാധാരണ പെരുമാററങ്ങൾക്കു് വിശദീകരണം നല്കുവാനാണ് ഫ്റോയിഡ് ആജീവനാന്തം ശ്രമിച്ചതു്. തന്നിമിത്തം ഇദ്ദേഹത്തെ അസാധാരണ മനശ്ശാസ്ത്രത്തിൻെറ പിതാവ് (Father of Abnormal psychology) എന്നു് പറഞ്ഞുവരുന്നു.

## മനസ്സിൻെറ പ്രവത്തനരംഗങ്ങൾ:

ബോധാവസ്ഥ, ഉപബോധാവസ്ഥ, അബോധാവസ്ഥ എന്നിങ്ങനെ മനസ്സിന്നു് മൂന്നു് തലങ്ങളുള്ളതായി ഫ്റോയിഡ് സങ്കല്പിക്കുന്നു. മനോവൃത്തികളുടെ വിവിധഘട്ടങ്ങളെയാണു് ഈ അവസ്ഥാന്തരങ്ങൾ പ്രതിനിധാനംചെയ്യുന്നതു്. അനുഭൂതി, സ്മരണ, ചിന്ത തുടങ്ങിയ മനോവ്യാപാരങ്ങളെല്ലാം ബോധാവസ്ഥയിൽ നടക്കുന്നവയാണു്. ആത്മാവലോകനംകൊണ്ടു് ഇവയുടെ പ്രകൃതി നമുക്കു് മനസ്സിലാക്കാൻ കഴിയും.

തൽക്കാലം ബോധാവസ്ഥയിൽ പെടാത്തതും എന്നാൽ ആവശ്യംവരുമ്പോൾ ബോധാവസ്ഥയെ പ്രാപിക്കുന്നതുമായ പല അനുഭൂതികളും മനസ്സിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. മനസ്സിൻെറ ഉപബോധതലത്തിലാണു് ഇവയുടെ കിടപ്പ്. ചരിത്രസംഭവങ്ങൾ, തീയതികൾ, ശാസ്ത്രസൂത്രങ്ങൾ തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ ഉപബോധമനസ്സാകുന്ന വെയിററിങ്ങ് റൂമിൽ കാത്തിരിപ്പുണ്ടു്. അപ്പപ്പോൾ ആവശ്യമുള്ള കാര്യങ്ങൾ ഈ കലവറയിൽനിന്നാണു് നാം തിരഞ്ഞെടുക്കുന്നതു്. അറിഞ്ഞതും അറിഞ്ഞുകൊണ്ടിരിക്കുന്നതുമായ എല്ലാററിനേയും ബോധതലത്തിൽ നിത്തുന്നതു് അനാവശ്യവും അനാശാസ്യവുമാണു്. എന്തുകൊണ്ടെന്നാൽ, ബോധാവസ്ഥയുടെ കാമശക്തിയെ അതു് പ്രതികൂലമായി ബാധിച്ചേക്കും. ബോധാവസ്ഥയുടെ ഊജ്ജസ്വലതയ്ക്കു് ഊനം തട്ടാതിരിക്കാൻ ചില കാര്യങ്ങൾ നാം ബോധപൂർവ്വം വിസ്മരിക്കാറുണ്ടു്. മററു ചില അനുഭൂതികളുടേയും അനന്തരഫല

ങ്ങൾ (after effects) ഉൾക്കൊള്ളുന്ന ഉപബോധമനസ്സ്, ബോധമനസ്സിനെ അപേക്ഷിച്ച് അതി സമ്പന്നമാണെന്നു് പറയാം.

അബോധമനസ്സിൻെറ ഉള്ളടക്കം ആത്മാവലോകനം കൊണ്ടു് അറിയാവുന്നതല്ല. അജ്ഞാതമായ ഒന്നാണത്രെ അതു്! ഇരിമ്പുമറക്കപ്പുറമാണ് അതിൻെറ കിടപ്പ്. ഇതിനെപ്പററി ബോധമനസ്സ് നല്കുന്ന സൂചനകൾ പോലും അപൂർണ്ണവും അവാസ്തവവുമാണെന്നാണ് ഫ്റോയിഡ് പറയുന്നതു്. മാത്രമല്ല മനസ്സിൻെറ യഥാർത്ഥപ്രകൃതി അബോധാവസ്ഥയാണെന്നും, ഏററവും സങ്കീർണ്ണമായ മനോവൃത്തികൾക്കു് പോലും ബോധാവസ്ഥയുടെ സഹായം വേണ്ടെന്നും ഫ്റോയിഡ് സിദ്ധാന്തിക്കുന്നു. ബോധമനസ്സിൻെറ പ്രവൃത്തികളായി കരുതപ്പെടുന്ന അനുഭൂതി, വിഭാവന, സ്മൃതി, വിസ്മൃതി ആദിയായ പ്രതിഭാസങ്ങൾക്കെല്ലാം അബോധമനസ്സുമായി ബന്ധമുണ്ടെന്നു് അന്ത്യവിശകലനത്തിൽ ബോദ്ധ്യമാകുമത്രെ! അബോധമനസ്സിലെ സങ്കലനങ്ങളാണ് നമ്മുടെ എല്ലാതരം ചേഷ്ടകളേയും നിയന്ത്രിക്കുന്നതു്? കാററിൽ പറക്കുന്ന പട്ടത്തെ കൈയിലുള്ള നൂലുകൊണ്ടു് നിയന്ത്രിക്കുന്നതുപോലെ, ബോധാവസ്ഥയുടെ നിത്യവൃത്തികളെ അബോധമനസ്സ് സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഉള്ളറയിൽ ഊളിയിട്ടു് ചലിക്കുന്ന ഈ നിഗൂഢശക്തിയാണ് നമ്മുടെ ദൈനംദിനജീവിതത്തെ ശല്യപ്പെടുത്തുന്നതു്. അജ്ഞരായ മനുഷ്യർ ഇവയെ ചെകുത്താൻെറ ചെപ്പടിവിദ്യകളായി തെററിദ്ധരിക്കുന്നുവെന്നുമാത്രം!

അബോധമനസ്സിലെ സങ്കലനങ്ങൾ മാനസിക സംഘർഷത്തിന്റെ അനന്തരഫലങ്ങളാണ് സാധാരണസ്ഥിതിയിൽ ബോധാവസ്ഥയെ പ്രാപിക്കാൻ കഴിയാത്ത ഈ ശക്തിവിശേഷത്തെ കണ്ടെത്തുവാനാണ് ഫ്രോയിഡ് ശ്രമിച്ചത്. ചേഷ്ടകൾക്ക് (behaviors) പ്രേരണയും പ്രചോദനവും നൽകുന്ന രഹസ്യകേന്ദ്രമത്രെ അബോധമനസ്സ ! അവിടെ നിക്ഷിപ്തമായ ആശയങ്ങൾ നിർജ്ജീവമോ നിശ്ചലമോ അല്ല. അവ അനുനിമിഷം വളന്നു ശക്തിയാർജ്ജിക്കുകയും ചേഷ്ടകൾക്കു രൂപഭേദങ്ങൾ നൽകുകയും ചെയ്യുന്നു. ബോധാവസ്ഥക്കു ദുർഗ്രഹമായ ഒരു അവസ്ഥാവിശേഷമാണിതു്. അതിനാൽ പരോക്ഷമായ മാർഗ്ഗത്തിലൂടെ, അതായതു് സ്വപ്നവ്യാഖ്യാനം മാനസികാപഗ്രഥനം തുടങ്ങിയ ഉപാധികൾകൊണ്ടു് അബോധമനസ്സിൻെറ ഉള്ളടക്കത്തെ വിശകലനം ചെയ്തു് ഓരോ മനുഷ്യനും ഓരോ തരത്തിൽ പെരുമാറുന്നതിൻെറ കാരണങ്ങൾ ഗ്രഹിക്കണമെന്നു് ഫ്രോയിഡ് പ്രസ്താവിക്കുന്നു.

**മാനസിക സംഘർഷങ്ങൾ:**

മാനസികസംഘർഷങ്ങളാണു് അബോധമനസ്സിന്നു് കാരണമായിത്തീരുന്നതു്. സംഘർഷങ്ങളാകട്ടെ മനുഷ്യപ്രകൃതിയെ സംബന്ധിച്ചേടത്തോളം അനിവാര്യവുമാണ്. പരസ്പരവിരുദ്ധമായ ആശയങ്ങൾ തമ്മിൽ മല്ലടിക്കുന്ന ഒരു കളരിയത്രെ മനുഷ്യമനസ്സ്. തൊട്ടിൽമുതൽ ചുടലവരെ നിലനില്ക്കുന്ന ഈ സംഘർഷാവസ്ഥ മനോജ്ഞത്തെ കാർന്നുതിന്നുന്ന ഒരുതരം ചിതലാണെന്നു് പറ

യാം. അബോധമനസ്സ് സംജാതവും സമ്പുഷ്ടവുമാകുന്നതുതന്നെ മാനസിക സംഘഷങ്ങൾനിമിത്തമത്രെ. ജീവിതം എത്രത്തോളം സങ്കീണ്ണവും പരിഷ്കൃതവമാകുന്നുവോ, അത്രത്തോളം സംഘഷത്തിന്നും കാഠിന്യം കൂടുന്നു. പ്രാകൃതികയുഗത്തിൽ ജീവിതം ലളിതവും സരളവുമായിരുന്നു. ഏതെങ്കിലും ഒരു കാര്യത്തിൽ തീരുമാനമെടുക്കാൻ അന്നു് വൈഷമ്യമുണ്ടായിരുന്നില്ല. കാരണം ലക്ഷ്യവും മാഗ്ഗവും അന്നു് പരിമിതമായിരുന്നു. ഇന്നാകട്ടെ, പരിഷ്കാരത്തിൻെറ തീച്ചൂളയിൽ വെന്തുരുകുകയാണു് മനുഷ്യമനസ്സ്. എന്തുചെയ്യണം? എങ്ങിനെ ചെയ്യണം? ഇത്യാദി ചോദ്യങ്ങൾ അനുനിമിഷം മനസ്സിനെ ശല്യപ്പെടുത്തുന്നു. തന്നിമിത്തം സംഘഷാവസ്ഥ അനിവാര്യമായിത്തീരുന്നു.

ജന്മസിദ്ധമായ ചില വാസനകൾ (Instinct) തന്നെ പരസ്പരവിരുദ്ധമായി പ്രവത്തിക്കുന്നതായി കാണാം. കൗതുകവാസന തീ തൊടാനും, ആത്മരക്ഷാവാസന അതിൽനിന്നു് പിന്തിരിയാനും പ്രേരിപ്പിക്കുന്നു. അക്രമാസക്തി സമരത്തിനും, വിധേയത്വം സമാധാനത്തിന്നും പ്രചോദനം നല്കുന്നു. സാമൂഹ്യജീവിയായ മനുഷ്യന്നു് തൻെറ ഇംഗിതത്തിനൊത്തു് വത്തിക്കുവാൻ വയ്യല്ലോ. മതപരവും. ധാമ്മികവും, രാഷ്ട്രീയവും, സാമൂഹ്യവുമായ നിയമങ്ങളും ചട്ടങ്ങളുമെല്ലാം വ്യക്തിയുടെ ജന്മവാസനകളെ നിയന്ത്രിക്കുകയോ സംസ്കരിക്കുകയോ ചെയ്യുന്നവയാണു്. ഏകഭാര്യത്വം. ജനാധിപത്യം, സ്ഥിതിസമത്വം, സഹവത്തിത്വം എന്നുവേണ്ട സാമൂഹ്യമായി ന്യായീകരിക്കാവുന്ന സകലതും വ്യക്തികളുടെ

ആ് ജന്മവാസനകളെ കടിഞ്ഞാണിട്ട് പിടിക്കുകയാണു് ചെയ്യുന്നതു്. മൈഥുനവാസന വ്യഭിചാരത്തിന്നും, ധാർമ്മികമൂല്യങ്ങൾ പാതിവ്രത്യത്തിന്നും പ്രേരണനൽകുന്നു. ദാരിദ്ര്യം മോഷണത്തേയും, സാമൂഹ്യനിയമങ്ങൾ സത്യസന്ധതയേയും പ്രോത്സാഹിപ്പിക്കുന്നു ധനമോഹം കരിഞ്ചന്തയ്ക്കു് പ്രേരണനല്കുമ്പോൾ, ശിക്ഷാഭയം അതിനെ തടയുന്നു. ഇങ്ങിനെ നോക്കിയാൽ, "ഇടതിങ്ങിനില്ക്കുന്ന നീതികൾ, നിയമങ്ങൾ, ഇടമില്ലവക്കൊന്നു് കാലുകുത്താൻ" എന്നു് ഏഴകളെപ്പററി ചങ്ങമ്പുഴ പാടിയതു് മനുഷ്യരാശിക്കു് മുഴവൻ ബാധകമാണെന്നു് തോന്നും. സംഘഷങ്ങളുടെ സന്താനമാണു് അബോധമനസ്സ്. അന്യഥാ വ്യഖ്യാനിക്കാനാവാത്ത വിചിത്ര ചേഷ്ടകളെല്ലാം അബോധമനസ്സിൻെറ പ്രക്രിയകളത്രെ!

## സംഘഷത്തിൻെറ ഭവിഷ്യത്തുകൾ

സംഘഷാവസ്ഥ കഴിയുംവേഗം അവസാനിപ്പിക്കുവാനാണു് മനുഷ്യൻ സ്വാഭാവികമായും ശ്രമിക്കുക. അതിനാൽ വിദഗ്ദ്ധമായ ആശയങ്ങളിൽ ചിലതിനെ സ്വീകരിക്കുകയും മററുള്ളവയെ ത്യജിക്കുകയും ചെയ്യുന്നു. കുറഞ്ഞ വരുമാനമുള്ള ഒരു ഉദ്യോഗസ്ഥ നല്ലൊരു സാരി വാങ്ങാൻ ആഗ്രഹിക്കുന്നുവെന്നു് വിചാരിക്കുക. സാമൂഹ്യമായ അന്തസ്സ് നിലനിത്താൻ അവൾക്കു് ആവശ്യമാണുതാനും. പക്ഷെ, തന്നെ ആശ്രയിച്ച് കഴിയുന്ന കുടുംബാംഗങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ച് അവൾ ചിന്തിക്കുകയായി. സാരിവാങ്ങിയാൽ തൻെറ ആശ്രിതർ കഷ്ടപ്പെടും; വാങ്ങാതിരുന്നാൽ അന്തസ്സിന്നു് ഹാനിതട്ടും.

അപ്പോൾ തന്റെ ചുമതലകളും അഭിലാഷവും തമ്മിൽ സംഘട്ടനമായി. ഏതെങ്കിലും ഒന്നു് തീരുമാനിച്ച് അവൾ സംഘർഷാവസ്ഥ ഒഴിവാക്കുന്നു. അപ്പോൾ അമർത്തപ്പെട്ട ആശയം ക്രമേണ അബോധാവസ്ഥയെ പ്രാപിച്ച് അവളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു അമത്തപ്പെട്ട ഒരേതരം ആശയങ്ങൾ ഒന്നിച്ചു ചേരുമ്പോഴാണു് സങ്കലനങ്ങൾ ഉണ്ടാകുന്നതു്. ആശ്ചര്യജനകമായ ചേഷ്ടകൾക്കെല്ലാം കാരണം ഇത്തരം സങ്കലനങ്ങളാണത്രെ!

സങ്കലനങ്ങൾക്കു് വഴിവെക്കുന്നതു് സംഘർഷങ്ങളാണെന്നു് കണ്ടുവല്ലോ. സംഘർഷങ്ങളാവട്ടെ വേദനാജനകവും നാശകാരിയുമാണ്. ഇതു് നിമിത്തം മാനസികോർജ്ജം നഷ്ടപ്പെടുകയും വ്യക്തിത്വം വിഭക്തമായിത്തീരുകയും ചെയ്യുന്നു. അപ്പോൾ പരിതഃസ്ഥിതിയുടെ വെല്ലുവിളിയെ ഫലപ്രദമായി നേരിടാൻ സാധിക്കാതെ വരുന്നു. സംഘർഷങ്ങൾ ഒഴിവാക്കാനായി ഒത്തുതീർപ്പിലെത്താൻ ശ്രമിക്കുമ്പോഴെല്ലാം പരാജിതശക്തികൾ അബോധമനസ്സിൽ അഭയം നേടി പടയൊരുക്കങ്ങളാരംഭിക്കുന്നു.

അമർത്തപ്പെട്ട ആശയങ്ങൾക്കു് ബോധാവസ്ഥയെ പ്രാപിക്കണമെങ്കിൽ, ഉപബോധാവസ്ഥയുടെ സഹായം വേണം. ഉപബോധാവസ്ഥയെ ഒരു സ്വീകരണമുറിയോടും അബോധാവസ്ഥയെ അതിന്നുമുൻവശമുള്ള വിശാലമായ മറെറാരു മുറിയോടും ഫ്രോയിഡ് ഉപമിക്കുന്നു. ഈ മുറികൾക്കിടയിൽ ഒരു കാവല്ക്കാരൻ (Censor

Jawahar Balbhavan & Children's Library, 5355
KOTTAYAM.


നിൽപ്പുണ്ട്. അബോധാവസ്ഥയെ പ്രാപിച്ചിട്ടുള്ള മർദ്ദിതാശയങ്ങളുടെ പ്രവേശനത്തെ തടയുകയാണ് ഈ സെൻസറുടെ ജോലി. അതിനാൽ ഭഗ്നാശരാകുന്ന ഫ രജിക്കാരെല്ലാം (മർദ്ദിതാശയങ്ങളെല്ലാം) വേഷപ്രച്ഛ ന്നരായി വെളിക്കു ചാടാൻ ശ്രമിക്കുന്നു. വിചിത്രശീ ലങ്ങളും (mannerisms) സ്വപ്നങ്ങളുമെല്ലാം അബോ ധമനസ്സിൻെറ പ്രച്ഛന്നപ്രകടനങ്ങളത്രെ!

വിചിത്രശീലങ്ങളും സ്വപ്നങ്ങളുമെല്ലാം പ്രതീകാ ത്മകമാണെന്നാണ് ഫ്രോയിഡിൻെറ പക്ഷം. അതി നാലാണ് അവയുടെ തനിനിറം ഗ്രഹിക്കുവാൻ നമുക്കു് സാധിക്കാത്തതു്. കാവൽക്കാരനും ഇക്കാര്യത്തിൽ നി സ്സഹായനാണ്. ഒരേതരത്തിൽപെട്ട മർദ്ദിതാശയങ്ങൾ ഒന്നിച്ച് ചേർന്നാണ് സങ്കലനങ്ങൾ (Complexes) ഉ ണ്ടാകുന്നതെന്നു് ഗ്രഹിച്ചുവല്ലോ. പലതരം സങ്കലന ങ്ങളും അബോധമനസ്സിൽ കുടികൊള്ളുന്നു. ഇവയിൽ ഫ്രോയിഡിനെ സംബന്ധിച്ചേടത്തോളം, അതിപ്രധാന മായതു് ലൈംഗികസങ്കലനമാണ്.

അതിനാൽ മിക്കവിചിത്ര ശീലങ്ങളും, സ്വപ്നങ്ങ ളും ലൈംഗികപ്രാധാന്യമുള്ളവയാണെന്നു് ഫ്റോയി ഡ് സിദ്ധാന്തിക്കുന്നു. കുട, വടി, കത്തി, കഠാരം, വാള് തുടങ്ങിയ ശക്തിയും ദൈർഘ്യവുമുള്ള വസ്തുക്കൾ പു ല്ലിംഗത്തേയും; പെട്ടി, ഡപ്പി, അളുക്ക്, പാത്രം മുറി തുടങ്ങിയ പൊള്ളയായ വസ്തുക്കൾ സ്ത്രീലിംഗത്തേയും പ്ര തിനിധാനം ചെയ്യുന്നു. രാജാവ് അച്ഛനേയും, രാജ്ഞി

അമ്മയേയും, വീഴ്ച ആത്മാഭിമാനത്തിൻെറ പതനത്തേയും കുറിക്കുന്നു.

## ലൈംഗികാസക്തി മുഖ്യപ്രധാനം

ഫ്റോയിഡിൻെറ അഭിപ്രായത്തിൽ, സംഘർഷത്തിനിടനല്കുന്ന ഏറ്റവും ശക്തമായ വാസന ലൈംഗികമാണു്. ആജീവനാന്തം സജീവമായി വർത്തിക്കുന്ന ഈ വാസന വളർച്ചയുടെ വിവിധഘട്ടങ്ങളിൽ വ്യത്യസ്തമായ രൂപം കൈക്കൊള്ളുന്നു. ശിശുക്കളുടെ അരൂപവും അനിശ്ചിതവുമായ പ്രതികരണങ്ങളിലെല്ലാം ഫ്റോയിഡ് ലൈംഗികാസക്തി ദർശിക്കുന്നു. മാതാവിൻെറ ലാളനങ്ങളും സ്തന്യദാനവും ശിശുവിൻെറ ലൈംഗികദാഹം ശമിപ്പിക്കുന്നു. മൈഥുനവാസനയുടെ അധരഘട്ട (Oral Stage) മാണത്രെ ഇതു്. രണ്ടാമത്തെ ഘട്ടം (Anal Stage) വിസർജ്ജനാവയവങ്ങളോട് ബന്ധപ്പെട്ടതാണു്. ഈ ഘട്ടത്തിൽ വിസർജ്ജനാവസരങ്ങളിലും ശിശുവിന്നു് ലൈംഗികസുഖം ലഭിക്കുന്നു. അടുത്തഘട്ടം (Phallic Stage) ജനനേന്ദ്രിയങ്ങളുടേതുതന്നെ.

ഇങ്ങിനെ പടിപടിയായി വളർന്നുവരുന്ന ലൈംഗികാസക്തി പല വിചിത്ര രാഗവാസ്സുകൾക്കും കാരണമായിത്തീരുന്നു. സ്വജാതിരാഗവും (Homo Sexuality) പരജാതിരാഗവും (Hetero Sexuality) ഇവയിൽ പ്രധാനമാണു്. മനുഷ്യൻ അവൻെറ ആയുഷ്കാലം മുഴുവൻ ഈ രാഗദ്വയങ്ങൾക്കിടയിൽ കറങ്ങിക്കൊണ്ടിരിക്കുകയാണെ

ന്നും, ഇവയിൽ ഒന്നിലുള്ള നിരാശയോ, പരാജയമോ ആണു് മറേറതിലേക്കു് ആനയിക്കുന്നതെന്നും ഫ്റോയിഡ് പറയുന്നു.

പരാജിതരാഗം വിചിത്രമായ രാഗദ്വേഷാദി വികാരങ്ങൾക്കുകൂടി വഴിവെക്കുന്നു. മകൾ അച്ഛനേയും, മകൻ അമ്മയേയും പ്രേമിക്കുന്നു. അതിനാൽ മകൾ അമ്മയേയും, മകൻ അച്ഛനേയും വെറുക്കുകയും ചെയ്യുന്നു. തൻെറ അച്ഛനെ കൊല്ലുകയും, അമ്മയെ വിവാഹം ചെയ്യുകയും ചെയ്ത ഐതിഹാസിക പുരുഷനായിരുന്നു ഈഡിപസ്. അതിനാൽ ശിശുക്കളിൽ പ്രകടമായി കാണുന്ന ഈ വിചിത്രവികാരങ്ങളെ ഫ്റോയിഡ് ഈഡിപസ് സങ്കലനം (Oedipus Complex)എന്നു് വിശേഷിപ്പിച്ചിരിക്കുന്നു. സാമൂഹ്യനിയമങ്ങളുടേയും, ആത്മാഭിമാനത്തിൻേറയും നിഷ്ഠൂരഹസ്തങ്ങളാൽ നിഹനിക്കപ്പെടുന്ന ഈ ലൈംഗികാസക്തി പ്രതികാരവാഞ്ഛയോടെ ഒതുങ്ങിയിരിക്കുന്നു. സമുദായദൃഷ്ടിയിൽ ലജ്ജാവഹമോ, അധാർമ്മികമോ ആയ കൃത്യങ്ങളിൽനിന്നു് വിട്ടുനില്ക്കാൻ ബോധമനസ്സു് (ഫ്റോയിഡിൻെറ ഭാഷയിൽ ഇഗോ) ഉപദേശിക്കുന്നതുകൊണ്ടാണു് ഇപ്രകാരം സംഭവിക്കുന്നതു്. അമർത്തപ്പെട്ട ഈദൃശാശയങ്ങൾ അടികൊണ്ട പാമ്പിനെപ്പോലെ, അബോധമനസ്സിലേക്കു് ഇഴഞ്ഞിറങ്ങി പ്രതികാരം ചെയ്യാൻ അവസരം കാത്തിരിക്കുന്നു.

**അബോധമനസ്സിൻെറ പ്രക്രിയകൾ:**

കിറുക്കെന്നു് വിശേഷിപ്പിക്കാവുന്ന പല വിചിത്ര ശീലങ്ങളും വെച്ചുപുലർത്തുന്ന പലരേയും നാം ദിവസേനയെന്നോണം കാണാറുണ്ട്. ഇവക്കുള്ള കാരണമെന്തെന്നു് നമുക്കോ അവർക്കോ അറിയുകയില്ല. ഇത്തരക്കാരെ അനുകമ്പയോടെ വീക്ഷിക്കുന്നതിന്നു പകരം അവജ്ഞയോടെ അകററുകയാണു് നാം ചെയ്യാറു്. ഫ്റോയിഡാവട്ടെ അബോധമനസ്സിൻെറ പ്രക്രിയകളായി ഇവയെ കാണുന്നു ശിശുക്കളുടെ ശീലക്കേടുമുതൽ (Temper Tantreng) വയോവൃദ്ധരുടെ ദുശ്ശീലങ്ങൾവരെയുള്ള സകലതിനും ഫ്റോയിഡ് അബോധമനസ്സിനേയും അതിന്നിടയാക്കിയ മാനസിക സംഘർഷങ്ങളെയും പഴിക്കുന്നു.

പാലും പഴവും ശിശുക്കൾക്കു് ഹൃദ്യമായ വസ്തുക്കളാണല്ലോ. ഇവ ഇഷ്ടപ്പെടാത്ത ശിശുക്കളേയും നാം കാണാറില്ലെ? അരോഗദൃഢഗാത്രരായ ശിശുക്കൾ ഇപ്രകാരം പ്രതികരിക്കുമ്പോൾ നമുക്കു് .അത്ഭുതം തോന്നും എന്നാൽ ഫ്റോയിഡിന്നു് ഇതിൽ ആശ്ചര്യമേയില്ല. കാരണം, വളർന്നുവരുന്ന അബോധമനസ്സിൻെറ പ്രക്രിയയാണതു്. മുമ്പു് ഈ പദാർത്ഥങ്ങൾ നല്കിയതു് ശിശുവിൻെറ ഹൃദയത്തെ വേദനിപ്പിച്ചോ, അനിഷ്ടസംഭവങ്ങളുമായി ബന്ധപ്പെട്ടത്തിയോ ആയിരിക്കുമെന്നും, അതിനാലാണു് ഇത്തരം വിചിത്ര പ്രതികരണങ്ങൾ ഉണ്ടാകുന്നതെന്നും ഫ്റോയിഡ് പറയുന്നു. ചില വസ്തുക്കളോടു് അറപ്പും, ദാതാക്കളോടു് വെറുപ്പും ശിശുക്കൾക്കു

ണ്ടാകുന്നതു് അനിഷ്ടസംഭവങ്ങളോട്ട് അവ ബന്ധപ്പെട്ട പ്പോഴാണു്. ഇക്കാര്യം ഗ്രഹിക്കാതെ മാതാപിതാക്കൾ ശിശുക്കളെ കണ്ടമാനം തല്ലുന്നതുകൊണ്ടു് സ്ഥിതി കൂടുതൽ വഷളാകുകയേ ഉള്ളൂ.

മുതിർന്നവരിൽ കാണപ്പെടുന്ന വിചിത്രശീലങ്ങൾ അകാരണമായി ഉണ്ടാകുന്നവയല്ല. ദിവസേന പലപ്രാവശ്യം കുളിക്കുന്നവരേയും ഇടക്കിടെ കൈ കഴുകിക്കൊണ്ടിരിക്കുന്നവരേയും കാണാറുണ്ടല്ലോ. പ്രത്യക്ഷത്തിൽ കായികശുചീകരണമാണെന്നു് തോന്നുന്ന ഈദൃശപ്രവൃത്തികൾ കുററബോധമുള്ള മനസ്സിൻെറ ശുദ്ധികാര്യങ്ങളത്രെ! തലചൊറിയൽ, കൈകാലുകൾ ഇളക്കൽ, ചുമലനക്കൽ, വിക്കൽ, അസാധാരണമായ ഇമവെട്ടൽ. അസ്വാസ്ഥ്യം, അനാവശ്യമായ ഉല്ക്കണ്ഠ, അസാധാരണ ഭയം, തുടങ്ങിയ വിചിത്രചേഷ്ടകൾക്കെല്ലാം കാരണവും മാനസിക സംഘർഷങ്ങൾതന്നെ. പുരുഷൻ സ്ത്രീയുടേയും, സ്ത്രീ പുരുഷൻെറയും സാന്നിദ്ധ്യത്തെ വെറുക്കുന്നതും, മുറുകെപ്പിടിച്ച പേന താനിയെ വീണുപോകുന്നതും, നാക്കോളംവന്ന വാക്കു് വിസ്മരിക്കുന്നതും, ഉദ്ദേശിക്കാത്ത വാക്കുകൾ അധരങ്ങളിൽനിന്നു് വഴുതിവീഴുന്നതും അകാരണമായിട്ടല്ല. അവിചാരിതമാണെന്നു് നമുക്കു് തോന്നുന്ന ഈ ചേഷ്ടകളെല്ലാം അബോധമനസ്സിൻെറ പ്രക്രിയകളത്രെ! ഇതുപോലെ പുസ്തകാദികൾ മലീമസമാക്കൽ, അസാധാരണ വിസ്മൃതി, വാഗ്സ്ഖലനം, ചില പ്രവൃത്തികൾ ചെയ്യുന്നതിൽ കാണപ്പെടുന്ന വൈമനസ്യം, പ്രത്യേക വിഷയങ്ങളിലുള്ള അതിരററ അഭിനിവേശം. സ്ത്രീകളുടെ വിനയനാട്യം (Prudery) തീവ്രമായ ഭാവാത്മകത (Expreme

moodiness) മൗഢ്യം (Gloom) സ്വഭാവദൂഷ്യങ്ങൾ എന്നിവയ്ക്കെല്ലാം പിന്നിൽ വൈകാരിക സംഘർഷത്തിന്റെ നിഗൂഢഹസ്തങ്ങൾ പ്രവർത്തിക്കുന്നുണ്ടത്രെ. അമിതമായ ശുചിത്വബോധം കുററബോധത്തെയും, സാഹസവൃത്തികൾ അധമത്വബോധത്തെയും (Sense of inferiority) സ്ത്രീകളുടെ വിനയനാട്യം മൈഥുനവാസനയേയും, കുററാരോപണം (Projection) സ്വന്തം തെററുകളേയും, വിസ്മൃതി വൈമനസ്യത്തേയും മറച്ചുവെക്കാനുള്ള തന്ത്രങ്ങളാണ്. ഇത്തരം നടപടികളെ ഫ്റോയിഡ് പ്രതിരോധനടപടികളെന്ന് (Defence mechanism) വിശേഷിപ്പിച്ചിരിക്കുന്നു.

സൂക്ഷ്മമായി പരിശോധിച്ചാൽ തെണ്ടൽ, കള്ളംപറയൽ, മോഷണം തുടങ്ങിയ സാമൂഹ്യവിരുദ്ധ വൃത്തികളെല്ലാം അബോധമനസ്സ് ആസൂത്രണംചെയ്ത തന്ത്രങ്ങളാണെന്ന് കാണാം. അനാശാസ്യമായ ഏതു് വൃത്തിക്കും ഫ്റോയിഡ് അബോധമനസ്സിനെയാണ് കുററപ്പെടുത്തുന്നതു്. ടിക്കററ് വാങ്ങാതെ യാത്രചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടേയും, സർക്കാറിനെ നികുതിപററിക്കുന്ന വ്യാപാരികളുടേയും, കടംവാങ്ങിയ സാധനങ്ങൾ തിരിച്ചുകൊടുക്കാത്ത മാന്യന്മാരുടേയും, വാഗ്ദത്തലംഘനംചെയ്യുന്ന സ്ഥാനികളുടേയും അന്തരംഗങ്ങളിൽ എന്തോ ചില പ്രഹസനങ്ങൾ നടക്കുന്നുണ്ടത്രെ! പാവം മനുഷ്യർ, ഇവരെന്തുപിഴച്ചു! സുബോധമില്ലാത്ത ഇവരെ സർക്കാർ എന്തിന്നു് ശിക്ഷിക്കുന്നു! എന്നൊക്കെ പറഞ്ഞുപോകും.

എന്നിരുന്നാലും രോഗികളെ ജയിലിലേക്കും, കുററവാളികളെ ആശുപത്രിയിലേക്കും അയക്കണമെന്ന റൂസ്സോവിൻെറ അഭിപ്രായം സ്മരിക്കുമ്പോൾ, നമുക്ക് അബോധമനസ്സിൻെറ കത്താവിനോട്ട് ആദരവേതോന്നുകയുള്ളൂ.

അദ്ധ്യായം രണ്ടു്

# അബോധമനസ്സും മാനസികരോഗങ്ങളും

പരിഷ്കാരത്തിൻെറ മുന്നേററത്തോടൊപ്പം മാനസികരോഗങ്ങളുടെ എണ്ണവും തരവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതായിക്കാണാം. ഊളൻപാറയിലും കുതിരവട്ടത്തും കാണപ്പെടുന്ന തിക്കും തിരക്കും ഇതിന്നു് ദൃഷ്ടാന്തങ്ങളാണ്, ചിത്തരോഗാസ്പത്രികളുടെ ഭിത്തിക്കുള്ളിൽ ഒതുങ്ങി ജീവിക്കുന്ന നിർഭാഗ്യവാന്മാർ മാനസികരോഗികളിൽ ഒരു ന്യൂനപക്ഷം മാത്രമാണ്. ഗൃഹാന്തരങ്ങളിൽ ഒററപ്പെട്ടു കഴിയുന്ന ഭൂരിപക്ഷത്തിൻെറ കാര്യം നാം അത്ര ഗൗനിക്കാറില്ല. സമുദായദൃഷ്ടിയിൽ അനഭിലഷണീയരായവർ മാത്രമേ ഭ്രാന്താസ്പത്രികളിൽ എത്താറുള്ളു.

ഫ്രോയിഡിയൻ തത്വങ്ങളുടെ വെളിച്ചത്തിൽ, ആഗോള ജനസംഖ്യയുടെ ഗണ്യമായൊരു വിഭാഗം മനോവ്യാധി പിടിപ്പെട്ടവരാണെന്നു് പറയാം.

സിരാമണ്ഡലത്തിൻെറ വിശേഷിച്ചും കേന്ദ്രസിരാമണ്ഡലത്തിൻെറ, പ്രവത്തനത്തിലുള്ള തകരാറുകൾനിമിത്തമാണ് മാനസികരോഗങ്ങൾ ഉണ്ടാകുന്നതെന്നു് പരക്കെ വിശ്വസിച്ചിരുന്നു. അബോധമനസ്സുമായി ഫ്രോയിഡ് രംഗപ്രവേശനം ചെയ്തതോടെ മനശ്ശാസ്ത്രജ്ഞന്മാരുടെ ചിന്താഗതിയിൽ ഗണ്യമായ മാററമുണ്ടായി. ഏതാനും ചില രോഗങ്ങൾ ഒഴിച്ച് മറെറല്ലാം ക്രമരഹിതമായ മനസ്സിൻെറ പേക്കൂത്തുകളാണെന്നു് ഇപ്പോൾ പൊതുവെ സമ്മതിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഇതരകാരണങ്ങളാൽ ഉണ്ടാകുന്ന മാനസികരോഗങ്ങൾക്ക് പോലും രോഗിയുടെ വ്യക്തിത്വത്തോട് ബന്ധമുണ്ടെന്നു് തെളിഞ്ഞിട്ടുമുണ്ട്. രോഗമുണ്ടാകുമ്പോൾ കാണപ്പെടുന്ന അസാധാരണചേഷ്ടകൾ രോഗിയുടെ വ്യക്തിത്വത്തിൻെറ ബഹിർപ്രകടനങ്ങളാണെന്നു് പറയാം. ചില ശാരീരികരോഗങ്ങൾക്കുപോലും കാരണം മാനസികാസ്വസ്ഥതകളാണെന്നു് ഇപ്പോൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ മനോവ്യാപാരങ്ങളാണു് രോഗങ്ങൾക്കു് പ്രധാനകാരണമെന്നു് ഊഹിക്കുന്നതിൽ തെററില്ല. ഫ്റോയിഡിൻെറ അഭിപ്രായത്തിൽ മനോരോഗങ്ങളുണ്ടാകുന്നതും ചില ദേഹാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെടുന്നതും അബോധമനസ്സിൻെറ പ്രവത്തനങ്ങൾ കൊണ്ടാണ്.

## മനോരോഗികളെ എങ്ങിനെ തിരിച്ചറിയാം

ചേഷ്ടകളിൽ കാണപ്പെടുന്ന അസാധാരണത്വം (Abnormality) മനസ്സിൻെറ ക്രമക്കേടുകളെ പരസ്യപ്പെടുത്തുന്ന ചൂണ്ടുപലകയാണ്. അനിതരസാധാരണമായ പെരുമാററം മാനസികരോഗത്തിൻെറ ലക്ഷണമാണെന്ന് പൊതുവെ പറയാം. എന്നാൽ മാനസിക കഴിവുകളിൽ സാധാരണക്കാരൻെറ (Normal person) മുമ്പിലോ പിമ്പിലോ നില്ക്കുന്നവരെ രോഗികളായി കരുതുന്നതു് അബദ്ധമായിരിക്കും. ബുദ്ധിശക്തിയിലുള്ള ഏററക്കുറച്ചിൽ മാനസികരോഗത്തിൻെറ ലക്ഷണമേ അല്ല. ക്രമരഹിതമായ മനോവൃത്തികളുടെ ഫലമായി പ്രകടമാകുന്ന വിചിത്രചേഷ്ടകളെ മാത്രമെ അസാധാരണമെന്നു് പറഞ്ഞുകൂട്ട. സാധാരണ ചേഷ്ടകളിൽനിന്നു് അധികം വ്യത്യസ്തമല്ലാത്തവയെ രോഗലക്ഷണങ്ങളായി തെററിദ്ധരിക്കരുതു്. എന്നാൽ സാമൂഹ്യവിരുദ്ധമായ ചേഷ്ടകൾ അസാധാരണമാണെന്നു് കരുതുന്നതിൽ തെററില്ല.

ഇപ്രകാരം നിർണ്ണയിക്കുന്നതുതന്നെ സാഹചര്യങ്ങളുടെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടാവണം. അല്ലാത്തപക്ഷം പ്രകോപനംകൊണ്ടു് തല്ലുന്നവരേയും, ദാരിദ്ര്യംകൊണ്ടു് മോഷ്ടിക്കുന്നവരേയും, ആത്മരക്ഷാൎത്ഥം കള്ളം പറയുന്നവരേയും മാനസികരോഗികളായി കരുതേണ്ടിവരും.

അസാധാരണത്വം നിർണ്ണയിക്കുവാനുള്ള മറെറാരു മാൎഗ്ഗം പ്രത്യേകതകൾ പ്രകടിപ്പിക്കുന്ന വ്യക്തി

കളുടെ മനോഗതി ആരായുകയാണ്. എന്തോ ചില തകരാറുകൾ തങ്ങൾക്കുണ്ടെന്ന് കരുതുന്ന വ്യക്തികളെ കാണാം. ഇവർ മാനസികരോഗികളാണെന്നുവരാം. എന്നാൽ തങ്ങൾക്ക് യാതൊരു തകരാറുമില്ലെന്ന് ഉറച്ച് വിശ്വസിക്കുന്ന മാനസികരോഗികളും സുലഭമാണ്. അതിനാൽ വ്യക്തിയുടെ അഭിപ്രായത്തെ ആസ്പദമാക്കി അസാധാരണത്വം നിർണ്ണയിക്കുന്നതും ശരിയായില്ലെന്ന് വരാം. ഇങ്ങിനെ നോക്കിയാൽ മാനസികരോഗികളെ വിശേഷിച്ചും ലഘുവായ മാനസികരോഗമുള്ളവരെ തിരിച്ചറിയാൻ വിഷമമാണെന്ന് കാണാം. അതിനാൽ സൂക്ഷ്മമായ നിരീക്ഷണത്തിന്നും പഠനത്തിന്നും ശേഷം മാത്രമെ മാനസികരോഗികൾ ആരെന്ന് തീരുമാനിക്കാവൂ.

## രോഗങ്ങളുടെ തരങ്ങൾ

ശാരീരികരോഗങ്ങളെ നിസ്സാരമായവ, സാരമായവ എന്നിങ്ങനെ അവയുടെ കാഠിന്യമനുസരിച്ച് നാം തരംതിരിക്കാറുണ്ട്. ജലദോഷം, തലവേദന, മലബന്ധം തുടങ്ങിയവ നിസ്സാരരോഗങ്ങളാണെങ്കിൽ, വിഷപ്പനി, വിഷൂചിക, ഹൃദ്രോഗം, ക്ഷയം തുടങ്ങിയവ സാരമായവയുടെ മുന്നോടികളോ, ലക്ഷണങ്ങളോ ആണെന്നും വരാം. തലവേദന ഒരു രോഗമേ അല്ലെന്നും മറ്റേതോ രോഗത്തിൻെറ മുന്നോടിയോ, അനന്തരഫലമോ ആണെന്നും നാം പറയാറില്ലേ? ഈ വ്യത്യാസങ്ങൾ മാനസികരോഗങ്ങൾക്കും ബാധകമാണ്. മാനസികരോഗങ്ങളെ രണ്ടായി തരംതിരിക്കാം. 1. പ്രതിരോധ

തന്ത്രങ്ങൾ (Defence mechanisms) 2, മനസ്സിൻെറ ക്രമക്കേടുകൾ (Mental disorders) രണ്ടാമത്തെ ഇനത്തിൽ പെട്ട രോഗങ്ങളെ ഞരമ്പുരോഗങ്ങൾ (Neuroses), മസ്തിഷ്കരോഗങ്ങൾ (Organic psychoses . മനോവൃത്തിരോഗങ്ങൾ (Functional psychoses) എന്നിങ്ങനെ മൂന്നായും തരംതിരിക്കാവുന്നതാണ്. ഇവയിൽ പ്രതിരോധതന്ത്രങ്ങളെ രോഗലക്ഷണങ്ങളായും, ഞരമ്പുരോഗങ്ങളെ നിസ്സാരമായ വ്യാധികളായും, മസ്തിഷ്കരോഗങ്ങളേയും മനോവൃത്തിരോഗങ്ങളേയും സാരമായ ഭ്രാന്തായും കരുതാം.

## 1 പ്രതിരോധതന്ത്രങ്ങൾ

മനുഷ്യൻെറ മൗലികപ്രശ്നങ്ങളിൽ ഒന്ന് പരിതഃസ്ഥിതിയുമായി എങ്ങിനെ ഇണങ്ങി വത്തിക്കാം എന്നതാണ്. വിശേഷബുദ്ധിയുള്ള മനുഷ്യനെ സംബന്ധിച്ചേടത്തോളം നിസ്സാരമായ ഒരു കാര്യമാണിതെന്ന് വരാം. എന്നിരുന്നാലും സങ്കീർണ്ണമായ ജീവിതത്തിൽ ഇതും ദുഷ്കരമായ ഒന്നായിത്തീരുന്നു. വൈഷമ്യമേറിയ ഈ കൃത്യത്തിൽ വിജയവും പരാജയവും സാധാരണയാണ്. കിടമാത്സര്യത്തിൻെറ കേളീരംഗമായ ഈ ഭൂമിയിൽ അഹമായതേ അതിജീവിക്കയുള്ളു. അപ്പോൾ പാരവശ്യവും പരാധീനതയും അനിവാര്യമായിത്തീരുന്നു. പരാജയങ്ങൾ പ്രതിരോധതന്ത്രങ്ങൾക്ക് പ്രേരണനല്കുന്നു. പ്രതിരോധതന്ത്രങ്ങൾ പല രൂപത്തിലും പ്രത്യക്ഷപ്പെടാറുണ്ട്.

a) ദിവാസ്വപ്നങ്ങൾ (Day dreams)

സർവ്വസാധാരണമായ ഒരു പ്രതിരോധതന്ത്രമാണ് ദിവാസ്വപ്നങ്ങൾ. അജയ്യമായ ചുററുപാടുകളെ അകററിനിർത്തി സാങ്കല്പികലോകത്തിൽ ആധിപത്യം നേടാനുള്ള അഭിവാഞ്ഛയാണ് ദിവാസ്വപ്നങ്ങളിൽ സാക്ഷാൽക്കരിക്കപ്പെടുന്നതു്. ദിവാസ്വപ്നങ്ങൾ രാസ്വപ്നങ്ങളെപ്പോലെ സങ്കീർണ്ണമല്ല. അമർത്തപ്പെട്ട ആശയങ്ങളെക്കാൾ നിറവേറാത്ത ആശകളാണ് ദിവാസ്വപ്നങ്ങളിൽ കാണപ്പെടുക. പരിതഃസ്ഥിതിയുമായുള്ള സമ്പർക്കം ബലഹീനമാകുമ്പോഴാണ് ഇത്തരം സ്വപ്നങ്ങൾ ഉണ്ടാവുന്നതു്. ഇവയിൽ ചിലതു് ക്രിയാത്മകമായിരിക്കും. ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്ന ദിവാസ്വപ്നങ്ങൾ ആശാസ്യവും ആവശ്യവുമാണ്. എവറസ്റ്റ് കയറിയ ടെൻസിങ്ങിൻെറയും, ആഫ്റിക്കയിലും ധ്രുവപ്രദേശങ്ങളിലും സാഹസികയാത്ര ചെയ്ത വീരന്മാരുടേയും ദിവാസ്വപ്നങ്ങൾ ഇത്തരത്തിൽ പെട്ടതായിരുന്നു. എന്നാൽ പരാജയബോധത്തിൽനിന്ന് ഉടലെടുക്കുന്ന ദിവാസ്വപ്നങ്ങൾ മാനസിക ദൗർബ്ബല്യങ്ങളെ മറച്ചുവെക്കാനുള്ള തന്ത്രങ്ങളാണ്. അതിനാൽ ഇത്തരം സ്വപ്നങ്ങൾ അന്തഃപ്രേരിതങ്ങളാണെന്ന് ഫ്റോയിഡ് പറയുന്നു.

b) പരിഹാരചേഷ്ടകൾ (Compensatory behaviour)

സാധാരണമായ മറെറാരു പ്രതിരോധതന്ത്രമാണിതു്. ഒന്നിലുള്ള പരാജയം മറെറാന്നുകൊണ്ട് പരിഹരിക്കയാണ് ഇതിൻെറ ഉദ്ദേശ്യം. ആടാൻ കഴിയാത്ത

വൻ പാടാൻ പഠിക്കുന്നതും, കവിയല്ലാത്തവൻ നാടകകൃത്താവുന്നതും, പഠിപ്പിൽ മിടുക്കനല്ലാത്തവൻ കളിയിൽ തൽപരനാകുന്നതും, പ്രസംഗപാടവമില്ലാത്തവൻ എഴുത്തുകാരനാകുന്നതും പ്രതിരോധതന്ത്രങ്ങളാണത്രെ. ചില പരിഹാരചേഷ്ടകൾ അഭികാമ്യവും ഫലപ്രദവുമായെന്നു വരാം. വിക്കനായ ദമോസ്തനീസ് (Demosthenes) പ്രശസ്തനായ വാഗ്മിയായതും, രോഗിയായ ഈജിൻ സാൻഡോ Eugene Sandow) പ്രസിദ്ധനായ മല്ലനായതും ലജ്ജാശീലനായ വിദ്യാർത്ഥി (ഗാന്ധിജി) ധീരനായ നേതാവായതും പരിഹാരചേഷ്ടകളുടെ നേട്ടങ്ങളാണെന്ന് പറയാം എന്നാൽ അതിർവരമ്പുകളെ അതിലംഘിക്കുന്ന പരിഹാരചേഷ്ടകൾ നാശകരമായി തീർന്നേക്കും. നെപ്പോളിയൻെറയും ഹിററ്ലറുടെയും പരാക്രമങ്ങൾ ഇവക്ക് ദൃഷ്ടാന്തങ്ങളാണ്. പ്രഗത്ഭമതികൾ ചിത്തരോഗത്തോട് വളരെ അടുത്തവരാണെന്ന് ലോംബ്രോസോ (Lombroso) പറഞ്ഞതു് ഇക്കാരണത്താലാവണം.

c) **ന്യായീകരണം** (Rationalisations)

മറെറാരു പ്രതിരോധതന്ത്രം ന്യായീകരണമാണ്. പരിതഃസ്ഥിതിയുടെ സമ്മർദ്ദംനിമിത്തം അബദ്ധമോ അനഭിലഷണീയമോ ആയ പ്രവൃത്തികൾ ചെയ്യാൻ നിർബ്ബന്ധിതരാകുന്ന വ്യക്തികൾ തങ്ങളുടെ ചെയ്തികൾ ശരിയാണെന്നു് വരുത്തിത്തീക്കാൻ ന്യായീകരണത്തെ അവലംബിക്കാറുണ്ട്. ഇടക്കിടെ സിനിമകാണുന്ന വിദ്യാർത്ഥികൾ അതു് മാനസിക ഉന്മേഷത്തിന്നു് ആവശ്യമാണെന്നു് വാദിക്കും; പഠിക്കാത്തവർ പഠിച്ചവരുടെ

തൊഴിലില്ലായ്മ ചൂണ്ടിക്കാട്ടും; കൈപ്പട നന്നല്ലാത്തവർ കയ്യെഴുത്ത് പ്രധാനമല്ലെന്നു പറയും; വിമർശിക്കപ്പെട്ടുന്നവർ അതു് തങ്ങളുടെ മാഹാത്മ്യത്തെയാണു് കാണിക്കുന്നതെന്നു് വാദിക്കും. ഇത്തരം ന്യായീകരണങ്ങളെല്ലാം കുററബോധത്തെ മറച്ചുവെക്കുവാനുള്ള തന്ത്രങ്ങളാണെന്നുവരാം. കിട്ടാത്ത മുന്തിരിങ്ങ പുളിപ്പുള്ളതാണല്ലോ. അധമത്വവികാരങ്ങളേയും പരാജയബോധത്തേയും ഒളിപ്പിക്കുവാനുള്ള ശ്രമമാണിതു്. ഇങ്ങിനെ ചെയ്യുമ്പോൾ ഇത്തരക്കാർ തങ്ങളേയും മററുള്ളവരേയും വഞ്ചിക്കുകയാണു് ചെയ്യുന്നതു്. വാലുപോയ കുറുക്കന്റെ ന്യായീകരണത്തെ അനുസ്മരിപ്പിക്കുന്ന ഇത്തരം വാദങ്ങൾ പരാജയങ്ങളെ പരസ്യപ്പെടുത്താനേ ഉപകരിക്കയുള്ളു.

## d) തിരോഗമനം (Regression)

മറെറാരുതരം പ്രതിരോധതന്ത്രമാണിതു് ശിശുക്കളുടെ ശീലക്കേടുകൾ (Temper Tantrums) ആക്കും മനസ്സിലാക്കാൻ കഴിയും. മുതിർന്നവർ കാട്ടുന്ന ശീലക്കേടുകൾ അഥവാ ബാലിശവൃത്തികൾ ദുർഗ്രാഹ്യവും തിരോഗമനവാഞ്ഛയുടെ ബഹിർപ്രകടനവുമാണു്. പ്രായത്തിൻെറയും പ്രാപ്തിയുടെയും നേട്ടങ്ങളെ ഇടിച്ചുകാണിക്കുന്ന തിരോഗമനാത്മകചേഷ്ടകൾ ആരേയും വഞ്ചിക്കുകയില്ല. യാഥാർത്ഥ്യങ്ങളെ നേരിടുന്നതിൽ പിണയുന്ന പരാജയങ്ങളാണു് വിചിത്രമായ ഇത്തരം ചെയ്തികൾക്കു് പ്രേരണനൽകുന്നതു്. മുടന്തൻ ന്യായങ്ങൾ പറഞ്ഞു വിഷമമേറിയ കൃത്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറുന്നവ

രെല്ലാം ദുർബ്ബലചിത്തരത്രെ! ഇവയെല്ലാം സങ്കല്പനങ്ങളുടെ പ്രവർത്തനഫലമാണെന്നാണ് ഫ്റോയിഡിൻെറ പക്ഷം.

e) ആരോപണം (Projection)

നിത്യേന എന്നോണം കാണപ്പെടുന്ന മറെറാരു പ്രതിരോധതന്ത്രം ആരോപണമാണ്. സ്വന്തം പരിമിതികളേയും പരാജയബോധത്തേയും മനഃപ്രയാസങ്ങളേയും മററുള്ളവരിൽ ആരോപിക്കാനുള്ള ശ്രമമാണിതു്. വിരൂപമോ, മോശമോ ആയ പ്രവൃത്തിക്ക് ഉപകരണങ്ങളെ കുററപ്പെടുത്തുന്ന തൊഴിലാളികളും, പരാജയത്തിന്നു് പരീക്ഷാസമ്പ്രദായത്തെ അപലപിക്കുന്ന വിദ്യാർത്ഥികളും അങ്ങാടിയിൽ തോററതിന്നു് അമ്മയെ പഴിക്കുന്ന മിടുക്കന്മാരും നല്ല പ്രതിരോധതന്ത്രജ്ഞരാണ്. മററുള്ളവരുടെ ലൈംഗികദുഷ്കൃത്യങ്ങളെക്കുറിച്ച് ചെണ്ടകൊട്ടി നടക്കുന്നവർ സ്വന്തം ദൗർബ്ബല്യങ്ങൾക്ക് മറപിടിക്കാനാണ് ശ്രമിക്കുന്നതു. ലോകജനതയുടെ അധാർമ്മികവൃത്തികളെ പർവ്വതീകരിച്ച് കാണിക്കുന്നവർ താഴ്ന്ന ധാർമ്മികനിലവാരം പുലർത്തുന്നവരാണെന്നു് വരാം. ദോഷൈകദൃക്കുകൾ സമർത്ഥരായ ആരോപകരാണെന്നു് പറഞ്ഞാൽ അതു് മിക്കവാറും ശരിയായിരിക്കും. പരദൂഷകൻെറ അന്തർമണ്ഡലത്തിൽ പരാജയത്തിൻെറ പടയോട്ടമാണ് നടക്കുന്നതു്. സാധനദൂഷണം അകൗശലലക്ഷണമെന്നു് പറയുന്നതു് ഇക്കാരണത്താലാണ്. ആരോപണത്തിൻെറ മറെറാരു രൂപം സ്ഥാനത്തും അസ്ഥാനത്തുമുള്ള വിമർശനമാണ്. മിതവും ന്യായവുമായ വി

മർദ്ദനങ്ങൾ ആശാസ്യവും ആവശ്യവുമാണ്. എന്നാൽ കണ്ടമാനം വിമർശിക്കുന്നവർ തീർച്ചയായും പരാജയപരവശരാണ്.

## f) താദാത്മ്യം പ്രാപിക്കൽ (Identification)

താദാത്മ്യം പ്രാപിക്കലാണ് മററൊരുതരം പ്രതിരോധതന്ത്രം. ഉന്നതസ്ഥാനത്തിരിക്കുന്നവരുമായും, വിലയേറിയ വസ്തുക്കളുമായും, പ്രസിദ്ധമായ പ്രസ്ഥാനങ്ങളുമായും തങ്ങൾക്ക് ബന്ധമുണ്ടെന്ന് കൊട്ടിഘോഷിക്കുന്നവർ അനേകമുണ്ട്. 'എൻെറ അച്ഛൻ ഡോക്ടരാണ്', അമ്മാമൻ മന്ത്രിയാണ്, കുടുംബം കുലീനമാണ്, ഞങ്ങൾക്കു് നാലു് കാറുണ്ട്, ഞങ്ങളുടെ ടീമാണ് എപ്പോഴും ജയിക്കാറു്, എൻെറ പാർട്ടി അങ്ങിനെ ചെയ്യുകയില്ല. എൻെറ സ്നേഹിതന്മാരെല്ലാം പഠിപ്പും പണവും ഉള്ളവരാണ് എന്നൊക്കെ പറഞ്ഞ് പൊങ്ങച്ചം നടിക്കുന്നവർ വ്യക്തികളെന്ന നിലക്ക് തങ്ങൾക്കുള്ള പരാജയങ്ങളെ പരസ്യപ്പെടുത്തുകയാണെന്ന് ബുദ്ധിജീവികൾക്ക് നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയും,

## 2. മനസ്സിൻെറ ക്രമക്കേടുകൾ

മുകളിൽ കൊടുത്ത പ്രതിരോധതന്ത്രങ്ങളെല്ലാം ആത്മാഭിമാന സംരക്ഷണത്തിന്നുള്ള നടവടികളാണെന്നു കാണാം. സാരമായ രോഗങ്ങളെ തടയുവാൻ ഇവയിൽ ചിലതു് ഉപകരിച്ചുവെന്നു് വരാം. അതിനാൽ ഇവയെ രോഗങ്ങളായി കരുതുന്നതിനേക്കാൾ ഭേദം രോഗലക്ഷണങ്ങളായി പരിഗണിക്കുകയായിരിക്കും. മനസ്സി

ൻെറ ക്രമക്കേടുകൾനിമിത്തമുണ്ടാകുന്ന രോഗങ്ങൾ മൂന്നു തരത്തിലുണ്ട്.

## a) ഞരമ്പ്രോഗങ്ങൾ (Neuroses)

ഞരമ്പുരോഗികളെ ചിത്തരോഗാസ്പത്രികളിൽ കണ്ടില്ലെന്നുവരാം. സമുദായദൃഷ്ടിയിൽ നാശകാരികളല്ലാത്ത ഇത്തരക്കാരെ ഭ്രാന്തന്മാരാണെന്ന് പറയാറില്ല. ഞരമ്പുരോഗികളുടെ മസ്തിഷ്കത്തിന്നോ സിരാഗോളകങ്ങൾക്കോ യാതൊരു കേടുകളും ഉണ്ടാവില്ല. എന്നാൽ മനോവ്യാപാരങ്ങളിൽ ചില ക്രമക്കേടുകൾ ഉണ്ടായിരിക്കും. പെരുമാററത്തിലും പ്രതികരണങ്ങളിലും അയവില്ലായ്മയും (Rigidity) സ്ഥിതിഗതികളെ നേരിടുന്നതിൽ അപ്രാപ്തിയും ഇത്തരക്കാരുടെ പ്രത്യേകതകളാണ്. ശാരീരികമായ കാരണങ്ങൾകൊണ്ടാണ് ഈ തകരാറുകൾ അനുഭവപ്പെടുന്നതെന്ന് ഞരമ്പുരോഗികൾ തെററിദ്ധരിക്കുന്നു. എന്നാൽ കാലത്തേയോ, ദേശത്തേയോ കുറിച്ച് ഇവക്ക് വികലധാരണയില്ലെന്നുവരാം. അഹേതുകക്ഷീണാനുഭൂതി, മാനസികവിഘടന, അനാവശ്യമായ ഉൽക്കണ്ഠ, അസാധാരണമായ ഭയം, ഗ്രസ്തത, ബാദ്ധ്യത എന്നിവയാണ് പ്രധാനമായ ഞരമ്പുരോഗങ്ങൾ. ഇവ ഓരോന്നിൻേറയും സവിശേഷതകൾ ഇനി പരിശോധിക്കാം.

### 1. ക്ഷീണാനുഭൂതി (Neurasthenia)

സർവ്വസാധാരണമല്ലെങ്കിലും അതിപ്രധാനമായൊരു ഞരമ്പുരോഗമാണിത്. ചെയ്യുന്ന പ്രവൃത്തിയുമായി വി

ദൂരബന്ധംപോലുമില്ലാത്ത ഈ ക്ഷീണാനുഭൂതി വിശ്രമം കൊണ്ടു് നിഷ്കാസിതമാകയില്ല. ഗാഢമായ നിദ്രക്കുശേഷവും ഈ അനുഭൂതി തുടരും. തലവേദന, മലബന്ധം, ഉറക്കമില്ലായ്മ തുടങ്ങിയ ശാരീരിക അസ്വാസ്ഥ്യങ്ങൾ ക്ഷീണാനുഭൂതിയുടെ കൂടെപ്പിറപ്പാണു്. ഉല്ക്കർഷേച്ഛയും അതു് സാക്ഷാല്ക്കരിക്കുന്നതിലുള്ള അപ്രാപ്തിയും തമ്മിലുള്ള മൽപിടുത്തത്തിൻെറ പരിണതഫലമാണു് ഈ രോഗം. വിജയം വരിക്കാനുള്ള ശ്രമവും പരാജയബോധവും മാനസികസംഘർഷത്തിന്നിടവരുത്തുന്നു. പരാജയങ്ങൾ അധമത്വബോധം വളർത്തുന്നു. ഇതിനെ മറച്ചുവെക്കാൻ അബോധമനസ്സു് ആസൂത്രണം ചെയ്ത ഒരു പദ്ധതിയത്രെ ഈ ക്ഷീണാനുഭൂതി. ഇതിനെ ഉറപ്പിക്കാനുള്ള ഉപായങ്ങളാണു് ദേഹാസ്വാസ്ഥ്യങ്ങൾ. പരാജയത്തിന്നു് വഴിവെക്കുന്ന പരിശ്രമങ്ങളിൽനിന്നു് ഒഴിഞ്ഞുമാറാൻ പ്രത്യക്ഷമായ കാരണങ്ങൾ ഉണ്ടാക്കുകയാണു് തലവേദന തുടങ്ങിയ ദേഹാസ്വാസ്ഥ്യങ്ങൾ ചെയ്യുന്നതു്. തങ്ങളേക്കാൾ ക്ലേശങ്ങൾ അനുഭവിക്കുന്നവർ ലോകത്തിൽ വേറെയില്ലെന്നു് ഇത്തരം രോഗികൾ വിശ്വസിക്കുന്നു. അന്തർമുഖികളായ (Introverts) ഇവരുടെ അന്തരംഗം അസ്വസ്ഥമായിരിക്കും. അതിനാൽ പ്രകോപനങ്ങൾക്കു് ഇവർ വേഗത്തിൽ ഇരയായിത്തീരുന്നു.

## 2. മാനസികവിഘടന (Psychological dissociation)

സാധാരണയായി കാണപ്പെടുന്ന മറെറാരു പ്രധാന ഞരമ്പുരോഗം മാനസികവിഘടനയാണു്. ഈ രോഗം

നിമിത്തം വ്യക്തിത്വത്തിൻെറ അവിച്ഛിന്നതയ്ക്ക് (Integrity of personality) ഹാനിതട്ടുകയും വികൃതമായ ചേഷ്ടകൾ പ്രകടമാക്കുകയും ചെയ്യുന്നു. അപസ്മാരഗോഷ്ടികൾ (Hysterical Symtoms) ഒരുതരം മാനസികവിഘടനയുടെ പ്രകടനങ്ങളാണ്. വിചിത്രചേഷ്ടകൾക്ക് ഹേതുവായിത്തീരുന്ന അനുഭവങ്ങളെ പാടെ വിസ്മരിക്കുന്നുവെന്നതാണ് മാനസികവിഘടന ബാധിച്ച രോഗികളുടെ പ്രത്യേകത. പക്ഷവാതം പിടിപ്പെട്ടാലെന്നപോലെ, ശരീരത്തിൻെറ ചില അവയവങ്ങൾ നിശ്ചലമായിത്തീരുന്നതും ഈ രോഗത്തിൻെറ ലക്ഷണമാണ്. ചിലർക്ക് കാഴ്ച നഷ്ടപ്പെടുകയും മററു ചിലർക്ക് സംസാരിക്കാൻ വയ്യാതാവുകയും ചെയ്യുന്നു. വൈകാരികദൗർബ്ബല്യങ്ങളുള്ളവർക്കാണ് ഈ രോഗം അധികമായി ഉണ്ടാകുന്നത്. സ്വപ്നാടനംപോലും ഒരുതരം അപസ്മാരഗോഷ്ടിയാണത്രെ! ഞെട്ടലുണ്ടാക്കുന്ന ചില അനുഭവങ്ങൾ സ്മരണാശക്തിയെ ക്ഷയിപ്പിക്കുന്നതുകൊണ്ടാണ് ഇത്തരം രോഗികൾക്ക് സ്മൃതിഭംഗം ഉണ്ടാകുന്നതെന്ന് പറയാം. അപസ്മാരഗോഷ്ടികൾ കാണിച്ചുകൊണ്ടിരുന്ന പത്തൊമ്പതുവയസ്സായ ഒരു യുവതിയുടെ കഥ പിയറിജാനററ് (Pierre Janet) ഇപ്രകാരം വിവരിക്കുന്നു:

പതിമൂന്നാമത്തെ വയസ്സിൽ ആദ്യത്തെ ആർത്തവമുണ്ടായപ്പോൾ ഈ പെൺകുട്ടി ഭയവിഹ്വലയായി ഓടുകയും ശുദ്ധിവരുത്തുന്നതിനായി തണുത്ത വെള്ളത്തിൽ കുളിക്കുകയും ചെയ്തുവത്രെ. അതോടെ ആർത്തവം നിന്നുപോയി. തണുപ്പുകാരണം വിറയും പനിയുമുണ്ടായി. പിന്നീട് ആർത്തവമുണ്ടായത് അഞ്ചുകൊല്ലങ്ങൾക്ക് ശേ

ഷം മാത്രമാണു്. അതോടെ അപസ്മാരഗോഷ്ടികൾ കാണിക്കാൻ തുടങ്ങി. പിന്നീട്ട് പ്രതിമാസം ആർത്തവത്തോടൊപ്പം അപസ്മാരവുമുണ്ടായി. മാനസികാപഗ്രഥനംകൊണ്ടു് രോഗകാരണം ഗ്രഹിക്കുകയും, വ്യപദേശങ്ങൾകൊണ്ടു (Suggestions) വിസ്മരിതമായ ആദ്യത്തെ സംഭവത്തെക്കുറിച്ചുള്ള തെററിദ്ധാരണ നീങ്ങുകയും ചെയ്തപ്പോൾ അപസ്മാരരോഗം എന്നന്നേക്കുമായി അപ്രത്യക്ഷമായി. വൈകാരികമായ അരക്ഷിതാവസ്ഥയാണു് മാനസികവിഘടനക്കു് കാരണമെന്നും, സ്മൃതിഭംഗം ഇതിന്റെ കൂടെപ്പിറപ്പാണെന്നും ഇതിൽനിന്നു് ഗ്രഹിക്കാം.

കാഴ്ചയും കേൾവിയും കുറഞ്ഞുവരുന്നതായും, ഞരമ്പുകൾ അസാധാരണമായ നിലയിൽ ചലിക്കുന്നതായും ഇത്തരം രോഗികൾക്കു് തോന്നും. അന്യരുടെ അനുകമ്പയും ശ്രദ്ധയും തന്നിലേക്കു് തിരിക്കുക, ആക്ഷേപത്തിൽനിന്നും അപകർഷത്തിൽനിന്നും വിമുക്തരാകുക, പകരം ആക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണത്രെ വിഘടനാരോഗികൾക്കുള്ളതു്. അതിനാൽ ഇവരുടെ ദ്വേഷ്യം അവസാനിപ്പിക്കാൻ ഒരു തൊട്ടി പച്ചവെള്ളം ഒഴിച്ചാൽ മതിയെന്നു് പറയുന്നവരും ഇല്ലാതെയില്ല. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ ലൈംഗിക ജീവിതത്തിലുണ്ടാകുന്ന വൈഷമ്യങ്ങളാണു് ഈ രോഗത്തിന്നു് പ്രധാന കാരണം. ഇതു് അധികമായി ഉണ്ടാകുന്നതു് സ്ത്രീകൾക്കാണു്. ഗർഭപാത്രം(Hystera) എന്നു് ഗ്രീക്കു് പദത്തിൽനിന്നാണു് ഹിസ്റ്റീറിയ ഉണ്ടായതെന്നു് പറയപ്പെടുന്നു. അപ്പോൾ പണ്ടുപണ്ടേ ഈ രോഗം സ്ത്രീകളെയാണു് അ

ധികം പിടികൂടിയിരുന്നതെന്ന് അനുമാനിക്കാവുന്നതാണ്.

### 3. അനാവശ്യമായ ഉല്ക്കണ്ഠ (Anxiety Neurosis)

അനാവശ്യമായ ഉല്ക്കണ്ഠയാണ് മറെറാരു ഞരമ്പ് രോഗം. പ്രത്യക്ഷമായ പ്രേരണകൂടാതെ ഉണ്ടാകുന്ന ഒരുതരം ഭയമാണിതു്. ആപല്ക്കരമല്ലാത്ത പ്രേരകങ്ങൾ പോലും ഇത്തരം രോഗികൾക്കു് ആശങ്കാജനകമായിരിക്കും. ജീവിതസൗകര്യങ്ങളെല്ലാം ഉള്ള ഭാഗ്യവാന്മാർ പോലും ചിലപ്പോൾ ഈ രോഗത്തിന്നു് ഇരയാകാറുണ്ട്. ഇതികർത്തവ്യതാമൂഢത, പ്രകോപ്യത (Irritabi-lity) അഹേതുകഭയം, ശാരീരികാസ്വാസ്ഥ്യങ്ങൾ എന്നിവയാണ് ഈ രോഗത്തിൻെറ ലക്ഷണങ്ങളെന്നു പറയാം ഉല്ക്കണ്ഠയോടൊപ്പമുണ്ടാകുന്ന തലചുററ്, അമിതമായ വിയപ്പ്, അസാധാരണമായ ഹൃദയമിടിപ്പ്, വിശപ്പില്ലായ്മ, മലമൂത്രതടസ്സം എന്നീ അസ്വാസ്ഥ്യങ്ങൾക്കു് കാരണം ശാരീരിക അനാരോഗ്യമല്ലതന്നെ. ചില ലൈംഗിക ദൗർബ്ബല്യങ്ങൾക്കും വിക്കു് തുടങ്ങിയ കായക്ലേശങ്ങൾക്കും കാരണം ഇത്തരം ഉല്ക്കണ്ഠകളാണത്രെ! അരക്ഷിതബോധം, രക്ഷിതാക്കന്മാരുടേയും അദ്ധ്യാപകന്മാരുടേയും പ്രതികൂലമനോഭാവം, അദ്ധ്യയനാദിപരിശ്രമങ്ങളിൽ പററുന്ന പരാജയങ്ങൾ, ഭാവിയെപ്പററിയുള്ള അനിശ്ചിതാവസ്ഥ, ഹസ്തമൈഥുനം (Masturbation) എന്നിവയാണ് ഉല്ക്കണ്ഠക്കു് കാരണമായിത്തീരുന്നതു്.

### 4. അസാധാരണഭയം (Phobias)

മറെറാരുതരം ഞരമ്പുരോഗമാണിതു്. ഭയങ്കര വസ്തുക്കളേയും സംഭവങ്ങളേയും പേടിക്കുന്നതു് സർവ്വസാധാ

രണമാണ്. എന്നാൽ അവയുടെ സ്മരണയേയോ പ്ര തീകങ്ങളേയോ ഭയപ്പെടുന്നതു് ഞരമ്പുരോഗത്തിൻെറ ല ക്ഷണമായി കരുതണം. കൂട്ടിലിട്ട വന്യമൃഗത്തേയും, സ ർപ്പത്തിൻെറ ചിത്രത്തേയും, മൂർഖൻ എന്ന പദത്തെയും, കൊലപാതകമെന്ന വാർത്തയേയും ഭയപ്പെടുന്നവർ മാന സികരോഗികളാണു്. നിരുപദ്രവികളായ ജീവികളെ കാണുമ്പോൾ ഭയചകിതരായിത്തീരുന്ന പലരേയും ഈ ഗ്രന്ഥകർത്താവുതന്നെ കണ്ടിട്ടുണ്ടു്. നിയന്ത്രണാതീതമാ യ ഈ ഭീതി പല രൂപത്തിലും കാണപ്പെടാറുണ്ടു്. ചിലർ ജലത്തേയും, മററുചിലർ അന്ധകാരത്തേയും ഭയ പ്പെടുന്നു. ചിലക്കു് തുറന്ന സ്ഥലവും മററുചിലക്കു് അ ടച്ചിട്ട സ്ഥലവും ഭയമാണു്. ചിലർ രക്തത്തേയും വേ റെചിലർ ജനസമൂഹത്തെയും പേടിക്കുന്നു. ചിലക്കു് കയറാനാണു് ഭയമെങ്കിൽ മററുചിലക്കു് ഇറങ്ങാനാണു് ഭയം. വിസ്മരിതമായ ചില പൂർവ്വാനുഭവങ്ങളാണു് അ സാധാരണമായ ഈ ഭയത്തിന്നു് കാരണം. പാലം കട ക്കുമ്പോൾ ജലഭീതി (Hydro-phobia) പ്രകടിപ്പിക്കുന്ന ഒ രു നേവൽ ഉദ്യോഗസ്ഥനെ ഞാൻ കാണുകയുണ്ടായി. ഇതൊരു വിരോധാഭാസമാണെന്നു് ചൂണ്ടിക്കാട്ടിയ പ്പോൾ അതിന്നുള്ള കാരണം അദ്ദേഹം വെളിപ്പെടുത്തി. ഒരിക്കൽ തൻെറ അശ്രദ്ധനിമിത്തം ഒരു ബാലൻ വെ ള്ളത്തിൽ മുങ്ങിച്ചാവാൻ ഇടയായെന്നും അന്നുമുതല്ക്കാ ണു് ഈ ഭയം പിടിപെട്ടതെന്നും അദ്ദേഹം പ്രസ്താവി ച്ചു. ഈ രഹസ്യം വെളിപ്പെടുത്തിയതിൽപിന്നെ അ ദ്ദേഹത്തിൻെറ ജലഭയം കുറഞ്ഞുവരുന്നതായും കാണുക യുണ്ടായി. ഭയത്തിന്നു് കാരണമായ സംഭവങ്ങൾ എ

ല്ലാവരും ഓമ്മിച്ചുവെന്നു് വരികയില്ല. തന്നിമിത്തമാണു് ആയുഷ്ക്കാലം മുഴുവൻ അതു് തുടരുന്നതു്.

## 5. ഗ്രസ്തത (Obsession)

മററൊരുതരം ഞരമ്പുരോഗമാണിതു്. പ്രയോജനകരമോ യുക്തിയുക്തമോ അല്ലെന്നു് ബോദ്ധ്യംവന്ന ചില ആശയങ്ങൾ സദാ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന സ്വഭാവമാണു് ഈ രോഗത്തിന്നുള്ളതു്. ചില സംഗീതരാഗങ്ങൾ, മുദ്രാവാക്യങ്ങൾ, സൂത്രങ്ങൾ, സംഖ്യകൾ എന്നിവ വിളക്കിന്നുചുററും പാററകളെന്നപ്പോലെ ചിലപ്പോൾ മനോമുകുളത്തെ വലംവെച്ചുകൊണ്ടിരിക്കും. ആവത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രസ്തത ഞരമ്പു് രോഗത്തിൻെറ ലക്ഷണമാണു്. അബോധാവസ്ഥയെ പ്രാപിച്ച വിസ്മരിതാനുഭവങ്ങളുടെ പ്രേരണനിമിത്തമാണു് ഈ ശല്യമുണ്ടാകുന്നതു്. അബോധമനസ്സൊന്നു് തോണ്ടിനോക്കിയാൽ ഈ രോഗത്തിന്നു് നിദാനമായ പല രഹസ്യരേഖകളും കണ്ടുകിട്ടുമത്രെ! ഇക്കാരണത്താൽ അവിചാരിതമായി നാം ഉരുവിടുന്ന തീയതികൾ, സംഖ്യകൾ, നാമങ്ങൾ എന്നിവയ്ക്കു് പിന്നിൽപോലും അബോധമനസ്സിൻെറ ഗൂഢഹസ്തങ്ങൾ പ്രവത്തിക്കുന്നുണ്ടെന്നു് ഫ്രോയിഡ് പറയുന്നു.

## 6. ബാദ്ധ്യത (Comipulsion)

ഗ്രസ്തതക്കു് സദൃശമായ ഒരു ഞരമ്പ് രോഗമാണ് ബാദ്ധ്യത. ആദ്യത്തേതു് ചിന്തയേയും രണ്ടാമത്തേതു് പ്രവൃത്തിയേയും ബാധിക്കുന്നുവെന്ന ഒരു വ്യത്യാസമേയു

ള്ളു. പ്രയോജനകരമല്ലാത്ത പ്രവൃത്തികൾ ചെയ്തുകൊണ്ടേയിരിക്കാനുള്ള ശക്തമായ അന്തഃപ്രേരണയെയാണു് ബാദ്ധ്യത എന്നു് പറയുന്നതു്. നിരാകരിക്കാൻ വയ്യാത്ത ഈ സ്ഥിതിവിശേഷം പല വിചിത്ര ശീലങ്ങൾക്കും കാരണമായിത്തീരുന്നു. ഈ രോഗം പിടിപ്പെട്ടാൽ തങ്ങൾ പറഞ്ഞതും ചെയ്തതും ശരിയാണോ എന്നു് ബലമായി സംശയിക്കും. പെട്ടി പൂട്ടിയിട്ടുണ്ടോ, മുറി അടച്ചിട്ടുണ്ടോ എന്നു് നോക്കാനായി പലതവണ നിനച്ചുപോകും. തെററ് പററിയിട്ടുണ്ടോ എന്നു് നോക്കാനായി പലവുരു കണക്ക്പുസ്തകം പരിശോധിക്കും. ഇവരിൽ ചിലർ ഇടക്കിടെ കൈ കഴുകിക്കൊണ്ടിരിക്കും. ഉറങ്ങുന്നതിന്നു മുമ്പ് കട്ടിലിന്നു് ചുററും നടക്കുന്നവരേയും പടി കടക്കുമ്പോൾ അസാധാരണമായ വിധം മുണ്ട് കയററുന്നവരേയും ഈ ഗ്രന്ഥകർത്താവ് തന്നെ കണ്ടിട്ടുണ്ട്. തല ചൊറിയൽ, തലയാട്ടൽ, മുഖം ചുളിക്കൽ, കൈകാലുകൾ ഇളക്കിക്കൊണ്ടിരിക്കൽ തുടങ്ങിയ വിചിത്ര ശീലങ്ങൾക്കെല്ലാം കാരണം ബാദ്ധ്യതയാണത്രെ. വിസ്മരിതമായ തിക്താനുഭവങ്ങളാണു് ബാദ്ധ്യതക്കു കാരണം. അതിനാൽ ഇതിന്നും അബോധമനസ്സിൽ ഇറങ്ങിനോക്കാനാണു് ഫ്റോയിഡ് ഉപദേശിക്കുന്നതു്.

## b) മസ്തിഷ്കരോഗങ്ങൾ (Organic psychosis)

ഞരമ്പ്രോഗങ്ങളെ അപേക്ഷിച്ച് കൂടതൽ കഠിനവും ഭ്രാന്തെന്നു വിശേഷിപ്പിക്കാവുന്നതുമായ ചില രോഗങ്ങളെക്കുറിച്ചാണു് ഇനി പ്രതിപാദിക്കുന്നതു്. ഇത്തരം രോഗങ്ങളിൽപ്പെട്ട ഒന്നാണു് മസ്തിഷ്കരോഗം. ശാരീരിക

കാരണങ്ങൾകൊണ്ടാണ് ഈ രോഗമുണ്ടാകുന്നത്. ധമനികൾ ശരിക്ക് പ്രവത്തിക്കാതെവരുമ്പോൾ മസ്തിഷ്കത്തിന്നു വേണ്ടത്ര രക്തം ലഭിച്ചില്ലെന്നു വരും. ചില ശാരീരികരോഗങ്ങളുടെ ഫലമായി മസ്തിഷ്കത്തിൻെറ പ്രവത്തനങ്ങൾക്ക് ഹാനി തട്ടിയെന്നും വരും. തലച്ചോറിൻെറ പ്രവത്തനങ്ങൾ ക്രമരഹിതമായിത്തീരുമ്പോൾ ഈ രോഗം പ്രത്യക്ഷപ്പെട്ടും. ചില ഔഷധങ്ങളുടെ ആധിക്യംകൊണ്ടും, ലഹരിപദാത്ഥങ്ങൾ അമിതമായി ഉപയോഗിക്കുന്നതുകൊണ്ടും, ശക്തിയായ അടിയോ ഇടിയോ കിട്ടുന്നതുകൊണ്ടും മസ്തിഷ്കരോഗമുണ്ടായെന്നു വരും. ഇതു് ശരീരഘടനയുമായി ബന്ധപ്പെട്ട രോഗമാണെങ്കിലും രോഗിയുടെ പെരുമാററത്തിലും, പ്രതികരണങ്ങളിലും മാനസികാസ്വാസ്ഥ്യങ്ങൾ നിഴലിച്ചുകാണാം. തന്നിമിത്തമാണു് ഇതിനെ ഒരു മാനസികരോഗമായി കരുതുന്നതു്.

## c) മനോവൃത്തിരോഗങ്ങൾ (Functional psychoses)

മനോവൃത്തിരോഗങ്ങൾ പിടിപ്പെട്ടവർ മസ്തിഷ്കരോഗികളെപ്പോലെ സ്വബോധമില്ലാത്തവരായിരിക്കും. തങ്ങൾക്കല്ല മററുള്ളവക്കാണു് തകരാറെന്നു് ഇത്തരക്കാർ വിശ്വസിക്കുന്നു. ദേശകാലബോധമില്ലാത്തവക്ക് തങ്ങളുടെ ഊരോ, പേരോ, വയസ്സോ പറയാൻപോലും സാധിച്ചില്ലെന്നുവരും. തങ്ങൾക്കും മററുള്ളവക്കും നാശകരമായ വിധത്തിൽ പെരുമാറുന്ന ഇവരുടെ മനോവൃത്തികൾ ആകപ്പാടെ വികൃതമായിരിക്കും. മനോവൃത്തിരോഗങ്ങൾ പ്രധാനമായി മൂന്നെണ്ണമാണു്. അവ:

1. ദ്രോഹാനുഭൂതി (Paranoia)

പ്രധാനമല്ലെങ്കിലും പ്രസ്താവയോഗ്യമായ ഒരു മനോവൃത്തിരോഗമാണിതു്. ദ്രോഹാനുഭൂതി പിടിപെട്ടവർ തങ്ങളുടെ പരാജയങ്ങൾക്കു് കാരണം മററുള്ളവരാണെന്നു് വിശ്വസിക്കുന്നു. ഈ രോഗം അതിൻെറ ശരിയായ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു് അപൂർവ്വമാണു് മാനസികപതനത്തിൻെറ ലക്ഷണങ്ങൾ ഇത്തരം രോഗികളിൽ കണ്ടില്ലെന്നുവരും. തന്നിമിത്തമാണു് ചിത്തരോഗാസ്പത്രികളിൽ ഇവരിൽ ഭൂരിഭാഗത്തേയും കാണാത്തതു്. സങ്കീർണ്ണമായ ദ്രോഹാനുഭൂതി പല പരാക്രമങ്ങൾക്കും കാരണമായിത്തീരും. ഇത്തരം രോഗികളുടെ അന്തർമണ്ഡലങ്ങൾ അസ്വാസ്ഥതയുടെ പടക്കളമായിരിക്കും. ഇവരുടെ ലക്ഷ്യം പകപോക്കലാണ്. ലോകം മുഴുവൻ തങ്ങൾക്കെതിരാണെന്നു് വിശ്വസിക്കുന്ന ഇവർ മററുള്ളവരെ സംശയദൃഷ്ട്യാ വീക്ഷിക്കുകയും, പ്രതികാരവാഞ്ഛ വളർത്തുകയും ചെയ്യുന്നതു് സ്വാഭാവികംതന്നെ. ഇവരിൽ ശക്തർ മററുള്ളവരുമായി തുറന്ന സംഘട്ടനത്തിൽ ഏർപ്പെടുമ്പോൾ, അശക്തർ പരദ്രോഹത്തെ തലവിധിയായിക്കരുതി സഹനസമരം ചെയ്യുന്നു. ചിലർ മുറിവേററ വന്യമൃഗങ്ങളെപ്പോലെ പരുഷമായി പെരുമാറുകയും. മററുചിലർ തഞ്ചത്തിൽ പകപോക്കുകയും ചെയ്യുന്നു. ചെറുപ്പകാലത്തു് ചെയ്തുപോയ തെററുകളെക്കുറിച്ചുള്ള ഭയമാണ് ഈ രോഗത്തിന്നു കാരണമെന്നു് പറയാം. ന്യായീകരണംകൊണ്ടു് ഈ ഭീതിയകററാൻ ചില രോഗികൾ ശ്രമിച്ചെന്നു് വരും. ദ്രോഹിക്കപ്പെടുന്നവരെല്ലാം മഹാന്മാരാകയാൽ തങ്ങളും അങ്ങ

നെയുള്ളവരാണെന്നു് ഇവർ കരുതുന്നു. ദ്രോഹാനുഭൂതി പിടിപെട്ടവരിൽ ഏറിയകൂറും അതിബുദ്ധിമാന്മാരാണ്. തന്നിമിത്തം മതോദ്ധാരകരോ, രാഷ്ട്രീയനേതാക്കളോ, പരിഷ്കർത്താക്കളോ ആണു് തങ്ങളെന്നു് ഇവർ വിചാരിക്കുന്നു. ഈ അഹന്തനിമിത്തം തെററായ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ച് സമുദായത്തിന്നും രാഷ്ട്രത്തിന്നും ഇവർ ദ്രോഹംചെയ്യുന്നു. കാവിവസ്ത്രം ധരിച്ച് അന്യക്ക് ദ്രോഹംചെയ്യുന്നവരേയും ദേശീയപതാക വീശി പൂലഭ്യം പറയുന്നവരേയും ഈ ഗ്രന്ഥകർത്താവ് തന്നെ കണ്ടിട്ടുണ്ട്. ഇവരുടെ അബോധമനസ്സൊന്നു് പരിശോധിച്ചാൽ, രഹസ്യജീവിതത്തിലെ പല കറുത്ത വശങ്ങളും വെളിപ്പെട്ടുന്നതാണത്രേ!

## 2 തീവ്രവികാരവൈരുദ്ധ്യം

(Psychosis of emotional extremes)

തീവ്രവികാരവൈരുദ്ധ്യം മനോവൃത്തിരോഗങ്ങളിൽ പ്രധാനമായ ഒന്നാണു്. അങ്ങേയററത്തെ ആനന്ദാനുഭൂതിയും, സന്താപാനുഭൂതിയും ഇടവിട്ട് പ്രകാശിപ്പിക്കുന്ന സ്വഭാവമാണു് ഇത്തരം രോഗികൾക്കുള്ളതു്. ഏതവസ്ഥയിലായാലും ഈ രോഗം മനോവൃത്തികളെ മുഴുവൻ തകരാറാക്കുന്നു. അതിരററ ആഹ്ലാദംകൊണ്ടും ആട്ടുകയും, പാട്ടുകയും, തുള്ളിച്ചാട്ടുകയും ചെയ്യുന്ന ഇവർ അസഹ്യമായ ദുഃഖഭാരംകൊണ്ട് മ്ലാനതപൂണ്ട് മിണ്ടാതിരിക്കുകയും ചെയ്യുന്നു. ഈ രണ്ടു് അവസ്ഥകൾക്കുമിടയിൽ സാധാരണപോലെ പെരുമാറുന്നതും കണ്ടേക്കാം. പലരിലും പലതരത്തിലാണു് ഈ രോഗം കാണപ്പെടുന്ന

തു്. ചിലക്കു് ആനന്ദാനുഭൂതിയും (Mania) മററുചില ക്കു് സന്താപാനുഭൂതിയും (Depression) മാത്രം ഉണ്ടാകു ന്നതും കാണാറുണ്ടു്. വൈകാരികവികാസത്തെ വിഘ്ന പ്പെടുത്തുന്ന സംഭവങ്ങൾ ശൈശവത്തിലുണ്ടായതാണു് ഈ രോഗത്തിന്നു് കാരണമെന്നു് പറയാം.

### 3. മനോനാശരോഗം (Schizophrenia)

മനോവൃത്തിരോഗങ്ങളിൽ ഏററവും പ്രധാനവും കഠിനവുമായതു് മനോനാശരോഗമാണു്. മിക്കവാറും ചെറുപ്രായത്തിൽത്തന്നെ ബാധിക്കുന്ന ഒരു രോഗമാണി തു്. അതിനാൽ ഇതിന്നു് യുവമനോനാശരോഗം (Dementia pxaecox) എന്നും പേരുണ്ടു്. ചിന്താകുഴ പ്പം, അനാവശ്യമായ ഭയം, അനിശ്ചിതാവസ്ഥ എന്നി വ ഈ രോഗത്തിൻെറ പ്രാരംഭലക്ഷണങ്ങളാണു്. രോ ഗം പിടിപെടുന്നതോടെ മനസ്സു് നിഷ്ക്രിയത്വത്തിലേ ക്കു് നീങ്ങുന്നു. കാലപ്പഴക്കംനിമിത്തം മസ്തിഷ്കത്തി ന്നും, സിരാസന്ധികൾക്കും, ഈ രോഗം കേടുവരുത്തിയേ ക്കും. അതിനാൽ ഇതൊരു മസ്തിഷ്കരോഗമാണെന്നു് ചിലർ തെററിദ്ധരിച്ചേക്കുന്നുവരും. മനോനാശരോഗം പല രൂപത്തിലും കാണപ്പെടാറുണ്ടു്. ചുററുപാടുകളോ ടുള്ള പൂർണ്ണമായ അശ്രദ്ധയാണു് ഇതിൻെറ പ്രധാന ല ക്ഷണം. വിദൂരസ്ഥമായ ഏതോ വസ്തുവിൽ ശ്രദ്ധ കേ ന്ദ്രീകരിച്ചപോലെ, നിശ്ചലരായി ഇരുന്നു് കാലം കഴി ക്കുന്ന സ്വഭാവം ഇത്തരക്കാരിൽ ചിലക്കുണ്ടാകും. ചോ ദ്യങ്ങൾക്കു് ഇവരിൽനിന്നു് ഉത്തരം കിട്ടുകയില്ല. ചോ ദ്യകർത്താവിനെ അശ്രദ്ധമായി ഒന്നു് നോക്കിയെന്നു് വ

രും. ഏതു് ഉല്ക്കടമായ പ്രേരകങ്ങൾക്കും ഇവരുടെ മൗനവ്രതത്തെ ഭഞ്ജിക്കാൻ വയ്യ. ഈ രോഗം ബാധിച്ച മററു ചിലർ അർത്ഥശൂന്യമായും അപ്രസക്തമായും പലതും നൊടിയുകയും, ചിലപ്പോൾ പരാക്രമങ്ങൾ കാണിക്കുകയും ചെയ്യും. മററു ചിലക്കു് മിഥ്യാനുഭൂതികൾ—വിശേഷിച്ചും ദൃശ്യവും ശ്രാവ്യവുമായവ—ഉണ്ടായിക്കൊണ്ടിരിക്കും. തങ്ങളുടേതായ ഒരു പ്രത്യേക ലോകത്തിലാണു് ഈ ഹതഭാഗ്യർ ജീവിക്കുന്നതു്. ഇക്കാരണത്താലാണു് ചുററുപാടുകളിൽ തികഞ്ഞ അശ്രദ്ധ ഇവർ കാണിക്കുന്നതു്. ഇവരെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കുക എന്നതു് ശ്രമകരമായ, ഒരുപക്ഷെ ദുസ്സാദ്ധ്യമായ ഒരു കാര്യമാണു്. തന്നിമിത്തം ഇവരെ ചികിത്സിക്കുന്നതു് വിഷമമേറിയ ഒരു കൃത്യമായിത്തീരുന്നു.

ഉപരിസൂചിതമായ മാനസികരോഗങ്ങളെല്ലാം വിസ്മരിതമായ തിക്തതാനുഭവങ്ങളുടെ അനന്തരഫലങ്ങളാണെന്നു് വരാം. അജ്ഞാതമായ അനുഭൂതികളെ സ്മൃതിപഥത്തിൽ കൊണ്ടുവരികയാണു് രോഗനിവാരണത്തിന്നുള്ള മാർഗ്ഗം. ഈ കൃത്യത്തെയാണു് മനശ്ശാസ്ത്രജ്ഞന്മാർ മാനസികാപഗ്രഥനമെന്നു് പറയുന്നതു്. മാനസികാപഗ്രഥനത്തിൻെറ ഉപകരണങ്ങൾ (Tools) ഉപാധികൾ (Conditions) പടികൾ (Stages) എന്നിവയെപ്പററി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ടു്.

അദ്ധ്യായം മൂന്നു്

# മാനസികാപഗ്രഥനത്തിൻെറ ലക്ഷ്യവും മാർഗ്ഗങ്ങളും

മാനസികരോഗങ്ങളുടെ തരങ്ങളും അവയുടെ ലക്ഷണങ്ങളും കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചുവല്ലോ. ഫ്രേയിഡിൻെറ അഭിപ്രായത്തിൽ അബോധമനസ്സിൻെറ പ്രക്രിയകളാണു് മിക്ക മാനസികരോഗങ്ങൾക്കും കാരണം. മനസ്സിൻെറ അവഗാഹതയിൽ സത്യാഗ്രഹസമരം നടത്തുന്ന സങ്കലനങ്ങളെ നിലക്കു നിർത്തിയാൽ മാത്രമെ, ആ പടഹധ്വനി അടങ്ങുകയുള്ളു. പുകഞ്ഞുകൊണ്ടിരിയ്ക്കുന്ന ഒരു അഗ്നിപർവ്വതം തപ്തമായ ദ്രവീകരണംകൊണ്ടു് മനോമണ്ഡലത്തെ തകത്തു് തരിപ്പണമാക്കുന്നതിന്നു് മുമ്പു് കരണീയമായ ഏററവും സുഗമ

മായ കൃത്യം ആ വികൃതിക്കുട്ടകളെ ഘൃണ്ടലിട്ട് പിടി ക്കുകയാണ്. ഇതത്രെ മാനസികാപഗ്രഥനം.

അപഗ്രഥനരീതികൾ രോഗിയുടെ പ്രായത്തേയും, രോഗത്തിന്റെ സ്വഭാവം, പഴക്കം, കാരണം, കാഠിന്യം എന്നിവയേയും ആശ്രയിച്ചിരിക്കുന്നു. കുട്ടികളെ സം ബന്ധിച്ചേടത്തോളം അവരുടെ ദിവാസ്വപ്നങ്ങൾ രോഗ കാരണം നിർണ്ണയിക്കുന്നതിന്നുതകുന്ന നല്ലൊരു മനോദർപ്പ ണമാണ്. എന്നാൽ മിക്ക കുട്ടികളും ഇവ വെളിപ്പെടു ത്താൻ വൈമനസ്യം കാണിച്ചേക്കും. ഇത്തരക്കാരുടെ മാനസികസംഘർഷങ്ങൾ നിർണ്ണയിക്കുന്നതിന്ന് ഇവരെ ചില ലീലകളിൽ വ്യാപൃതരാക്കി സൂക്ഷ്മമായി നിരീക്ഷി ക്കുകയാണ് വേണ്ടതു്. മുതിർന്നവരുടെ കാര്യത്തിൽ മ റുചില മാർഗ്ഗങ്ങൾ അനിവാര്യമായിത്തീരുന്നു. സൗ ഹാർദ്ദ സംഭാഷണങ്ങൾ, ചോദ്യാവലികൾ, ആരോപ കപരീക്ഷകൾ (Projective tests, നിരീക്ഷണങ്ങൾ, സ്വ പ്നവ്യാഖ്യാനങ്ങൾ എന്നിവകൊണ്ട് വിസ്മരിതമായ പൂ ർവ്വകാലാനുഭവങ്ങളെ സ്മൃതിപഥത്തിൽ കൊണ്ടുവന്ന് അവയ്ക്ക് പരിഹാരം കാണാൻ രോഗിയെ സഹായിക്കുക യാണ് ഒരു മാർഗ്ഗം. രോഗിക്ക് മനഃപരിവർത്തനമുണ്ടാ കുന്നതുവരെ ആവശ്യമായ ഉപദേശങ്ങൾ നല്കികൊണ്ടി രിക്കുകയാണ് മറെറാരുമാർഗ്ഗം.

## അപഗ്രഥനത്തിന്റെ ഉപാധികൾ

വിചിത്രചേഷ്ടകൾ, സ്വപ്നങ്ങൾ എന്നിവയെ പ്ര തീകാത്മകങ്ങളായി (Symbolic) പരിഗണിച്ചും, ആശയ സംയോജനംകൊണ്ട് (Association of ideas) അവയ്ക്ക്

വ്യാഖ്യാനം നല്കിയും, സാധാരണസ്ഥിതിയിലും വശീകൃതസ്ഥിതിയിലും (Hypnosis) യുക്തമായ വ്യപദേശങ്ങൾ (Suggestions) നല്കിയും രോഗകാരണങ്ങൾ കണ്ടെത്തി പ്രതിവിധി നിർദ്ദേശിക്കുന്ന സമ്പ്രദായത്തിന്നു് പൊതുവെയുള്ള പേരാണു് മാനസികാപഗ്രഥനമെന്നതു്. എന്നാൽ ഫ്രോയിഡ് ആവിഷ്കരിച്ച അപഗ്രഥനസമ്പ്രദായത്തിൽ വ്യപദേശത്തിന്നു് സ്ഥാനമില്ല. ശേഷിച്ച മാൎഗ്ഗങ്ങളെ മുറുകെ പിടിക്കുകയാണു് ഫ്രോയിഡ് ചെയ്യുന്നതു്. മാർഗ്ഗം ഏതായാലും ലക്ഷ്യം ഒന്നുതന്നെ. മാനസികാപഗ്രഥനത്തിൽ അവശ്യം ആവശ്യമായ ഒരു കാൎയ്യം ഭിഷഗ്വരനും രോഗിയും തമ്മിലുള്ള രഞ്ജിപ്പാണു്. ഇവക്കുതമ്മിൽ അസുഖമുണ്ടാകുമ്പോൾ പ്രതിവിധിക്കു് കാലതാമസമുണ്ടാകും; ചിലപ്പോൾ അസാദ്ധ്യമായിത്തീൎന്നെന്നും വരും. അതിനാൽ ഭിഷഗ്വരൻ നല്ല നയജ്ഞനും, ക്ഷമാശീലനും, ദീനദയാലുവുമായിരിക്കണം. ജീവിതവീക്ഷണത്തിൽ തൃപ്തികരമായ രഞ്ജിപ്പുണ്ടാക്കുകയാണു് അപഗ്രഥനത്തിൻെറ ലക്ഷ്യം. ഇക്കാൎയ്യം ഭിഷഗ്വരൻ മറക്കരുതു്. രോഗിയോടു് സൗഹാർദ്ദത്തിൽ വർത്തിക്കാൻ സാധിക്കാത്ത ചികിത്സകന്നു് രോഗിയുടെ മനസ്സിൽ പരിവൎത്തനമുണ്ടാക്കാൻ വയ്യ. ഫ്രോയിഡിൻെറ ഭാഷയിൽ പറഞ്ഞാൽ, "അപഗ്രഥനം ചെയ്യുമ്പോൾ രോഗിക്കു് പറയാനാവാത്ത പലതും ഭിഷഗ്വരൻ പറയേണ്ടിവരും; തോന്നാത്ത ആശയങ്ങൾ വ്യഞ്ജിപ്പിക്കേണ്ടിവരും; ഉദ്ദിഷ്ടകാൎയ്യം സാധിക്കുന്നതിന്നു് രോഗിയുടെ ശ്രദ്ധ തിരിച്ചുവിടേണ്ടിവരും; മാനസികാപഗ്രഥനം നിഷ്പക്ഷമായൊരു ശാസ്ത്രീയഗവേഷണമല്ല, മറിച്ചു് ചികിത്സാപരമായ ഇടപെടലാണു്." ഇതിൽനിന്നു്

നയജ്ഞനായ ഭിഷഗ്വരന്നു് മാത്രമെ ഫലപ്രദമായി ചികിത്സിക്കാനാവൂ എന്നു് മനസ്സിലാക്കാം.

## അപഗ്രഥനത്തിൻെറ ഉപകരണങ്ങൾ

മനസ്സിൻെറ ക്രമക്കേടുകൾനിമിത്തമാണല്ലോ മിക്ക മാനസികരോഗങ്ങളും ഉണ്ടാകുന്നതു്. മാനസികസംഘർഷങ്ങളും വ്യക്തിത്വത്തിൻെറ വൈരൂപ്യങ്ങളുമാണു് ഇവയ്ക്കു് കളമൊരുക്കുന്നതു്. അതിനാൽ വൈരൂപ്യങ്ങൾ കണ്ടുപിടിക്കൽ അപഗ്രഥനത്തിൻെറ അവിഭാജ്യമായൊരു ഘടകമായിത്തീരുന്നു. ഇതിന്നു് പല മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്താറുണ്ടു്. അവയിൽ ഒന്നാണു് ആരോപക പരീക്ഷകൾ. ഇവയ്ക്കു് വിധേയരാകുന്ന രോഗികൾ തങ്ങളുടെ ആത്മബോധത്തെ ക്ഷതപ്പെടുത്തുന്ന മനോവ്യാപാരങ്ങൾ അന്യരിൽ ആരോപിക്കുന്നു. അബോധമനസ്സിൻെറ കുതന്ത്രങ്ങൾ വെളിപ്പെടുത്താൻ ഇത്തരം പരീക്ഷകൾ സഹായിക്കും. പദസംയോജനം (Word Association) വാക്യപൂരണം (Sentences Completion) എന്നിവയാണു് ആരോപക പരീക്ഷകളുടെ രണ്ടുരീതികൾ.

ഒരു പ്രേരകം നല്കി (Stimulus) അതിന്നു് പെട്ടെന്നുണ്ടാകുന്ന പ്രതികരണം (Response) പഠിക്കുകയാണു് പദസംയോജനരീതിയുടെ ഉദ്ദേശ്യം. രോഗിയുടെ അബോധമനസ്സിൽ കുടികൊള്ളുന്ന സങ്കലനങ്ങൾ വെളിപ്പെടുത്തുന്നതിന്നിതുപകരിക്കും. പ്രതികരണത്തോടൊപ്പം അതിന്നെടുത്ത സമയവും പരിഗണിക്കപ്പെടും. പ്രതികരണമില്ലാതിരിക്കുമ്പോഴും, പ്രേരകപദം ഉരുവിട്ട

മ്പോഴും. രോഗിയുടെ വൈകാരിക പ്രതിബന്ധങ്ങൾ ഊഹിക്കാവുന്നതാണ്.

വാക്യപൂരണത്തിൻെറ തത്വവും ഇതുതന്നെയാണ്. പെട്ടെന്നു കൂട്ടിച്ചേർക്കുന്ന പദങ്ങൾ അന്തർപ്രേരിതമായിരിക്കും. കാലവിളംബം വരുത്തുകയോ വൈമനസ്യം കാണിക്കുകയോ ചെയ്യുകയാണെങ്കിൽ രോഗിയുടെ അന്തരംഗം വൈകാരികസംഘർഷത്തിൻെറ കേളീരംഗമാണെന്ന് അനുമാനിക്കാം. പൂർത്തിയാക്കപ്പെട്ട വാക്യങ്ങൾ പരിശോധിച്ചാൽ രോഗിയുടെ ആശകൾ, ആശങ്കകൾ, അസ്വാസ്ഥ്യങ്ങൾ, മനോഭാവം എന്നിവ ഗ്രഹിക്കാൻ കഴിയും.

വ്യക്തിത്വത്തിൻെറ വൈരൂപ്യങ്ങൾ കണ്ടുപിടിക്കാനുള്ള മറെറാരു മാർഗ്ഗം ചോദ്യാവലിയാണ്. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ രോഗിയുടെ മാനസികസംഘർഷങ്ങൾ വെളിപ്പെടുത്തും. വ്യക്തിത്വത്തെ പലരും പലവിധത്തിലാണ് തരംതിരിച്ചിട്ടുള്ളത്. അതിനാൽ വ്യത്യസ്തമായ ചോദ്യാവലികൾ കൊണ്ട് വ്യക്തിത്വത്തിൻെറ നാനാവശങ്ങൾ പഠിക്കേണ്ടിവരും. ദൃഷ്ടാന്തമായി, കാൾഗുസ്റ്റവ് യുങ്ങ് വ്യക്തികളെ അന്തർമുഖികളെന്നും (introverts), ബഹിർ മുഖികളെന്നും (extroverts) രണ്ടായി തരം തിരിച്ചതായി കാണാം. രോഗി ഏതു തരത്തിൽ പെടുമെന്നു് തീരുമാനിക്കുന്നതിന്നു താഴെ കൊടുത്ത മാതൃകയിലുള്ള ചോദ്യാവലി ആവശ്യമാണ്.

'ഉണ്ട്' എന്നോ 'ഇല്ല' എന്നോ ഉത്തരം പറയുക

1. നിങ്ങൾ അധികം ചിന്തിക്കാറുണ്ടോ? ....ഉണ്ട്-ഇല്ല.
2. വിശദാംശങ്ങൾ ശ്രദ്ധിക്കാറുണ്ടോ? ... ...ഉണ്ട്-ഇല്ല.
3. തനിച്ചിരിക്കാൻ ഇഷ്ടപ്പെടുന്നുണ്ടോ?.,...ഉണ്ട്-ഇല്ല
4. അഭിപ്രായം വേഗത്തിൽ മാറ്റാറുണ്ടോ? ...ഉണ്ട്-ഇല്ല
5, മറ്റുള്ളവരുമായി സഹകരിക്കാറുണ്ടോ? ...ഉണ്ട്-ഇല്ല
6. തീരുമാനമെടുക്കുന്നതിന്നു് മുമ്പ് അധികം ചിന്തിക്കാറുണ്ടോ? ...ഉണ്ട്-ഇല്ല.
7. സ്തുതിക്കപ്പെട്ടമ്പോൾ പ്രവൃത്തി നന്നാക്കാറുണ്ടോ? ...ഉണ്ട്-ഇല്ല.
8. നിങ്ങളെപ്പററി മാത്രം ചിന്തിക്കാറുണ്ടോ? ...ഉണ്ട്-ഇല്ല.
9 മററുള്ളവരെ നിരീക്ഷിക്കാറുണ്ടോ? ... ...ഉണ്ട്-ഇല്ല.
10. പൊതുയോഗങ്ങളിൽ സംബന്ധിക്കാറുണ്ടോ? ...ഉണ്ട്-ഇല്ല.

അന്തർമുഖികളുടെയും ബഹിർമുഖികളുടേയും സ്വഭാവവ്യത്യാസങ്ങൾ അറിയുന്ന അപഗ്രഥകന്നു് ഈ ചോദ്യാവലിക്കുള്ള ഉത്തരങ്ങളിൽനിന്നു് രോഗിയുടെ വ്യക്തിത്വം ഏതു തരത്തിൽ പെട്ടതാണെന്നു് അനായാസേന ഗ്രഹിക്കാൻ കഴിയും.

## സ്വപ്നങ്ങൾ—മറെറാരുപകരണം

മാനസികരോഗങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒന്നാംതരം യവനികയാണു് സ്വപ്നങ്ങൾ. ഭൂതപിശാചുക്കളു

ടേയോ, മരിച്ച് മണ്ണടിഞ്ഞ പൂർവ്വീകന്മാരുടേയോ സമാഗമത്തെയാണ് സ്വപ്നങ്ങൾ കുറിക്കുന്നതെന്നു് വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. കാലദേശാദിഘടകങ്ങളുടെ വിചിത്രമായ സമ്മേളനമാണ് ഈ തെററിദ്ധാരണയ്ക്കും ഇടവരുത്തിയതു്. മനശ്ശാസ്ത്രത്തിൻെറ വളർച്ചയോടെ സ്വപ്നങ്ങളെക്കുറിച്ചുള്ള ധാരണയിൽ ഗണ്യമായ മാററമുണ്ടായിട്ടുണ്ട്. സ്വപ്നങ്ങൾ പ്രതീകാത്മകമാണെന്നും (Symbolic) അബോധമനസ്സിൽ അമർന്നിരിക്കുന്ന നിറവേറാത്ത അഭിലാഷങ്ങളാണ് സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടുന്നതെന്നും ഫ്രോയിഡ് പറയുന്നു. എല്ലാതരം സ്വപ്നങ്ങളുടേയും ഉറവിടം അബോധമനസ്സാണെന്ന വാദം അപ്പടി സ്വീകരിച്ചുകൂട. കാരണം ഉപബോധമനസ്സിൻെറ പ്രവർത്തനം നിമിത്തവും ദേഹാസ്വാസ്ഥ്യം ഹേതുവായും സ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. വിശന്നുവന്നു വിഭവസമൃദ്ധമായ സദ്യയും, ദരിദ്രന്നു് അളവററ ദ്രവ്യവും, കാമുകന്നു് കാമുകിയും, കുടിൽവാസിക്കു് കൊട്ടാരവും, പരവശന്നു് പരിഹാരവും ലഭിക്കുന്ന സ്വപ്നങ്ങൾ ദുർല്ലഭമല്ലല്ലോ. ഇവയെല്ലാം ചിരകാലാഭിലാഷങ്ങളുടെ അവതാരമാണെന്നു് വരാം. തന്നിമിത്തം അബോധമനസ്സുമായി ഇവയ്ക്കു് ബന്ധമുണ്ടെന്നു ഫ്രോയിഡ് പറയുന്നു. പ്രതീകാത്മക സ്വപ്നങ്ങളെ നാടകങ്ങളോടുപമിക്കാം.

## അണിയറവേഷവും അരങ്ങ്‌വേഷവും

ഒരു നാടകം അരങ്ങേറുന്നതിന്നുമുമ്പ് അണിയറയിൽ നടക്കുന്ന വേഷവിധാനാദി ഒരുക്കങ്ങളെക്കുറിച്ച്

പ്രേക്ഷകർ അറിഞ്ഞില്ലെന്നുവരാം. ഒരു കഥാതന്തു, അതിൽ കുറെ പാത്രങ്ങൾ—ഇത്രമാത്രമാണ് കാണികൾ ഗ്രഹിക്കുന്നതു്. സംവിധായകൻെറ സാമർത്ഥ്യമോ, വേഷക്കാരുടെ തനിനിറമോ പ്രേക്ഷകരുടെ ദൃഷ്ടിയിൽ തൽക്ഷണം പെട്ടില്ലെന്നു് വരും. ഇതു് നാടകത്തിൻെറ വിജയത്തിന്നും, ആസ്വാദ്യതയ്ക്കും ആവശ്യമാണുതാനും. യഥാർത്ഥത്തിൽ അണിയറയിൽ ഒരു വേഷവും, അരങ്ങത്തു് മറെറാരു വേഷവുമാണ് അഭിനേതാക്കൾക്കുള്ളതു്.

ആളെ തിരിച്ചറിയാതിരിക്കാനും, യാഥാർത്ഥ്യത്തിൻെറ നിഴൽ വീശാനും സംവിധായകൻ പ്രയോഗിച്ചിട്ടുള്ള ഒരു സൂത്രമാണിതു്. കഥയുടെ സാരമായ ഭാഗമൊഴിച്ച് ശേഷിച്ചവയിൽ ചില്ലറ വ്യതിയാനങ്ങൾ വരുത്തേണ്ടതു് ചിലപ്പോൾ ഒരാവശ്യമായും തീരാറുണ്ട്. കഥയുടെ ദൈർഘ്യം, അഭിനയത്തിന്നാവശ്യമായ സമയം, കാണികളുടെ താല്പര്യം എന്നിവ പരിഗണിച്ച് സംവിധായകൻ നാടകത്തെ നീട്ടുകയോ, കുറയ്ക്കുകയോ ചെയ്യുന്നതും സ്വാഭാവികമാണ്. ചില സാങ്കേതിക കാരണങ്ങളാൽ സിംഹാസനത്തിന്നു് പകരം കസേലയും, വാളിന്നുപകരം വടിയും, രക്തത്തിന്നു് പകരം മഷിയും, കള്ളിന്നുപകരം കഞ്ഞിവെള്ളവും, പശ്ചാത്തലദൃശ്യങ്ങൾക്കു പകരം ചിത്രപടങ്ങളും ഉപയോഗിക്കുന്നതു് ഇന്നു് സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. പ്രേക്ഷകരുടെ സ്വഭാവം, താല്പര്യം, സന്ദർഭം എന്നിവയ്ക്കനുസരിച്ച് പ്രത്യേക രസങ്ങൾക്ക് പ്രാമുഖ്യം കല്പിക്കുന്നതും സംവിധാനത്തിൻെറ നേട്ടങ്ങളിൽ പെട്ടതാണ്.

ഇതുപോലെ സ്വപ്നനാടകത്തിന്നും ഒരു അണിയറയും സംവിധായകനുമുണ്ട്. അണിയറ അബോധമനസ്സും, സംവിധായകൻ സെൻസറുമാണ്. സംവിധാനം ചെയ്യുന്നതു് സെൻസറാണെന്ന കാര്യം ഫ്രോയിഡ് തുറന്നുപറയുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ സ്വപ്നവ്യാഖ്യാനങ്ങളിൽനിന്നു് ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്. സ്വപ്നങ്ങളുടെ ആന്തരഘടകം (Latent Content) അണിയറവേഷത്തിന്നും, ബാഹ്യഘടകം (Manifest Content) അരങ്ങ്വേഷത്തിന്നും സദൃശമാണ്. സെൻസറുടെ വിലക്കുനിമിത്തമാണു് സ്വപ്നാശയങ്ങൾക്കു് ഈ വേഷവൈവിധ്യമുണ്ടാകുന്നതു്. ബോധമനസ്സിനെ വഞ്ചിക്കുകയാണത്രെ പ്രച്ഛന്നവേഷത്തിന്റെ ഉദ്ദേശ്യം. അതിനാൽ ബാഹ്യഘടകത്തിന്റെ തനിനിറം കാണണമെങ്കിൽ അണിയറയിൽ (അബോധമനസ്സിൽ) കടന്നുചെല്ലണം.

സ്വപ്നരൂപീകരണത്തിൽ പ്രതീകവൽകരണം (Symbolisation), സ്ഥാനമാററം (Displacement), സംക്ഷേപണം (Condensation), വിശദാംശ വിപുലീകരണം (Secondary elaboration) എന്നീ കൃത്യങ്ങൾ നടക്കുന്നതു്കൊണ്ടാണ്, അതായതു്, ബാഹ്യഘടകത്തിന്റെ മായാവലയിൽ കുടുങ്ങുന്നതുകൊണ്ടാണ്, സ്വപ്നദർശിക്കു് അതിന്റെ ആന്തരാർത്ഥം ഗ്രഹിക്കാൻ സാധിക്കാത്തതു്. സ്വപ്നസുഖം അനുഭവിച്ചുകൊണ്ടു് ഗാഢമായി ഉറങ്ങുന്ന ബോധമനസ്സിനെ അലട്ടാതിരിക്കാനായി മറെറാരു രക്ഷാനടപടി കൂടി സെൻസർ കൈക്കൊള്ളുന്നുണ്ടത്രെ. സ്വപ്നാശയങ്ങളെ പ്രച്ഛന്നവേഷമണിയിക്കുന്നതിന്നു് മുമ്പ് അവയുടെ വൈകാരികതീക്ഷ്ണതയിൽ അയവ് വരു

ത്തി മയപ്പെട്ടത്തുകയാണിത്ത്. ഇതിന്റെ ഫലമായി ചില പ്പോൾ ആന്തര-ബാഹ്യഘടകങ്ങൾ വിരുദ്ധരസപ്രധാന ങ്ങളായിത്തീൎന്നേക്കുമെന്നും ഫ്രോയിഡിൻെറ അനുകൂലി കൾ ചൂണ്ടിക്കാട്ടുന്നുണ്ട്. അതിനാൽ ഇക്കാര്യങ്ങളെ ല്ലാം പരിഗണിച്ചാവണം സ്വപ്നങ്ങൾക്ക് വ്യാഖ്യാനം നൽകുന്നത്.

## സ്വപ്നവ്യാഖ്യാനത്തിന്നു ചില മാതൃകകൾ

ബക്കിങ്ങാംകൊട്ടാരത്തിൽ ഒരു തേയിലസല്ക്കാരത്തി ന്ന് പോയപ്പോൾ മററുള്ളവൎക്ക് നൽകിയ മാന്യമായ സ്ഥാനം തനിക്ക് രാജകീയദമ്പതികൾ നല്കിയില്ലെന്ന് ഒരു ഇംഗ്ലീഷ്കാരൻ സ്വപ്നം കാണുകയുണ്ടായി. തൻെറ അഭിപ്രായത്തിൽ അസംഗതമായ ഈ സ്വപ്നത്തെക്കു റിച്ച് അയാൾ ചിന്തിക്കുകയോ, അതിൻെറ ആന്തരാർ ത്ഥം ഗ്രഹിക്കാൻ ശ്രമിക്കുകയോ ചെയ്തിരുന്നില്ല. പ്ര സിദ്ധ മനഃശാസ്ത്രജ്ഞനായ ചെക്സൂഗൽ ഇയാളോട്ട് ആത്മപരിശോധന നടത്താൻ ആവശ്യപ്പെട്ടു. അപ്പോൾ മാത്രമാണ്, ലോകമഹായുദ്ധകാലത്ത് മുന്നണിയിൽ സ്തു ത്യർഹമായ സേവനമനുഷ്ഠിച്ചിട്ടും ഉദ്യോഗക്കയററമോ മററു ബഹുമതികളോ നൽകാത്തതിൽ തനിക്ക് കുണ്ഠിത വും നൈരാശ്യവും ഉണ്ടായിരുന്നുവെന്ന് ആ ഉദ്യോഗ സ്ഥൻ വെളിപ്പെടുത്തിയത്. മാനസികസംഘർഷത്തി ൻെറ ഫലമായി ഇയാൾക്കു ക്ഷീണാനുഭൂതി പിടിപ്പെ ട്ടിരുന്നുവെന്ന് പിന്നീട്ട് തെളിയുകയും ചെയ്തു. ഈ സ്വപ്നം പ്രതീകാത്മകമാണെന്ന് പറയേണ്ടതില്ലല്ലോ. രാജകീയദമ്പതിമാർ മേലധികാരികളെയും, തേയിലസ

ല്ലാരത്തിലെ അവഗണന അവരുടെ അനീതിയേയും പ്രതിനിധാനം ചെയ്യുന്നു.

ഏഴവയസ്സ് പ്രായമായ ഒരു കുട്ടി ഒരിക്കൽ ഒരു രാക്ഷസനെ കൊന്നതായി സ്വപ്നം കാണുകയുണ്ടായി. അപഗ്രഥനത്തിൽനിന്നു മനസ്സിലായതു് രാക്ഷസൻ അവൻെറ ജ്യേഷ്ഠൻതന്നെയാണെന്നാണു്. തന്നോട്ടു് മാതാപിതാക്കൾ വേണ്ടത്ര വാത്സല്യം കാണിക്കുന്നില്ലെന്നു് കുട്ടിക്കു് തോന്നിത്തുടങ്ങിയിട്ടു് കുറച്ചുകാലമായി അതിനാൽ തന്നോടുള്ള സ്നേഹത്തെ അപഹരിക്കുന്ന ജ്യേഷ്ഠനെ എങ്ങിനെയെങ്കിലും തകർക്കണമെന്നു് ആ കുട്ടി ഉദ്ദേശിച്ചിരുന്നുവത്രെ. ഈ അഭിലാഷപൂർത്തീകരണമാണു് സ്വപ്നംകൊണ്ടു് സാധിച്ചതു്. സമർത്ഥനായ സെൻസർ (സംവിധായകൻ) കുട്ടിയെ അപരാധബോധത്തിൽ നിന്നു് രക്ഷിക്കാൻവേണ്ടി ജ്യേഷ്ഠനുപകരം ഒരു രാക്ഷസനെ അവതരിപ്പിച്ചുവെന്നുമാത്രം. രാക്ഷസനെ കൊല്ലുന്നതു് ധീരതയുടെ ലക്ഷണമാണല്ലോ. അങ്ങിനെ സ്വപ്നത്തിലാണെങ്കിലും മാതാപിതാക്കളുടെ അഭിനന്ദനവും വാത്സല്യവും കുട്ടി നേടുകയും ചെയ്തു.

മേലുദ്ധരിച്ച രണ്ടു് സ്വപ്നങ്ങളും താരതമ്യേന സരളമാണു്. മാനസികസംഘർഷത്തിൻെറ കാഠിന്യമനുസരിച്ചു് സ്വപ്നത്തിൻെറ ബാഹ്യഘടകം സങ്കീർണ്ണമായിത്തീരും. ഉദാഹരണമായി, മെൻഡൽ ഷെർമേൻ (Mandel Sherman) വിവരിക്കുന്ന രണ്ടു സ്വപ്നങ്ങൾ പരിശോധിക്കാം.

പത്തൊമ്പതു് വയസ്സായ ഒരു കുട്ടി ഒരു ദിവസം തിക്കും തിരക്കുമുള്ള ഒരു തെരുവിൽ വീട്ടിലേക്കുള്ള വഴി അറിയാതെ വിഷമിക്കുകയായിരുന്നു. വഴിപോകുന്നവരിൽ ആരുംതന്നെ അവനെ തിരിച്ചറിയുകയോ അവന്റെ വീട്ടിലേക്കുള്ള വഴി കാണിച്ചുകൊടുക്കുകയോ ചെയ്തില്ല. കുറച്ച് കഴിഞ്ഞപ്പോൾ സുമുഖനായ ഒരു മദ്ധ്യവയസ്കൻ അവനെ അയാളുടെ സ്വന്തം വീട്ടിലേക്ക് കൂട്ടികൊണ്ട് പോകുകയും മാന്യമായ ഒരു ജോലി നൽകുകയും ചെയ്തു അങ്ങിനെ സുഖകരവും സ്വതന്ത്രവുമായ ജീവിതം നയിച്ചുകൊണ്ടിരിക്കെ പലപ്പോഴും ഗ്രാമത്തിലുള്ള തന്റെ വീട്ടിലേക്ക് തിരിച്ചുപോകാൻ ആ കുട്ടി വിഫല ശ്രമം നടത്തുകയുണ്ടായി. ഇതായിരുന്നു സ്വപ്നം. അപഗ്രഥനത്തിന്റെ ഫലമായി വെളിവാക്കപ്പെട്ട യാഥാർത്ഥ്യങ്ങൾ ഇതായിരുന്നു. ഈ കുട്ടി ഒരു ദത്തുപുത്രനാണ്. ഒരു കൊല്ലം മുമ്പ് മാത്രമാണ് ഈ കാര്യം അവൻ ഗ്രഹിച്ചതു്. അതോടെ തന്റെ വളർത്തച്ഛനമ്മമാർ തന്നോട് വിവേചനം കാണിക്കുന്നുണ്ടെന്ന മിത്ഥ്യാബോധം അവനുണ്ടായി; അരക്ഷിതാവസ്ഥ അനുഭവപ്പെട്ടു; ദിവാസ്വപ്നങ്ങൾ കണ്ടുതുടങ്ങി; പഠിപ്പിൽ ശ്രദ്ധയില്ലാതായി; ഓടിപ്പോയി സ്വതന്ത്രനായി ജീവിക്കാൻ പലതവണ വിചാരിച്ചു. ഇതിന്റെയെല്ലാം ഫലമായിരുന്നു കുട്ടിയുടെ സ്വപ്നം സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി അവന്നു് നല്ലൊരു ജോലി നൽകിയ സുമുഖൻ കുട്ടിയുടെ അച്ഛന്റെ പ്രതീകമാണു്. ചെറുപ്പം തന്നെ വളർത്തിയവരോട് കൃതഘ്നത കാണിച്ചുവെന്ന അപരാധത്തിൽ നിന്നു് കുട്ടിയെ രക്ഷപ്പെടുത്താൻവേണ്ടിയാണു് സെൻസർ അവനെകൊണ്ടു് ഗ്രാമവീട്ടിലേക്ക് തിരിച്ചു

പോകാൻ വിഫലശ്രമം ചെയ്യിച്ചതു്. ആ നഗരത്തിൽ കുട്ടി അനുഭവിക്കേണ്ടിവന്ന വൈഷമ്യങ്ങൾ അവന്റെ മാനസികസംഘർഷങ്ങളെയാണു് പ്രതിനിധാനം ചെയ്യുന്നതു്,

ഇരുപതു് വയസ്സായ ഒരു യുവാവ് കണ്ട സ്വപ്നം ഇതായിരുന്നു. ഗ്രാമപ്രദേശത്തുള്ള തന്റെ പുതിയ വീട്ടിൽ രണ്ടു് സഹപാഠികളുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരാൾ ഓടിവന്നു് ആ യുവാവിന്റെ കന്നുകാലികളെല്ലാം ഓടിപ്പോയെന്നു് അറിയിച്ചു ഉടനെ അവയെ തേടിപ്പിടിക്കാനായി യുവാവ് പുറപ്പെട്ടു. വഴിയിൽവെച്ച് ചിലർ അയാളുടെ തകന്ന വേലിയെപ്പററി സംസാരിക്കുന്നതും കേട്ടു, വേലി നന്നാക്കുകയും കന്നുകാലികളെ തരിച്ചുകൊണ്ടുവരികയും ചെയ്തിട്ട് വീട്ടിലേക്കു് മടങ്ങിവന്നപ്പോഴെക്കും തന്റെ സുഹൃത്തുക്കൾ സ്ഥലംവിട്ടിരുന്നു. സ്വപ്നവ്യാഖ്യാനത്തിൽനിന്നു് വെളിപ്പെട്ട കാര്യങ്ങൾ ഇതായിരുന്നു. കഴിഞ്ഞ ആറുമാസക്കാലമായി ഈ യുവാവ് വിവാഹിതനായ ഒരു യുവതിയുമായി പ്രേമബന്ധത്തിലായിരുന്നു. ഒരു ശിശുവിന്റെ മാതാവുകൂടിയായ പ്രസ്തുത യുവതിക്കു് പെട്ടെന്നു് വിവാഹമോചനം സാധ്യമായിരുന്നില്ല. തന്റെ രാഗവായ്പിനെപ്പററി അച്ഛനമ്മമാർ അറിഞ്ഞാൽ അവർ തന്നെ വെറുക്കുമെന്നും, വിവാഹത്തിന്നു് കാലവിളംബം വരികയാണെങ്കിൽ തന്റെ പ്രേമഭാജനം തന്നെ കയ്യൊഴിക്കുമെന്നും ഈ യുവാവ് ഭയന്നിരുന്നു. ഈ സംഘർഷത്തിന്റെ സന്താനമാണു് യുവാവിന്റെ സ്വപ്നം. വേലിയുടെ തകർച്ച് സ്വഭാവദൂഷ്യത്തെയും, വേലി നന്നാക്കാൻ ശ്രമിച്ചതു് സ്വഭാവസംസ്കരണോദ്യമത്തെയും, സുഹൃത്തുക്ക

ളുടെ തിരോധാനം കാമുകിയുടെ തിരസ്കരണത്തേയും കാണിക്കുന്നു.

സ്വപ്നങ്ങൾ പ്രതീകാത്മകമാണെന്നും, സ്ഥാന മാററം, സാക്ഷേപണം, വിപുലീകരണം എന്നിവ ഉണ്ടാകുന്നുണ്ടെന്നും മേലുദ്ധരിച്ച സ്വപ്നങ്ങളിൽ നിന്നു ഗ്രഹിക്കാം. അടങ്ങാത്ത അഭിലാഷങ്ങളുടേയും ഒതുങ്ങാത്തത്ത പരാജയബോധത്തിൻെറയും, നിലക്കാത്ത ഉൽക്കണ്ഠയുടേയും പ്രതീകാത്മകമായ പ്രതിനിധാനമാണ് സ്വപ്നങ്ങളെന്നു് പറയാം. തനി നിറത്തിൽ ബോധാവസ്ഥയെ പ്രാപിക്കാൻ കഴിയാത്തതുകൊണ്ടാണ് സ്വപ്നാശയങ്ങൾ പ്രച്ഛന്നവേഷമണിയുന്നതു്. ബാഹ്യഘടകത്തിൻെറ ആന്തരാൎത്ഥം ഗ്രഹിക്കാൻ കഴിയാത്ത രോഗികൾ തങ്ങളുടെ സ്വപ്നങ്ങൾ വെളിപ്പെടുത്താൻ മടിക്കുകയില്ല അതിനാൽ ചികിത്സകന്നു് രോഗിയുടെ സ്വപ്നങ്ങൾ പ്രയോജനകരമായിത്തീരുന്നു. ആശയസംയോജനംകൊണ്ടും, അപഗ്രഥനംകൊണ്ടും സ്വപ്നസാരം ഗ്രഹിക്കാൻ ഭിഷഗ്വരന്നു് കഴിയും.

സ്വപ്നാശയവുമായി ബന്ധപ്പെട്ട അനുഭൂതികൾ തങ്ങൾക്കുണ്ടായിട്ടില്ലെന്നു് പറയുന്ന രോഗികളും വിരളമല്ല. ഇത്തരം സന്ദർഭങ്ങളിൽ ഭിഷഗ്വരൻ വിഷമത്തിലാകും. ഫ്രോയിഡ്തന്നെ തൻെറ "സ്വപ്നവ്യാഖ്യാനം" എന്ന ഗ്രന്ഥത്തിൽ ഇതിന്നു് ഒരു ദൃഷ്ടാന്തം നല്കിയിട്ടുണ്ടു്. സ്വപ്നത്തിൽ കണ്ട ഒരു ചെടിയുടെ ലത്തീൻ നാമം സ്വപ്നദർശിക്കു് പറയാൻ കഴിഞ്ഞു. എന്നാൽ ആ രൂപം താൻ മുമ്പൊരിക്കലും പഠിച്ചിട്ടില്ലെന്നു് അ

യാൾ ഉറപ്പിച്ചു പറയുകയും ചെയ്തു. ഫ്രോയിഡ് വിഷമത്തിലായി. തൻെറ സ്വപ്നവ്യാഖ്യാനത്തിൻെറ അടിത്തറ ഇളകുന്നതായി അദ്ദേഹത്തിന്നു് തോന്നി. എന്നാൽ ഭാഗ്യമെന്നു് പറയട്ടെ, കുറച്ച് ദിവസങ്ങൾക്കു ശേഷം തൻെറ പഴയ നോട്ടുപുസ്തകം പരിശോധിച്ചപ്പോൾ ആ പദം ഒരിടത്തു് കുറിച്ചുവെച്ചതായി കണ്ടുവെന്നു് സ്വപ്നദർശി ഫ്രോയിഡിനെ അറിയിച്ചു. അപ്പോൾ അദ്ദേഹത്തിന്നുണ്ടായ ആനന്ദാനുഭൂതി അവർണ്ണനീയമായിരുന്നു.

## പ്രതീകാത്മകചേഷ്ടകൾ—വേറൊരുപകരണം

പ്രതീകാത്മക സ്വപ്നങ്ങളെപ്പോലെ പ്രധാനമായ മറെറാരുപകരണമാണു് അസാധാരണചേഷ്ടകൾ. ഇവയിൽ ചിലതു് പ്രതീകാത്മകമാണെന്നു് ഫ്രോയിഡ് പറയുന്നു. മനോവൃത്തികൾ എത്രത്തോളം സങ്കീർണ്ണമാകുന്നുവോ അത്രത്തോളം സംഘർഷത്തിന്നു് ഉഗ്രത കൂട്ടുകയും, ചേഷ്ടകൾ പ്രതീകാത്മകമായിത്തീരുകയും ചെയ്യുന്നു. ദിവസേന പലപ്രാവശ്യം കുളിക്കുകയും ഇടക്കിടെ കൈ കഴുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നവർ ഹസ്തമൈഥുനം ചെയ്യുന്നവരോ,അമിതരായ ലൈംഗികാസ്വാദനം നടത്തുന്നവരോ ആണത്രെ. തങ്ങൾ ചെയ്ത കുററങ്ങൾ കഴുകിക്കളയുകയാണു് ഇക്കൂട്ടർ ചെയ്യുന്നതു്. ഇടക്കിടെ അടിവസ്ത്രം മാററുന്നവരും, സ്വന്തം തോർത്തുമുണ്ടു് മററുള്ളവർക്കു് നല്കാത്തവരും ഇപ്രകാരം ചെയ്യുന്നതു് തങ്ങളുടെ അശുദ്ധി മററുള്ളവർക്കു് പകരാതിരിക്കാൻവേണ്ടിയാണത്രെ. ഇത്തരം അസാധാരണ ചേഷ്ടകൾ പ്രകടിപ്പിച്ചിരുന്ന ഒ

രു സ്ത്രീയെ ചോദ്യംചെയ്തപ്പോൾ തൻെറ ആദ്യവിവാഹത്തിൽ അമിതമായി ലൈംഗികാസ്വാദനം ചെയ്തിരുന്നുവെന്നും, അതു് ധാർമ്മികമൂല്യങ്ങൾക്കെതിരായ ഒരു കൃത്യമായി താൻ കരുതിയിരുന്നുവെന്നും അവൾ വെളിപ്പെടുത്തുകയുണ്ടായി. ഈ ആശങ്കനിമിത്തമാണു് വികൃതചേഷ്ടകളുണ്ടായതു്. ഇതുപോലെ ദുർഗ്ഗന്ധംവമിക്കുന്ന വസ്തുക്കളോടും, അശുദ്ധമായ വസ്തു,സ്ഥലം എന്നിവയോടും കാണിക്കുന്ന അമിതമായ അമർഷവും അശുദ്ധിബോധത്തിൻെറ പ്രതീകങ്ങളാണു്. അമിതമായ ഭയം, ദൗർബ്ബല്യബോധം, അസ്വാസ്ഥ്യം എന്നിവയും ചില സന്ദർഭങ്ങളിൽ പ്രതീകങ്ങളാവാം.

ചില ചേഷ്ടകൾ പ്രതീകാത്മകമാണെന്നു് ഡോ: ആൽഫ്രഡ് ഏഡ്ലർ സമ്മതിക്കുന്നുണ്ടു്. എന്നാൽ ഇവയ്ക്കു് കാരണം മൈഥുനമല്ലെന്നും, അധമത്വസങ്കലന (Inferiority Complex) മാണെന്നും അദ്ദേഹം വാദിക്കുന്നു. വൃത്തിഹീനമായ സ്ഥലത്തേയും വസ്തുവേയും ബഹിഷ്കരിക്കുന്നതും, ഒന്നാംതരം ഹോട്ടലുകളിലും സിനിമാശാലകളിലും മാത്രം പോകുന്നതും അധമത്വവികാരങ്ങളെ (Inferiority Feelings) മാച്ചുവെക്കാൻവേണ്ടിയാണു്. നഖം കടിക്കൽ, വിരലീമ്പൽ, അസാധാരണമായ ഇമവെട്ടൽ എന്നിവയും പ്രതീകാത്മക ചേഷ്ടകളാണെന്നും ഫ്റോയിഡിൻെറ അനുയായികളിൽ ചിലർ പറയുന്നു. ഇത്തരം വിചിത്രമായ ശീലങ്ങൾ തുടങ്ങി അപസ്മാരഗോഷ്ടികൾവരെയുള്ള എല്ലാതരം അസാധാരണ ചേഷ്ടകളിലും പ്രതീകങ്ങളെ ദർശിക്കുന്നതു് ആശാസ്യമല്ലെന്നു പറയുന്നവരും ഇല്ലാതെയല്ല. എന്നാൽ ഒരു കാര്യമു

ണ്ടു്. ആഴിയിൽ ആണ്ടുപോകുന്നവന്നു് പിടികിട്ടുന്ന എന്തും വിലയേറിയതാണല്ലോ. ഇതുപോലെ രോഗകാരണം നിർണ്ണയിക്കാൻ വിഷമം നേരിടുമ്പോൾ രോഗിയുടെ പ്രതീകാത്മകചേഷ്ടകളെ വിദഗ്ദ്ധന്നു് പിടികൂടേണ്ടിവരും.

## അപഗ്രഥനത്തിൻെറ സ്വഭാവവും പടികളും

അബോധമനസ്സിൻെറ ഉള്ളടക്കത്തെ വെളിപ്പെടുത്തുകയാണു് അപഗ്രഥനത്തിൻെറ ലക്ഷ്യമെന്നു് പറഞ്ഞുവല്ലോ. കാലവിളംബം വരുത്തുന്ന ഒരു ചികിത്സാസമ്പ്രദായമാണിതു്. ഫ്റോയിഡിൻെറ അഭിപ്രായത്തിൽ ഈഡിപസ് സങ്കലനവുമായി ബന്ധപ്പെട്ട ശൈശവത്തിലെ അനുഭൂതികളെ വിശകലനംചെയ്തു അസാധാരണചേഷ്ടകൾക്കു് വിശദീകരണം നല്കുകയാണു് മാനസികാപഗ്രഥകൻ ചെയ്യുന്നതും, ചെയ്യേണ്ടതും. അതിനാൽ അബോധമനസ്സിൽ തങ്ങിനില്ക്കുന്ന തിക്താശയങ്ങളെ ശോധനചെയ്യാനുള്ള വിരേചനവൃത്തിയാണു് മാനസികാപഗ്രഥനമെന്നു് പറയാം. നല്ല ശോധനയ്ക്കുശേഷം ഉണ്ടാകാറുള്ള സുഖാനുഭൂതി അപഗ്രഥനത്തിന്നുശേഷം മാനസികരോഗിക്കുണ്ടാകുന്ന ദുഃഖഹേതു അന്യരെ അറിയിക്കുമ്പോൾ കദനഭാരം കുറയുന്നതുപോലെ, രോഗകാരണം അറിയുമ്പോൾ മനസ്സിന്നു് ആനന്ദവും, വികൃതചേഷ്ടകളുടെ എരിമുറുക്കത്തിന്നു് അയവുമുണ്ടാകുന്നു. അചിരേണ അരോഗാവസ്ഥയെ പ്രാപിക്കുന്നതിന്നു് ഇതു് വഴിതെളിയിക്കുന്നു. മാത്രമല്ല, അമർത്തപ്പെട്ട അനുഭവങ്ങളുടെ സ്മരണ, അവയോടു് ബന്ധപ്പെട്ട വേദനാജ

നകമായ ആശങ്കകളെ ഉണൎത്തുന്നതുകൊണ്ടു് അസാധാരണമായ ചില പ്രതികരണങ്ങൾക്കു് (Abreactions) അതു് വഴിവെക്കുന്നു. ശരീരം നല്ലവണ്ണം വിയൎക്കുന്നതോടൊപ്പം പനിയുടെ കാഠിന്യം കുറയുന്നതുപോലെ, മാനസിക രോഗിയുടെ അസാധാരണ പ്രതികരണങ്ങൾ പൂൎവ്വകാല വേദനകൾ ശമിപ്പിക്കാൻ ഉപകരിക്കുന്നു. ഇക്കാരണത്താൽ അഭിപ്രായഭിന്നതകൾ സംസാരിച്ചുതീൎക്കുന്ന ആധുനിക രാഷ്ട്രീയസമ്പ്രദായത്തോടു് മാനസിക അപഗ്രഥനത്തെ ചിലർ ഉപമിച്ചിട്ടുണ്ടു്. അപഗ്രഥനത്തിന്റെ ഉപകരണങ്ങളെക്കുറിച്ച് മുമ്പ് പ്രതിപാദിച്ചുവല്ലോ. ഇവയെല്ലാം ഒരൎത്ഥത്തിൽ മാനസികചികിത്സയുടെ പടികൾതന്നേയാണു്. എന്നാൽ ആശയസംയോജനം (Association of ideas) ബന്ധമാറ്റം (Transference situation) എന്നിവയാണു് അതിപ്രധാനമായ രണ്ടു് പടികൾ. ഇവയുടെ സവിശേഷതകൾ ഇനി പരിശോധിക്കാം.

## ആശയസംയോജനം—ഒരു പ്രധാന പടി

ഉപരിസൂചിതമായ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടു് രോഗത്തിന്റെ സ്വഭാവം, കാഠിന്യം എന്നിവ മനസ്സിലാക്കിയതിന്നുശേഷം രോഗിയെ സ്വസ്ഥമായി ഇരുത്തി മനസ്സിൽ തോന്നുന്ന ആശയങ്ങൾ വെളിപ്പെടുത്താൻ ഭിഷഗ്വരൻ ആവശ്യപ്പെടുന്നു. തോന്നുന്ന ആശയങ്ങൾ അപ്രസക്തമോ ആക്ഷേപകരമോ ആയാലും അവയെ നിസ്സങ്കോചം പ്രകാശിപ്പിക്കാൻ രോഗിയെ ഉപദേശിക്കുന്നു. രോഗി പറയുന്നതു് എന്തുമാവട്ടെ, അപ

ഗ്രഥകന്നു് അവ അർത്ഥഗർഭങ്ങളാണു്. കാരണം സ്വതന്ത്രവിഹാരത്തിൻെറ സൃഷ്ടികളല്ല ആ പദങ്ങൾ അബോധമനസ്സ് ആശയങ്ങളെ പുറത്തെറിയുകയാണു്. അവയിൽ പരസ്പരബന്ധമുള്ള ആശയങ്ങളെ ഭിഷഗ്വരൻ രേഖപ്പെടുത്തുന്നു. കൊഴിഞ്ഞുവീഴുന്ന ഇത്തരം ഇഴകളെ കൂട്ടിയിണക്കി നല്ലൊരു ചരിത്രശീല നെയ്തെടുക്കാൻ വിദഗ്ദ്ധനായ ഭിഷഗ്വരന്നു് കഴിയും. എന്നാൽ ചില ഘട്ടങ്ങളിൽ രോഗിയുടെ ആശയപ്രവാഹം നിലച്ചുപോയെന്നു് വരും. അതിന്നു് കാരണമില്ലാതെയല്ല. വേദനാജനകമായ പൂർവ്വാനുഭവങ്ങളോടടുക്കുമ്പോഴാണു് ഈ വിഘ്നം ഉണ്ടാകുന്നതു്. അപഗ്രഥകനെ സംബന്ധിച്ചേടത്തോളം, ഇത്തരം പ്രതിസന്ധിഘട്ടങ്ങൾ സ്വാഗതാർഹവും, വിജ്ഞാനപ്രദവുമാണു്. ആഴിയിൽ വലയിറക്കുന്ന മുക്കുവർ അവ വലിച്ചെടുക്കുന്നതു് ഘനം അനുഭവപ്പെടുമ്പോഴാണല്ലോ. ഇതുപോലെ സമർത്ഥനായ ഭിഷഗ്വരൻ ഇത്തരം ഘനങ്ങളെ (വിഘ്നങ്ങളെ) ശുഭോദർക്കമായി കരുതി രോഗിയുടെ ആശയസംയോജനത്തിന്നു് കൂടുതൽ പ്രോത്സാഹനം നല്കും. ഇങ്ങനെ ശ്രമകരമായി സംഭരിക്കുന്ന ആശയങ്ങളെ സംയോജിപ്പിച്ച് രോഗിയുടെ അബോധമനസ്സിൽ കുടികൊള്ളുന്ന തിക്താനുഭവങ്ങളെ വെളിപ്പെടുത്തി പ്രതിവിധി നിർദ്ദേശിക്കുകയാണു് വിദഗ്ദ്ധൻ ചെയ്യുന്നതു്.

## ബന്ധമാററം—അവസാനത്തെ പടി

അപഗ്രഥനത്തിൻെറ അവസാനത്തെ പടിയായി കരുതപ്പെടുന്നതും, ഇന്നും ഒരു തർക്കവിഷയമായി അവ

ശേഷിക്കുന്നതുമായ ഒരു സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുന്നതു്. രോഗിയും ഭിഷഗ്വരനും തമ്മിലുള്ള അടുപ്പം സുദൃഢവും സൗഹാർദ്ദപരവുമാകുമ്പോൾ ഒരു ബന്ധമാററം (Tranference situation) സംജാതമാകുന്നു. ഈ ഘട്ടത്തിൽ തൻെറ രക്ഷിതാവാണ് മുമ്പിലിരിക്കുന്ന ആളെന്നു് രോഗിക്കു് തോന്നുന്നു. അപ്പോൾ തൻെറ മാതാപിതാക്കളോടു് ശൈശവത്തിൽ പെരുമാറിയ അതേ രീതിയിൽ രോഗി വിദഗ്ദ്ധനോടു് പെരുമാറുന്നു. പൂർവ്വകാലസ്മരണകൾ അയവിറക്കുന്നതോടെ രോഗിയുടെ അന്തരംഗം പ്രക്ഷുബ്ധമായിത്തീരുന്നു. ശക്തമായ രാഗദ്വേഷാദി വികാരങ്ങൾ പ്രകടമാകുന്നു. അളവററ ആനന്ദത്തിന്നും, അടങ്ങാത്ത അമർഷത്തിന്നും എന്നുവേണ്ട ബാലസഹജമായ മററെല്ലാ വികാരവിക്ഷോഭങ്ങൾക്കും അധീനനാകുന്ന രോഗി അവയെല്ലാം പ്രകടിപ്പിക്കുന്നതു് തൻെറ മുമ്പിലിരിക്കുന്ന ഭിഷഗ്വരൻെറ നേരെയായിരിക്കും. ഈ ബന്ധമാററം ഫലപ്രദമായ ചികിത്സയുടെ ലക്ഷണമാണെന്നു് ഫ്രോയിഡ് പറയുന്നു.

അമർത്തപ്പെട്ട അവിഹിതാനുഭവങ്ങളുടെ സ്മരണയേയാണ് ഈ സ്ഥിതിവിശേഷം കുറിക്കുന്നതു്, ഈ ഘട്ടത്തിൽ അഭൂതപൂർവ്വമായ സഹിഷ്ണുതയും, അളവററ സഹതാപവും വിദഗ്ദ്ധൻ കാണിക്കണം. എന്നാൽ താൻ രോഗിയുടെ യഥാർത്ഥരക്ഷിതാവാണെന്നു് വിദഗ്ദ്ധൻ കരുതുകയും അരുതു്. ചികിത്സയുടെ പര്യവസാനത്തിൽ, ഈ ബന്ധമാററത്തിന്നിടവരുത്തിയ സാഹ

ചാര്യങ്ങൾ രോഗിക്കു് പറഞ്ഞുകൊടുക്കണം. ആത്മപരിശോധന നടത്തുവാനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുവാനും രോഗിയെ ഉപദേശിക്കുകയും വേണം. എങ്കിൽ മാത്രമെ അപഗ്രഥനംകൊണ്ടു് പൂർണ്ണമായ പ്രയോജനം ഉണ്ടായതായി കരുതിക്കൂടു.

## അദ്ധ്യായം നാല്

# ഇളകുന്ന അസ്ഥിവാരം

ഫ്റോയിഡിയൻതത്വങ്ങളുടെ നേട്ടങ്ങളെ കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചതു്. കോട്ടങ്ങളെക്കുറിച്ചുള്ള സൂചനകൾ ഇടക്കിടെ നൽകിയിരുന്നുവെന്നുമാത്രം. പ്രഥമദൃഷ്ടിയിൽ ആകഷകങ്ങളും അനിഷേദ്ധ്യങ്ങളുമായിത്തോന്നുന്ന ഈ തത്വങ്ങൾ സൂക്ഷ്മവിശകലനത്തിൽ അടിസ്ഥാനരഹിതങ്ങളാണെന്നു് കാണാം. ഉപരിപ്ലവത്തിൽനിന്ന് അവഗാഹതയിലേക്കു് ഇറങ്ങിച്ചെന്നാൽ ഫ്രോയിഡൻസിദ്ധാന്തങ്ങൾ വെറും ഭാവനസൃഷ്ടികൾ മാത്രമാണെന്നു് തെളിയും. കണ്ണഞ്ചിക്കുന്ന ഈ മനോഹരഹർമ്മ്യങ്ങൾ വണ്ണപ്പകിട്ടാന്ന മണൽക്കോട്ടകൾ മാത്രമാണ്; ഇവയുടെ അസ്ഥിവാരമാകട്ടെ ഇളകുന്നതും.

## അബോധമനസ്സ്—ഒരു മിഥ്യ

ഫ്രോയിഡിയൻ തത്വങ്ങളിൽ പ്രഥമവും പ്രധാന വുമായതു് മനസ്സിൻെറ അബോധതലത്തെ കുറിച്ചുള്ള പ്രതിപാദനങ്ങളാണ്. ഇതൊരു വലിയ കണ്ടുപിടുത്ത മാണെന്നു് ഫ്റോയിഡ്തന്നെ അവകാശപ്പെട്ടന്നുണ്ട്, ഇവ കോപർനിക്കസിൻെറയും. ഡാർവിൻെറയും ശാസ്ത്രതത്വങ്ങളോട്ട് കിടപിടിക്കാൻ പോരുന്നവയാണ ത്രെ. ഈ അവകാശവാദം എത്രത്തോളം അനുവദനീയ മാണെന്നു് പരിശോധിക്കാം. മേൽപ്രസ്താവിച്ച രണ്ടു് ശാസ്ത്രജ്ഞന്മാരേയും വിമർശിക്കുകയും ദ്രോഹിക്കുകയും ചെയ്തിരുന്നതു് പാമരന്മാരോ, പുരോഹിതന്മാരോ ആയി രുന്നു. എന്നാൽ ഫ്റോയിഡിന്നു് ഏററവും ശക്തമാ യ എതിർപ്പുകളെ നേരിടേണ്ടിവന്നതു് ശാസ്ത്രജ്ഞന്മാ രിൽനിന്നാണ്. ഈ വ്യത്യാസം ശ്രദ്ധേയമായ ഒന്നാ ണെന്നു് പറയേണ്ടതില്ലല്ലോ. മനശ്ശാസ്ത്രജ്ഞന്മാർക്കിട യിൽ ചേരിപിരിവുണ്ടാകാൻ ഫ്റോയിഡിയൻ തത്വ ങ്ങൾ കാരണമായിട്ടുണ്ട്. ഫ്റോയിഡിനെ വാനോ ളം പൊക്കിയവരും, പാതാളത്തോളം താഴ ത്തിയവരും ഉണ്ടെന്നതു് ഒരു യാഥാർത്ഥ്യമാണ്. ശാസ്ത്രജ്ഞന്മാരു ടെ മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ കഴിഞ്ഞുവെ ന്നതാണു് ഫ്റോയിഡിയൻ തത്വങ്ങളുടെ വ്യക്തമാ യ നേട്ടം.

ഏററവും സങ്കീർണ്ണമായ മനോവൃത്തികൾക്കു്പോ ലും ബോധാവസ്ഥയുടെ സഹായം വേണ്ടതില്ലെന്നു് ഫ്രോയിഡ് സിദ്ധാന്തിക്കുന്നു. "മനസ്സിൻെറ ശരിയാ

യ പ്രകൃതി അബോധാവസ്ഥയാണ്. ഇതിന്റെ ആന്ത രസ്വഭാവം, ബാഹ്യലോകത്തിൻെറ യാഥാർത്ഥ്യംപോലെ അജ്ഞാതമാണ്. പ്രപഞ്ചത്തെക്കുറിച്ച് ഇന്ദ്രിയദ്വാരാ സിദ്ധിക്കുന്ന ജ്ഞാനം എത്രമാത്രം അപൂർണ്ണമാണോ അത്രയും അപൂർണ്ണമാണ് അബോധമനസ്സിനെക്കുറിച്ച് ബോധമനസ്സ് നല്കുന്ന സൂചനകൾ.'' ഒന്നാംതരം തത്വജ്ഞാനം! ശ്രീശങ്കരാചാര്യക്കുപോലും ഇതിൽ അഭിമാനംകൊള്ളാം. എന്നാൽ ആധുനിക മനശ്ശാസ്ത്രതത്വങ്ങൾക്ക് നിരക്കുകയില്ലെന്നുമാത്രം. ഫ്രോയിഡ് വിഭാവനംചെയ്ത അബോധമനസ്സ് മർദ്ദിതാശയങ്ങളുടെ സങ്കേതമാണ്; പ്രാകൃതവാസനകളുടെ കുമ്പാരമാണ്; ശൈശവത്തിൻെറ മൂർത്തിമൽഭാവമാണ്; ലൈംഗികാസക്തമാണ്; ചലനാത്മകമാണ്; വികാരനിർഭരമാണ്. ഈ അത്ഭുതസൃഷ്ടി നടത്തുന്ന പ്രകടനങ്ങളാണ് സ്വപ്നങ്ങളും മററും. ചില്ലറ വ്യതിയാനങ്ങളോടെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വപ്നങ്ങൾ അബോധമനസ്സിൻെറ ഉശിരൻ പ്രകടനങ്ങളാണത്രെ. എല്ലാതരം വിചിത്രശീലങ്ങൾക്കും, വികൃതചേഷ്ടകൾക്കും കാരണം ഈ അത്ഭുതവസ്തുമാത്രമാണെന്നാണ് ഫ്രോയിഡ് പറയുന്നത്. ഫ്റോയിഡിൻെറ തത്വങ്ങളെ വിമശിക്കുന്നവർ അപ്രകാരം ചെയ്യുന്നതുതന്നെ അബോധമനസ്സിൻെറ പ്രേരണകൊണ്ടാണുപോലും. വിമശ്കരുടെ വായ മൂടിക്കെട്ടാൻ ഇതിനേക്കാൾ മെച്ചപ്പെട്ട മറെറാരു തന്ത്രമുണ്ടോ?

ഫ്റോയിഡിയൻ തത്വങ്ങളെ അരക്കിട്ടുറപ്പിക്കാൻ ശ്രമിച്ചവരിൽ ഒരാളാണ് ഹേവ്ലോക്ക് എലിസ് (Havelock Ellis). അബോധമനസ്സിൻെറ ആസ്തിത്വത്തെ

ചോദ്യംചെയ്യുന്നവരെപ്പററി എലിസ് പറയുന്നതിപ്രകാരമാണു്. "അബോധമനസ്സ് എന്നൊന്നില്ലെന്നും, ബോധാവസ്ഥയ്ക്കു് മുമ്പും പിമ്പുമുള്ള മാനസികവസ്തുതകൾ നിലനില്ക്കുന്നതു് മസ്തിഷ്കത്തിൻെറ സിരാഗോളകങ്ങളിൽ മാത്രമാണെന്നും ചിലർ വാദിക്കുന്നു......മാനസികവൃത്തികൾക്കു് വിശദീകരണം നല്കാൻ ദൈവത്തിനേയും പിശാചിനേയും കൂട്ടുപിടിക്കുന്ന പഴഞ്ചൻ സമ്പ്രദായത്തെപ്പോലെ, ഇതും മനശ്ശാസ്ത്രത്തിൻെറ പരിധിക്കപ്പുറമാണു്." ഈ വാദം ഫ്റോയിഡിൻേറതുപോലെതന്നെ നിരാസ്പദമാണു്. സിരാണുഗോളകങ്ങൾ (Neurous) ഇന്ദ്രിയഗോചരമായ വസ്തുക്കളാണല്ലോ. അതിനാൽ ഇവയെ അദൃശ്യശക്തികളോടു് ഉപമിക്കുന്നതു് യുക്തിയുക്തമല്ല. ബോധാവസ്ഥയെ നിയന്ത്രിക്കുന്നതു് ആത്മാവലോകന (Intro spection) ത്തിനുപോലും വിഷയീഭവിക്കാത്ത അബോധമനസ്സാണെന്നു് പറയുന്നതാണു് വിചിത്രവും വിരോധാഭാസവുമായിത്തോന്നുന്നതു്.

ഫ്റോയിഡിയൻ തത്വങ്ങളെ സംബന്ധിച്ചേടത്തോളം ഒരുചിതവാദിയായ മെക്ഡൂഗൽ അബോധമനസ്സിനെപ്പററി പറയുന്നതു് ഇപ്രകാരമാണു്. "എക്കാലത്തുമുണ്ടായിട്ടുള്ള മഹത്തായ കണ്ടുപിടുത്തങ്ങളിൽ ഒന്നാണു് അബോധമനസ്സെന്നു് പറയുന്നതിൽ അല്പം സത്യമില്ലാതെയില്ല. എന്നാൽ ഇതു് എത്രത്തോളമുണ്ടെന്നും അതെങ്ങിനെ തെളിയിക്കാമെന്നുമുള്ള കാര്യത്തിൽ മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം വിഭക്തമാണു്...... അബോധമനസ്സ് മാനസികരോഗികളുടെ പ്രത്യേകതയാണെന്നു് ചിലരും, അതല്ല, സാധാരണ ജീവിതത്തിൽ

അതിപ്രധാനമായ പങ്ക് വഹിക്കുന്ന ഒന്നാണതെന്നു് മററുചിലരും വാദിക്കുന്നു......ഏതായാലും നമുക്ക് ഓരോരുത്തക്കും ഈ രണ്ടു് മനസ്സ് കണ്ടെന്നും, അവയ്ക്കിടയില്ലുള്ള വിടവ് അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമെ നികത്തപ്പെട്ടുകയുള്ളുവെന്നുമുള്ള വാദം അപലപനീയമാണു്......ഇരട്ട വ്യക്തിത്വമുള്ളവരെ സംബന്ധിച്ചേടത്തോളം ഈ അഭിപ്രായം ശരിയാണെന്നുവരാം. എന്നാൽ അപൂവ്വമായ ഈ അവസ്ഥ സർവ്വക്കും ബാധകമാകുന്നതു് സാഹസമാണു.........ആത്മാവലോകനംകൊണ്ടു് മനോവൃത്തികൾ വെളിപ്പെടുത്തുന്നതു് പലക്കും പലവിധത്തിലാകാമെങ്കിലും, അരോഗമനസ്സ് ഒരു ഏകഘടകമാണെന്നു് ഞാൻ ഊന്നിപ്പറയുന്നു.''

മേലുദ്ധരിച്ച പ്രസ്താവങ്ങളിൽനിന്നുതന്നെ അബോധമനസ്സ് ഒരു ശാസ്ത്രീയസത്യമല്ലെന്നും, ഒരു മിഥ്യാബോധം മാത്രമാണെന്നും തെളിയുന്നുണ്ടു്. പരീക്ഷണങ്ങളെ ആസ്പദമാക്കിയുള്ള ആധുനിക മനശ്ശാസ്ത്രതത്വങ്ങളോടു് കിടപിടിക്കത്തക്ക കഴമ്പ് ഫ്രോയിഡിയൻ തത്വങ്ങൾക്കില്ല. അബോധമനസ്സിനെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ വായിക്കുന്നവക്ക് അതൊരു വിശാലവും അന്ധകാരമയവുമായ ശാലയാണെന്നു് വികലധാരണ സ്വാഭാവികമായും ഉണ്ടാകും. ഈ ധാരണാവൈകല്യം സൃഷ്ടിക്കുന്നതിൽ ഫ്രോയിഡിൻെറ ശിഷ്യന്മാരാണു് കൂടുതൽ പങ്ക് വഹിച്ചതെന്നു് പറയാതെവയ്യ. എല്ലാ മാനസികവൃത്തികളുടേയും അധിഷ്ഠാനം കേന്ദ്രസിരാമണ്ഡലമാണെന്നു് ഫ്രോയിഡ്തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. എന്നിരി

ക്കെ, മനസ്സിന്നു് അവസ്ഥാന്തരങ്ങൾ കല്പിച്ചതു് നന്നായില്ലെന്നു് പറയേണ്ടിയിരിക്കുന്നു. അനഭിലഷണീയർക്കു് അഭയംനല്കുന്ന അബോധമനസ്സ് ഗുണത്തേക്കാളേറെ ദോഷമാണു് ചെയ്യുകയെന്നു് ഫ്രോയിഡോ അദ്ദേഹത്തിന്റെ അനുയായികളോ ഓർത്തിരിക്കയില്ല. "ഇന്നലെ ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചാരമാകാം, നാളത്തെ ശാസ്ത്രമതാകാം, അതിൽ മൂളായ്ക സമ്മതം രാജൻ" എന്ന കുമാരനാശാന്റെ ഉപദേശം ഫ്രോയിഡിന്റെ അനുചരന്മാർക്കും ബാധകമാണു്.

## ബോധമനസ്സും അബോധമനസ്സും

ഇനി ബോധമനസ്സും, അബോധമനസ്സെന്നു് വിവരിക്കപ്പെടുന്ന അവസ്ഥാവിശേഷവും തമ്മിലുള്ള ബന്ധമെന്തെന്നു് നോക്കാം. പ്രസിദ്ധ തത്വജ്ഞാനിയായ ഇമാനുവൽ കാൻറിന്റെ (Kant) കാലംമുതൽ ഇന്നോളം അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രാഥമിക മാനസികവൃത്തികൾ ജ്ഞാനാർജ്ജനം (Cognition), വികാര വിജൃംഭണം (Affection), ഉദ്യമം (Conation) എന്നിങ്ങനെ മൂന്നെണ്ണമാണു്. ഇന്ദ്രിയവേദനം (Sensation), വിശേഷാനുഭൂതി (Perception), സാമാന്യാനുഭൂതി (Conception) എന്നിവയെല്ലാം ജ്ഞാനാർജ്ജനത്തിന്റെ വിവിധ പടികളാണു്. വികാരവിജൃംഭണത്തിന്റെ ഗതി നിർണ്ണയിക്കുന്നതു് അനുഭവത്തിന്റെ സ്വഭാവമാണു്. ആനന്ദം (Pleasure), ആനന്ദരാഹിത്യം (Unpleasure) എന്നിങ്ങനെ രണ്ടു് വകഭേദങ്ങൾ വികാരത്തിന്നുണ്ടു്. ഉദ്യമ

ത്തിൻെറ സ്വഭാവം നിർണ്ണയിക്കുന്നതും ഈ വികാരഭേദങ്ങൾതന്നെയാണ്.

ജ്ഞാനാർജ്ജനത്തിൻെറയും ഉദ്യമത്തിൻെറയും മദ്ധ്യവർത്തിയായ വികാരവിജൃംഭണം മാനസികജീവിതത്തിൽ വഹിക്കുന്ന പങ്ക് അതിപ്രധാനമാണെന്ന കാര്യത്തിൽ സംശയമില്ല. നിർവ്വികാരാനുഭവങ്ങൾ (Newtral experiences) എണ്ണത്തിൽ വളരെ കുറവായിരിക്കും. നമ്മുടെ അനുഭവങ്ങളിൽ ഏറിയകൂറും വികാരനിർഭരമാണ്. തിക്താനുഭവങ്ങളെന്നും മധുരാനുഭവങ്ങളെന്നും ഇവയെ രണ്ടായി തരംതിരിക്കാം. പരസ്യമായി നിന്ദിക്കപ്പെട്ടപ്പോഴും, വന്ദിക്കപ്പെട്ടപ്പോഴും ഉണ്ടാകുന്ന അനുഭവങ്ങൾ ഇവയ്ക്കു ദൃഷ്ടാന്തങ്ങളാണ്. ഇവ രണ്ടും വികാരതീക്ഷ്ണതയുള്ളവയാകയാൽ, നിർവ്വികാരാനുഭവങ്ങളെപ്പോലെ, വേഗത്തിൽ വിസ്മരിക്കപ്പെട്ടുകയില്ല.

വിഷാദാത്മകരോ രോഗികളോ അല്ലാത്ത സാധാരണക്കാരുടെ (Normal persons) അനുഭവങ്ങളിൽ സിംഹഭാഗവും ആനന്ദസന്ദായകമായിരിക്കും. അതിനാൽ അബോധമനസ്സ് വിസ്മരിതമായ തിക്താനുഭവങ്ങളുടെ സങ്കേതമാണെന്ന ഫ്റോയിഡിൻെറ വാദം നിരാസ്പദമായിത്തീരുന്നു.

അനുഭവങ്ങളുടെ സ്മരണയിലും വിസ്മരണയിലും വികാരവിജൃംഭണത്തിൻെറ ഏററക്കുറച്ചിൽ വഹിക്കുന്ന പങ്ക് ഗ്രഹിച്ചുവല്ലോ. ഇവയിൽ സ്വാധീനം ചെലുത്തുന്ന മറെറാരു പ്രധാന ഘടകം ആശയങ്ങളുടെ പരസ്പരസംബന്ധമാണ്. വസ്തുക്കൾക്കോ, വസ്തുതകൾക്കോ ത

ത്തിലുള്ള സാദൃശ്യം, വൈരുദ്ധ്യം, പാശ്വതാദാത്മ്യം. കാലദേശാദികളിലുള്ള സാമീപ്യം, കാര്യകാരണബന്ധം എന്നിവ ആശയസംബന്ധത്തെ സഹായിക്കുന്നവയാണ് മാനസികവൃത്തികളുടേയും (Mental processes), സിരാവൃത്തികളുടേയും (Neural processes) ഏകകാലികത്വമാണ് ആശയസംബന്ധം സുസാദ്ധ്യമാക്കുന്നത്. മനോവൃത്തികൾ അവസാനിച്ചാലും സിരാവൃത്തികൾ കുറച്ചുനേരം തുടരുമെന്നാണ് ആധുനിക മനശ്ശാസ്ത്രജ്ഞന്മാരുടെ പക്ഷം. സിരാവൃത്തികൾ സിരാമണ്ഡലത്തിൻെറ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ചിലരുടെ സ്മൃതി, ഗ്രഹണത്തിൽ മെഴുകുപോലെയും, ധാരണത്തിൽ ശിലപോലെയുമാണെങ്കിൽ മററുചിലരുടേതു് നേരെമറിച്ചാണ്. ഉപരിസൂചിതമായ കാരണത്താലാണ് ഈ വ്യത്യാസമുണ്ടാകുന്നതു്.

ബോധാവസ്ഥയേയും അബോധാവസ്ഥയേയും മനസ്സിൻെറ രണ്ടു് വ്യത്യസ്ത തലങ്ങളായിട്ടാണ് ഫ്രോയിഡ് കാണുന്നതു്. വാസ്തവത്തിൽ ഇവ രണ്ടും മനസ്സിൻെറ രണ്ടു് വശങ്ങൾ മാത്രമാണ്. ഭൂമിയുടെ ഭ്രമണം നിമിത്തം രാവും പകലും ഉണ്ടാകുന്നതു്പോലെ, മാനസികചൈതന്യത്തിൻെറ ഏററക്കുറച്ചിൽ നിമിത്തം ബോധാബോധാവസ്ഥകൾ ക്രമപ്രകാരം ഉണ്ടായിത്തീരുന്നു. വിജ്ഞൻെറയും അജ്ഞൻെറയും ബോധാവസ്ഥ ഒന്നല്ല തന്നെ. തത്വജ്ഞാനിയായ ലോക്ക് (Locke) പറയുന്നതു് ജനനസമയത്ത് ശൂന്യമായ മനസ്സ് ബാഹ്യപ്രേരകങ്ങൾനിമിത്തം സമ്പുഷ്ടമായിത്തീരുന്നുവെന്നാണ്. മനശ്ശാസ്ത്രജ്ഞനായ ഹെർബാർട്ടും (Herbart) ഈ അഭിപ്രാ

യത്തോട് യോജിക്കുന്നു. മനസ്സിൻെറ പ്രതികരണശക്തിയിലുള്ള ഏററക്കുറച്ചിലാണ് ബോധാവസ്ഥയുടെ പരിധി നിയന്ത്രിക്കുന്നതു്. അപ്പോൾ, പ്രേരകങ്ങളുടെ എണ്ണം, സ്വഭാവം, ഉൽക്കടത്വം എന്നിവയും, മനസ്സിന്റെ പ്രതികരണശക്തിയുമാണ് ബോധാവസ്ഥക്ക് നിദാനമെന്നു് പറയേണ്ടിയിരിക്കുന്നു.

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും വസ്തുതകളും അപ്പപ്പോൾ ബോധാവസ്ഥയ്ക്കു് വിഷയീഭവിക്കണമെന്നില്ല. ചില ദൃഷ്ടാന്തങ്ങൾകൊണ്ടു് ഇക്കാര്യം വ്യക്തമാക്കാം. നമ്മുടെ ശരീരത്തിലെ അവയവങ്ങളുടെ സ്ഥാനം, ചലനം എന്നിവയെപ്പററി നമുക്ക് ബോധമുണ്ടാകാം. എന്നാൽ മസ്തിഷ്കത്തിന്റെ പ്രവർത്തനം, ഹൃദയസ്പന്ദനം, ദഹനം, സ്രവണം തുടങ്ങിയ ആന്തരവൃത്തികളെക്കുറിച്ച് അപ്പപ്പോൾ നമുക്കു് ബോധമുണ്ടായില്ലെന്നു് വരും, കാലദേശാദിഘടകങ്ങളും ബോധാവസ്ഥയുടെ വികാസത്തെ പരിമിതപ്പെടുത്തുന്നുണ്ടു്, ശാന്തസമുദ്രത്തിൽ നടക്കുന്ന അണുസ്ഫോടനവും, വിടരാത്ത പുഷ്പത്തിൻെറ സൌരഭ്യവും നമ്മുടെ ബോധാവസ്ഥയിൽ പെട്ടില്ലെന്നു് വരും. അനുഭൂതികൾ നിമിത്തമാണു് നമ്മുടെ മനസ്സ് സമ്പന്നമാകുന്നതു്. അനുഭവങ്ങളുടെ വിരളതകാരണമായി മനസ്സ് ശുഷ്കവും ശൂന്യവുമായിത്തീർന്നേക്കും. ഇങ്ങിനെയുള്ള അവസ്ഥയെ അബോധാവസ്ഥയെന്നു് വിശേഷിപ്പിക്കുകയായിരിക്കും കൂടുതൽ നല്ലതു്.

ജ്ഞാനാർജ്ജനത്തിൻെറ ആദ്യപടിയായ ഇന്ദ്രിയവേദനത്തിൻെറ കാര്യത്തിൽതന്നെ, പ്രേരകങ്ങളുടെ ഉല്ക

ടത്വം, വൈശദ്യം എന്നിവയെക്കാൾ പ്രധാനം മനസ്സിൻെറ പ്രതികരണസന്നദ്ധതയാണ്. അന്യഥാ വ്യാപരിക്കുന്ന മനസ്സ് ചില ഇന്ദ്രിയവേദനങ്ങളെ തല്ക്കാലം അത്ര ശ്രദ്ധിച്ചില്ലെന്നു വരും. പിന്നീട് ഇവയ്ക്കു പ്രതികരണങ്ങൾ ഉണ്ടായിക്കൂടെന്നില്ല. ഇത്തരം വൈകാരിയപ്രതികരണങ്ങളെ (belated reactions) അബോധമനസ്സിൻെറ പ്രക്രിയകളായി വ്യാഖ്യാനിക്കുന്നതു് സാഹസമാണ്.

ഇന്ദ്രിയവേദനവും നിർവ്വാഹകവൃത്തിയും (Motor action ഉണ്ടായിട്ടും അക്കാര്യം ഗ്രഹിക്കാത്ത ബോധാവസ്ഥയും ഉണ്ടായിക്കൂടെന്നില്ല. ദൃഷ്ടാന്തമായി, ഈ ഗ്രന്ഥകർത്താവിന്നുതന്നെ ഉണ്ടായ ഒരനുഭവം വിവരിക്കാം. ഒരിക്കൽ ഒരു സഹപാഠിയോടൊപ്പം ചായ കുടിക്കാനായി ഒരു ഹോട്ടലിൽ പ്രവേശിച്ചു. ചായയ്ക്കു് ഓർഡർ ചെയ്തശേഷം പത്രപാരായണം ആരംഭിച്ചു. അല്പനിമിഷങ്ങൾക്കകം ഹോട്ടൽകാരൻ ചായ കൊണ്ടുവരികയും ഞങ്ങൾ അതു് കുടിക്കുകയും ചെയ്തു. കുറച്ച് കഴിഞ്ഞപ്പോൾ മണി അടിക്കാറായി, നമുക്കു് പോകാം എന്നു് സ്നേഹിതൻ എന്നോടു് പറഞ്ഞു. ഏതായാലും ചായ കുടിക്കാനല്ലെ വന്നതു്, അതു് കഴിഞ്ഞിട്ടു് പോകാം എന്നായിരുന്നു എൻെറ മറുപടി. ഇതു് കേട്ടപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ടു് അയാൾ മുമ്പിലിരിക്കുന്ന ഒഴിഞ്ഞ ഗ്ലാസ്സ് ചൂണ്ടിക്കാട്ടി. അപ്പോൾ മാത്രമാണു് ചായ കുടിച്ചെന്ന ബോധം എനിക്കുണ്ടായതു്. ഇതൊരു വൈകിയ പ്രതികരണമാണെന്ന കാര്യത്തിൽ സംശയമില്ല. സ്വപ്നാടനം തുടങ്ങിയ അസാധാരണ ചേഷ്ടകൾ ഇത്ത

രം വൈകിയ പ്രതികരണങ്ങളാണെന്ന് വരാം. ഈദൃശമായ യാഥാർത്ഥ്യങ്ങളെ അഗണ്യകോടിയിൽ തള്ളിക്കൊണ്ട്, ഇല്ലാത്ത കരിമ്പൂച്ചക്ക് വേണ്ടി ഇരുട്ടറയിൽ തപ്പിത്തിരിയുന്ന അന്ധനെപ്പോലെ, കപോലകല്പിതമായ അബോധമനസ്സിൽ സാങ്കല്പികസങ്കലനങ്ങൾക്കുവേണ്ടി മുങ്ങിത്തപ്പുകയാണ് സിഗ്മൻഡ് ഫ്രോയിഡ്!

## അബോധമനസ്സിന്റെ ഉള്ളടക്കം—
## ഒരു വിവാദ വിഷയം

അബോധമനസ്സിൽ അടിയുറപ്പിച്ചിരിക്കുന്ന ഏററവും പ്രാഥമികവും പ്രബലവുമായ സങ്കലനം ലൈംഗികമാണെന്ന് ഫ്റോയിഡ് പറയുന്നു. ശൈശവത്തിലെ അരൂപവും അവ്യക്തവുമായ വൃത്തികളിലൂടെ ശിശുക്കൾ ലൈംഗികാസ്വാദനം നടത്തുന്നുണ്ടത്രെ. സ്തന്യപാനംചെയ്യുന്ന ശിശുവും, സ്തനദാനം ചെയ്യുന്ന മാതാവും ലൈംഗികദാഹമാണത്രെ ശമിപ്പിക്കുന്നതു്. ഈ ആജന്മലൈംഗികോർജ്ജം (Libido) വികൃതമായ പല രൂപങ്ങളും കൈക്കൊള്ളുന്നു. ഇവയിൽ പ്രധാനമായ ഈഡിപസ് സങ്കലനം മൂന്ന് വയസ്സിന്നും അഞ്ച് വയസ്സിന്നും ഇടയിലാണ് രൂപം കൊള്ളുന്നതു് അനുവദനീയമല്ലാത്ത ഈ മൃഗീയതൃഷ്ണ സ്വാഭാവികമായും അമർത്തപ്പെട്ടനു. ഇതത്രെ മിക്കവികൃതചേഷ്ടകൾക്കും കാരണം.

മെക്ഡൂഗലിന്റെ അഭിപ്രായത്തിൽ, ലൈംഗികാസക്തി പ്രധാനമാണെങ്കിലും അതിപ്രധാനമല്ല. അദ്ദേഹം പറയുന്നു: "കൌമാരത്തിലും യൌവനത്തിലും ക്രമപ്രവൃദ്ധമായി വളൻവരുന്ന പ്രബലമായൊരു വാസ

നതന്നെയാണിതു്. സാമൂഹ്യപ്രധാന്യമുള്ള ഇതിന്റെ പ്രകാശനത്തെ ധാർമ്മികമൂല്യങ്ങൾ വിലക്കുന്നതു്കൊണ്ടു് മാനസികരോഗങ്ങളുടെ ഉൽപത്തിയിൽ ഇതു് ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ ഏററവും പ്രധാനമായ ഘടകം ഇതാണെന്നു് പറഞ്ഞുകൂടാ''

ശൈശവത്തിലെ അനുഭവങ്ങളാണു് പില്ക്കാലത്തെ മനോവൃത്തികൾക്കു് രൂപം നല്കുന്നതെന്ന ഫ്റോയിഡിന്റെ അഭിപ്രായത്തോടു് ശിഷ്യനായ ഏഡ്ലർ യോജിക്കുന്നുണ്ടു്. എന്നാൽ അബോധമനസ്സിലെ ഏററവും പ്രധാനമായ സങ്കലനം ഏതെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമാണു് ഇദ്ദേഹത്തിനുള്ളതു്. ഏഡ്ലറുടെ വീക്ഷണത്തെ ഇപ്രകാരം സംക്ഷേപിക്കാം: ''ജനനാനന്തരം അനുഭവപ്പെടുന്ന മാത്സര്യങ്ങൾ ശിശുക്കളുടെ മനസ്സിൽ അധമത്വവികാരങ്ങൾ (Inferiority feelings) ഉണ്ടാക്കുന്നു. സഹോദരീസഹോദരന്മാരിൽനിന്നോ കളിത്തോഴികളിൽനിന്നോ ആദ്യമായി അനുഭവപ്പെടുന്ന ഈ മാത്സര്യങ്ങൾ പിന്നീടു് സഹപാഠികളിൽനിന്നും സഹപ്രവർത്തകരിൽനിന്നും നേരിടുന്നു. അന്യരുടെ കായബലവും, കാര്യശേഷിയും, വിവേകവുമെല്ലാം തങ്ങളുടേതിനേക്കാൾ മികച്ചതാണെന്നു് ബോദ്ധ്യപ്പെടുമ്പോൾ അധമത്വബോധം വേരൂന്നുന്നു. അടക്കിഭരിക്കാനുള്ള മോഹവും അടിമപ്പെടാനുള്ള പ്രേരണയും തമ്മിലുള്ള ദ്വന്ദയുദ്ധത്തിൽ പരാജയപ്പെടുമ്പോൾ പരിഹാരചേഷ്ടകൾ ഉദയംചെയ്യുന്നു. ഇത്തരം ചേഷ്ടകളിൽ പററുന്ന പിഴവുകളോ പരാജയങ്ങളോ ആണു് എല്ലാതരം മനോവൃ

ത്തിരോഗങ്ങൾക്കും കാരണം. അതിനാൽ നല്ലപോലെ സംവിധാനം ചെയ്തതും കൂടുതൽ വിജയപ്രദവുമായ പരിഹാരചേഷ്ടകൾ സ്വീകരിക്കുന്നതിന്നു് രോഗികളെ സഹായിക്കുകയാണു് വേണ്ടതു്. എഡ്ലറുടെ ഈ അഭിപ്രായത്തിൽ അല്പം സത്യമുണ്ടെന്നു് നിസ്സംശയം പറയാം. എന്നാൽ ഫ്റോയിഡിൻെറ ലൈംഗികസിദ്ധാന്തംപോലെ ഇതും ഏകപക്ഷീയവും വികൃതവുമാണു്.

ഫ്രോയിഡിൻെറ മറെറാരു ശിഷ്യനായ കാൾഗുസ്ത വ്യുങ്ങിൻെറ അഭിപ്രായത്തിൽ മാനസികരോഗങ്ങളുടെ ഉൽപത്തിയിൽ അപ്രധാനമായൊരു പങ്കു് മാത്രമെ ലൈംഗികവാസന വഹിക്കുന്നുള്ളു. മാത്രമല്ല, പൂർവ്വകാലാനുഭവങ്ങളെക്കാൾ പ്രധാനം മുമ്പിലിരിക്കുന്ന വൈഷമ്യങ്ങളുമാണു്. അതിനാൽ ഭിഷഗ്വരൻ രോഗിയോടു് ആദ്ധ്യാത്മികഗുരുവെപ്പോലെ പെരുമാറുകയും, ആത്മപരിശോധന നടത്താൻ ഉപദേശിക്കുകയും വേണം.

ഫ്റോയിഡിൻെറയും യുങ്ങിൻെറയും അഭിപ്രായങ്ങളെ താരതമ്യപ്പെടുത്തിക്കൊണ്ടു് മെക്സൂഗൽ ഇപ്രകാരം പ്രസ്താവിക്കുന്നു. "ഫ്റോയിഡിൻെറ സിദ്ധാന്തത്തെ അപേക്ഷിച്ചു് യുങ്ങിൻേറതിന്നു് അടിസ്ഥാനപരമായ വൈകല്യങ്ങൾ കുറവാണു്. മാത്രമല്ല, മനശ്ശാസ്ത്രത്തിൻെറ ഭാവിപുരോഗതി ഏതുവഴിക്കായിരിക്കുമെന്നതിന്നു് കൂടുതൽ സൂചനകൾ അടങ്ങിയിട്ടുള്ളതും യുങ്ങിൻെറ സിദ്ധാന്തത്തിലാണു്." ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭിന്നവീക്ഷണങ്ങൾതന്നെ അബോധമനസ്സിൻെറ ഉള്ളടക്കം ഒരു തർക്കവിഷയമാണെന്നു തെളിയിക്കുന്നുണ്ടു്.

## ഈഡിപസ് സങ്കലനം—ഒരു തെററിദ്ധാരണ

ഈഡിപസ് സങ്കലനത്തെ (Oedipus Complex) കുറിച്ചുള്ള പ്രതിപാദനങ്ങൾ മനുഷ്യൻെറ സന്മാർഗ്ഗിക ബോധത്തെ വെല്ലുവിളിക്കുന്നവയാണ്. പ്രഥമദൃഷ്ടി യിൽതന്നെ അറപ്പും വെറുപ്പുമുണ്ടാക്കുന്ന ഈ സിദ്ധാന്തം യാഥാർത്ഥ്യത്തിന്നു് നിരക്കുന്ന ഒന്നല്ല. അമ്മയെ കൊന്നു് അച്ഛനെ വേൾക്കാൻ ചെല്ലുന്ന മകളും, അച്ഛനെ കൊന്നു് അമ്മയെ പുണരാൻ വെമ്പുന്ന മകനും മാതാപിതാക്കളോട്ട് കൃതഘ്നത കാട്ടുക മാത്രമല്ല, സൃഷ്ടിയുടെ മകുടമായ മനുഷ്യനെ കളങ്കപ്പെടുത്തുകകൂടി ചെയ്യുന്നുണ്ട്. പ്രാകൃതമായ ഈ രാഗദ്വേഷാദി വികാരങ്ങൾ മാനസിക അനാരോഗ്യത്തിൻെറ അവലക്ഷണമാണെങ്കിൽ ഫ്രോയിഡിനെ പഴിക്കേണ്ടതില്ല. ശാസ്ത്രദൃഷ്ട്യാ അദ്ദേഹം അപരാധിതന്നെ. എന്നാൽ അരോഗദൃഢമനസ്കരിൽപോലും ഈ പ്രതിഭാസം പ്രകടമാണെന്നു് പറയുമ്പോൾ മനുഷ്യൻെറ ഭാവിയിൽ താല്പര്യമുള്ള ആക്കും അസഹ്യമായ വേദനയുണ്ടാകാതിരിക്കയില്ല.

വികലമായ പ്രമിതികളിൽനിന്നു് വ്യൽപാദനം ചെയ്ത ആഭാസകരമായ ഒരു നിഗമനമാണു് ഈഡിപസ് സങ്കലം. എന്തുകൊണ്ടെന്നാൽ, ഐതിഹാസിക പുരുഷനായ ഈഡിപസ്സിന്നു് ഇത്തരം വികാരമോ ഇച്ഛയോ ഉണ്ടായിരുന്നില്ല. ഒരു പോരാട്ടത്തിൽ തൻെറ അച്ഛനെ ഇദ്ദേഹം കൊന്നിരുന്നുവെന്നതു് വാസ്തവമാണു. കുറച്ച് വഷങ്ങൾക്കുശേഷം മാത്രമാണു് കൊല്ലപ്പെട്ടയാൾ തൻെറ അച്ഛനായിരുന്നുവെന്നു് ഈഡിപ

സിന്നു് മനസ്സിലായതു്, അമ്മയുമായുള്ള വിവാഹവും കേവലം യാദൃശ്ചികമായിരുന്നു. മൂന്നു് സന്താനങ്ങൾ ഉണ്ടായതിൽപിന്നെയാണു് സ്വപത്നി തൻെറ അമ്മയാണെന്നു് ഇദ്ദേഹം മനസ്സിലാക്കിയതു്. അവിചാരിതമായി ഉണ്ടായ ഈ വെട്ടലും വേഴലും മൃഗീയതൃഷ്ണയുടെ പരിണതഫലമാണെന്നു് പറയുന്നതു് യാഥാർത്ഥ്യത്തിന്നു നേരെ കണ്ണടക്കലാണു്.

സ്വപ്നങ്ങൾ ഈഡിപസ് സങ്കലനത്തിന്നു് നല്ല തെളിവുകളാണെന്നു് ഫ്രോയിഡ് പറയുന്നു. സ്വപ്നവ്യാഖ്യാനത്തിന്നു് നിദാനം പ്രതീകാത്മകമായ ബാഹ്യഘടകമാണു്. പ്രതീകങ്ങളാകട്ടെ വഴിപിഴപ്പിക്കുന്നവയുമാണു്. (അടുത്ത അദ്ധ്യായം നോക്കുക) വ്യാഖ്യാതാവിൻെറ മനസ്ഥിതിക്കും ഭാവനക്കും ഇണങ്ങിയ വിധത്തിൽ സ്വപ്നങ്ങളെ വീക്ഷിക്കുന്നതു് കൊണ്ടാണു് മിഥ്യയായ ഈ മൃഗീയതൃഷ്ണ (ഈഡിപസ് സങ്കലനം) ഒരു യാഥാർത്ഥ്യമാണെന്നു് തോന്നുന്നതു്. നിഷ്കളങ്കമായ സ്വപ്നങ്ങൾപോലും അപഗ്രഥകൻെറ ദൃഷ്ടിയിൽ പാപപങ്കിലമായി പരിണമിക്കുന്നു. എല്ലാ സ്വപ്നങ്ങളും പ്രതീകാത്മകമായിരിക്കണമെന്നില്ല. സ്വപ്നാശയങ്ങൾ അവയുടെ തനിനിറത്തിൽതന്നെ പ്രത്യക്ഷപ്പെടാറുണ്ടു്. സ്നേഹാധിക്യംനിമിത്തം തൻെറ അമ്മയെ സ്വപ്നത്തിൽ ദർശിക്കുന്നവനോടു് അതു് മൃഗീയതൃഷ്ണയുടെ പ്രതിഫലനമാണെന്നു് പറയുന്നതു് മനുഷ്യൻെറ ധാർമ്മികബോധത്തെ ഇളിച്ചുകാട്ടലാണു്.

ഈഡിപസ് കോംപ്ലക്സ് കൊണ്ട് മാത്രം ഫ്രോയി ഡ് തൃപ്തിപ്പെടുന്നില്ല. ഇത്തരം വികാരങ്ങൾ പ്രകടിപ്പി ക്കാത്തവരിൽ മറെറാരുതരം ലൈംഗികാസക്തി പ്രവർ ത്തിക്കുന്നുണ്ടത്രെ, സ്വജാതിരാഗമെന്നാണ് ഇതിൻെറ പേർ. മനുഷ്യൻ അവൻെറ ആയുഷ്കാലം മുഴുവൻ സ്വജാതിരാഗത്തിൻെറയും പരജാതിരാഗത്തിൻെറയും ഇടയിൽപെട്ട് നട്ടം തിരിയുകയാണെന്നും, ഇവയിൽ ഒ ന്നിലുള്ള നൈരാശ്യമോ നിഷേധമോ ആണ് മറേറതി ലേക്ക് ആനയിക്കുന്നതെന്ന് ഫ്റോയിഡ് പറയുന്നു. ഇത്തരം സിദ്ധാന്തങ്ങളുടെ മാററുരച്ചുനോക്കാൻ നമ്മുടെ പക്കലുള്ളത് ആത്മാവലോകനം എന്ന കേവലം ലോല മായ ഒരുപകരണം മാത്രമാണ്. അവലോകനഫലം അ നുകൂലമല്ലെങ്കിൽ, നഗ്നമായൊരു യാഥാർത്ഥ്യം മറച്ചുവെ ച്ചതിന്ന് അബോധമനസ്സിനെ പഴിക്കും. ഏതായാലും ഫ്റോയിഡ് പിടിച്ച മുയലിന്ന് കൊമ്പ് രണ്ട് തന്നെ. അവധാനപൂർവ്വം ആസൂത്രണം ചെയ്യപ്പെട്ട ഇത്തരം വിഷ മസന്ധികളാണ് ഫ്റോയിഡിയൻ തത്വങ്ങൾക്ക് സം രക്ഷണം നൽകുന്നതു്. ഈ മുൾവേലികൾ പൊളിച്ച് നീക്കി പാടത്തിറങ്ങിയാൽ കാണുന്നതു് പാഴ്ച്ചെടികൾ മാത്രമായിരിക്കും.

അചിന്തിതമായ വാക്കുകളും, യാദൃച്ഛികമായ വൃ ത്തികളുമെല്ലാം അബോധമനസ്സിൻെറ സൃഷ്ടികളാണെ ന്നു് ഫ്റോയിഡ് പറയുന്നു. ഓക്കാപുറത്ത് ഉരുവിടു ന്ന സംഖ്യകൾ, തീയതികൾ, നാമങ്ങൾ എന്നിവയ്ക്കുപോ ലും അബോധമനസ്സിൽ വേരുകളുണ്ടത്രെ! നാവിൽനി ന്നു് വഴുതിവീഴുന്നതെല്ലാം സങ്കലനസന്താനങ്ങളാണെ

ന്നു് പറഞ്ഞുകൂടാ. ബോധതലത്തിൽനടക്കുന്ന ആശയക്കുഴപ്പങ്ങളാണ് ഇവയ്ക്കു് കാരണം. വിഭക്തമായ വ്യക്തിത്വത്തിൻെറ (Split personality) പ്രതിഫലനമാണ് ഇവയെന്നു് പറഞ്ഞാൽ കുറെയൊക്കെ ശരിയാണെന്നു് വരാം. സാധാരണവും അസാധാരവുമായ എല്ലാതരം പെരുമാററങ്ങൾക്കും കാരണമായി അബോധമനസ്സിനെ ചൂണ്ടിക്കാട്ടുന്നതു് തലവിധിയിലുള്ള വിശ്വാസം വർദ്ധിപ്പിക്കാനെ ഉപകരിക്കയുള്ളുവെന്നു് ഫ്റോയിഡ് പ്രതീക്ഷിക്കാത്തിരിക്കയില്ല.

അദ്ധ്യായം അഞ്ച്

# വണ്ണപ്പകിട്ടാന്ന മണൽകോട്ടകൾ

അബോധമനസ്സ് ഒരു മിത്ഥ്യയും അതിലെ സങ്കലനങ്ങൾ ഭാവനാസൃഷ്ടികളുമാണെന്നു് കണ്ടുവല്ലോ. സാങ്കൽപികമായ അബോധമനസ്സിലെ കുടിയിരുപ്പുകാർ ഫ്രോയിഡിൻെറ ലൈംഗികാസക്തിയോ, ഏഡ്ലറുടെ അധികാരമോഹമോ എന്നതു് താരതമ്യേന നിസ്സാരമായ കാര്യങ്ങളാണു്. ഫ്രോയിഡ് പാകിയ ഇളകുന്ന അടിത്തറമേലാണു് ഏഡ്ലറും, യുങ്ങും അവരുടെ മനോജ്ഞമന്ദിരങ്ങൾ പടുത്തുയർത്തിയതു്. തന്നിമിത്തം അവ വിമർശനശരങ്ങളെ അതിജീവിക്കാനാവാത്ത മണൽകോട്ടകളായിത്തീരുന്നു. വണ്ണപ്പകിട്ടുകൊണ്ടു് ആന്തരബലഹീനതകളെ ആവരണംചെയ്യാൻ കുറെയൊക്കെ സാധിച്ചു

വെന്നു് വരാം. എന്നാൽ സൂക്ഷ്മദൃക്കുകളുടെ കണ്ണുവെപൊത്താൻ ഇത്തരം വർണ്ണശബളതകൾക്കു് സാദ്ധ്യമല്ല.

**നിരാധാരമായ തെളിവുകൾ**

അബോധമനസ്സിന്റെ ആസ്തിക്യവും ആന്തരവൃത്തികളും യാഥാർത്ഥ്യങ്ങളാണെന്നു് തെളിയിക്കുവാൻ സ്വപ്ന വ്യാഖ്യാനത്തേയും അപഗ്രഥനത്തേയും സാക്ഷിക്കൂട്ടിൽ കയറ്റുകയാണു് ഫ്രോയിഡ് ചെയ്യുന്നതു് സ്വപ്നവ്യാഖ്യാനത്തിന്റെ സാധുത തെളിയിക്കാൻ ചൂണ്ടിക്കാട്ടുന്ന പ്രധാന കാര്യങ്ങളിൽ ഒന്നു്, അതു് (വ്യാഖ്യാനം). സ്വപ്നാലുവിൽ ഉളവാക്കുന്ന അനുകൂലമായ പ്രതികരണമാണ്. സ്വപ്നദർശി രോഗിയോ ചഞ്ചലചിത്തനോ ആണെങ്കിൽ അയാളുടെ സ്വപ്നങ്ങൾക്കു് നല്കുന്ന ഏതു് വ്യാഖ്യാനവും സ്വീകരിക്കപ്പെട്ടുമെന്നു് വരും. എന്നാൽ തന്റെ സഹോദരിയെ കാണാൻ സ്വപ്നത്തിൽ കോണികയറുകയോ ഇറങ്ങുകയോ ചെയ്ത അരോഗദൃഢമനസ്കനോട്ടു് അയാൾ അപ്രകാരം ചെയ്തതു് അബോധമനസ്സിന്റെ ലൈംഗികപ്രേരണനിമിത്തമാണെന്നു പറഞ്ഞാൽ അയാളുടെ പ്രതികരണം എന്തായിരിക്കുമെന്നു് ഊഹിക്കാമല്ലോ. ഇത്തരം സന്ദർഭങ്ങളിൽ തല്ലു കിട്ടാതെ തടിതപ്പുന്ന വ്യാഖ്യാതാക്കൾ മറെറാരു വിധത്തിൽ സമത്ഥർ തന്നെയാണ്. ബാഹ്യഘടകത്തിന്റെ വിവിധവശങ്ങൾതമ്മിലുള്ള ബന്ധത്തെയാണു് സ്വപ്നവ്യാഖ്യാനത്തിന്റെ സാധുതയ്ക്കു് മറെറാരു തെളിവായി ഫ്റോയിഡ് എടുത്തുകാട്ടുന്നതു്. ആശയങ്ങളെ കൂട്ടിയിണക്കാൻ പ്രത്യുൽപന്നമതിയായ ഏതൊരാൾക്കും നിഷ്പ്രയാസം സാധിക്കും. അതിനാൽ സ്വപ്നവ്യാഖ്യാനത്തിന്റെ സാ

ധുതയല്ല, മറിച്ച് വ്യാഖ്യാതാവിൻെറ സാമർത്ഥ്യമാണ് ഈ ബന്ധനിർണ്ണയം കാണിക്കുക.

ആശയസംയോജനംകൊണ്ടല്ലാതെ മററുവിധത്തിൽ സ്വപ്നവ്യാഖ്യാനം സാദ്ധ്യമല്ലെന്നു് ഫ്റോയിഡ്തന്നെ സമ്മതിക്കുന്നുണ്ട്. വ്യാഖ്യാതാവിൻെറ വ്യപദേശങ്ങളില്ലാതെ സ്വതന്ത്രമായി ആശയങ്ങളെ സംയോജിപ്പിക്കാൻ സ്വപ്നദർശിക്ക് സാധിക്കുമെങ്കിൽ അപഗ്രഥനം ശരിയാണെന്നു് വരാം. നമ്മുടെ ചിന്തകളെ കടിഞ്ഞാണില്ലാതെ വിട്ടുമ്പോൾ അവ ലക്ഷ്യം ലഗാനുമില്ലാതെ വിഹരിക്കുമെന്നു് കരുതുന്നതു് അബദ്ധമാണ്. എന്തുകൊണ്ടെന്നാൽ, അജ്ഞാതമായ ആശയങ്ങൾ (അബോധമനസ്സ്) അവയെ നിയന്ത്രിച്ചുകൊണ്ടേയിരിക്കും. അതിനാൽ 'സ്വതന്ത്രമായ' ആശയസംയോജനത്തെ ആസ്പദമാക്കിയുള്ള വ്യാഖ്യാനം സാധുവാണ്." ശരിയായിരിക്കാം എന്നാൽ ഫ്റോയിഡിൻെറ ജാഗരൂകനായ സെൻസർ തികച്ചും സ്വതന്ത്രമായ ചിന്താഗതിക്ക് അനുമതി നൽകുമോ? നൽകുമെങ്കിൽ രാത്രിയും പകലും ഉറങ്ങുന്ന ഒരു കാവൽക്കാരനാണ് ഈ സെൻസറെന്നു് പറയേണ്ടിവരും. അഴിമതിക്കാരനായ ഇയാളെ ഉപബോധമനസ്സിൻെറ പടിക്കൽ കാവൽനിർത്തിയതാണ് ഏററവും വലിയ അമളി.

## സ്വപ്നത്തിൻെറ ഉദ്ദേശ്യമെന്തു്?

അമർത്തപ്പെട്ട ആശയങ്ങളേയോ നിറവേറാത്ത ആശകളേയോ പ്രതിഫലിപ്പിക്കുകയാണ് സ്വപ്നത്തിൻെറ

ഉദ്ദേശ്യമെന്നു് കണ്ടുവല്ലോ. മററൊരുദ്ദേശ്യവുംകൂടി സ്വപ്നത്തിന്നുണ്ടത്രെ. ഫ്റോയിഡ് പറയുന്നു. "സ്വപ്നം നിദ്രയെ ഭഞ്ജിക്കുകയില്ല, ഭദ്രമാക്കുകയാണ് ചെയ്യുന്നതു്." ഫ്റോയിഡിയൻ തത്വങ്ങളുടെ പ്രാണേതാക്കളിൽ മുഖ്യനായ ഡോ: ഏണസ്റ്റ് ജോൺസ് ഇതേററു പാടുന്നു. "നിദ്രയെ അലോസരപ്പെടുത്തുമായിരുന്ന അബോധമനസ്സിൻെറ പ്രവർത്തനങ്ങളെ തടഞ്ഞുകൊണ്ട് അതിനെ നിദ്രയെ ഗാഢമാക്കുകയാണ് സ്വപ്നം ചെയ്യുന്നതു്." ഈ പ്രസ്താവനകളിൽനിന്നു് അനുമാനിക്കേണ്ടതു് നിദ്രാമോഹമാണ് സ്വപ്നത്തിന്നു് കാരണമെന്നല്ലെ? ഇതും ഫ്റോയിഡിൻെറ ആദ്യത്തെ സിദ്ധാന്തവും പരസ്പരം പൊരുത്തപ്പെടുകയില്ല. ഈ വൈരുദ്ധ്യം ഗ്രഹിച്ചതു്കൊണ്ടാവാം, ജോൺസ് തുടന്നു പറയുന്നു, "ചില ഭയങ്കര സ്വപ്നങ്ങൾ നിദ്രയെ അലട്ടുകയും ബോധാവസ്ഥയെ ഉണത്തുകയും ചെയ്യുമെന്നതു് വാസ്തവമാണ്. എന്നാൽ സ്വപ്നങ്ങൾ നിദ്രയെ സംരക്ഷിക്കുന്നുവെന്ന സിദ്ധാന്തത്തെ നിരാകരിക്കാൻ ഇതു് കാരണമാകുന്നില്ല. നിദ്രാസമയത്തു് സെൻസറുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയാൽ, അതിന്നു്, സ്വപ്നാശയങ്ങൾ അവയുടെ തനിനിറത്തിൽ ബോധാവസ്ഥയെ പ്രാപിക്കുന്നതിനെ തടയുവാൻ സാധിക്കുന്നില്ലെന്നു് മാത്രം." പരാധീനനായ കാവൽക്കാരൻ വീട്ടുകാരെ സഹായത്തിന്നു് വിളിക്കുന്നതു് പോലെ, ബലഹീനനായ സെൻസർ ആപൽഘട്ടങ്ങൾ ബോധാവസ്ഥയെ തട്ടിയുണത്തുന്നു! ഇത്തരം വിവരങ്ങൾ കേൾക്കാൻ രസമുണ്ട്. പക്ഷെ, കഴമ്പില്ലെന്നു് മാത്രം.

**സെൻസറുടെ ജോലിയെന്ത്**

മനസ്സിൻെറ നിരോധനവൃത്തികളുടെ ആകത്തുകയാണ് സെൻസർ എന്ന് ഡോ. ജോൺസ് പറയുന്നു.

എന്നാൽ നിരോധനം മാത്രമല്ല ഇതിൻെറ പ്രവൃത്തിയെന്നു് മേലുദ്ധരിച്ച പ്രസ്താവനകൾതന്നെ തെളിയിക്കുന്നുണ്ട്. അപ്പോൾ എന്തെല്ലാമാണ് സെൻറുടെ ജോലിഎന്നു് അറിഞ്ഞാലേ കൃത്യവിലോപത്തിന്നു് ഇയാളെ വിചാരണചെയ്തു് ശിക്ഷിച്ചുകൂട, ഉപബോധമനസ്സിൻെറ പടിക്കൽ കാവൽനില്ക്കാൻ അബോധമനസ്സിലെ വികൃതിക്കുട്ടകളെക്കൊണ്ട് പ്രച്ഛന്നവേഷം കെട്ടിക്കൽ, അസഹ്യമായ ഉശിരൻ പ്രകടനങ്ങളുണ്ടാകുമ്പോൾ ബോധാവസ്ഥയെ തട്ടിയുണർത്തൽ, നിദ്രക്ക് സുഖവും സുരക്ഷിതത്വവും നൽകൽ എന്നിവയാണ് സെൻസറുടെ ജോലികളെന്നു് തല്ക്കാലം അനുമാനിക്കാം.

**അമ്പലത്തേക്കാൾ വലിയദേവൻ**

മനസ്സിൻെറ അബോധതലത്തിൽ പഴതിരിക്കുന്ന സങ്കലനങ്ങൾക്കു് ബോധവസ്ഥയെ പ്രാപിക്കാൻ കഴിയണമെങ്കിൽ, അവ ഉപബോധാവസ്ഥയിലൂടെ കടന്നുപോകണമെന്നാണല്ലോ ഫ്രോയിഡ് പറയുന്നതു്. സെൻസറുടെ ജാഗ്രത നിമിത്തം സാധാരണസ്ഥിതിയിൽ ഇതു സാധിക്കാതെ വരുന്നു. നിദ്രാവസ്ഥയിൽ സെൽസറുടെ കാവൽ ദുർബലമാകുന്നതു്കൊണ്ടാണ് സ്വപ്നചിന്തകൾ ബോധാവസ്ഥയെ പ്രാപിക്കുന്നതത്രെ. ഈ പ്രവേശ

നം ഏതിലൂടെ, എങ്ങിനെയെന്ന് ഫ്രോയിഡ് വ്യക്ത മാക്കുന്നില്ല. നേരിട്ടങ്ങ് പ്രവേശിക്കാമെങ്കിൽ, പ്രച്ഛ ന്നവേഷത്തിൻെറ ആവശ്യമെന്ത്? കാവൽ നില്ക്കലും വേഷം കെട്ടിക്കലും മാത്രമാണ് സെൻസറുടെ ജോലിക ളെന്ന് വെക്കുകയാണെങ്കിൽ, സ്വപ്നങ്ങളിൽ വിപുലീക രണം, സംക്ഷേപണം എന്നിവ ഉണ്ടാക്കുന്നതെങ്ങിനെ യെന്ന് ന്യായമായും ചോദിക്കാം. നായയെക്കൊണ്ട് ന രിവേഷം കെട്ടിക്കുമ്പോൾ തത്തുല്യമായ പശ്ചാത്തലദൃ ശ്യവും ഭാവഭേദവും വേണമെന്ന് വാദിച്ചേക്കാം. അ പ്പോൾ സെൻസർ ഒരു കാവൽക്കാരനും മെയ്ക്കപ്പ്കാരനും മാത്രമല്ല, ഒരു സംവിധായകൻകൂടിയാണെന്ന് സമ്മതി ച്ചേ തീരു. ഇക്കാര്യം സ്വപ്നവ്യാഖ്യാനത്തിൻെറ കർ ത്താവ് തുറന്നു പറയുന്നില്ലെന്ന് മാത്രം.

അബോധമനസ്സിൻെറ അലംകൃതമായ പ്രതിബിം ബമാണ് സ്വപ്നമെന്ന് വാദത്തിന്ന് വേണ്ടി സമ്മതി ക്കാം, എങ്കിലും സെൻസറുടെ ഈ അലങ്കാരങ്ങൾ ബോ ധമനസ്സിന്ന് ഗ്രഹിക്കാൻ കഴിയാതെ വരുന്നത് വിചി ത്രമല്ലെ? അമ്പലത്തേക്കാൾ വലിയ ദേവനാണ് സെൻ സറെന്ന് തോന്നുന്നു. ഒരു ചലച്ചിത്രത്തിൻെറ നിർമ്മാ താവിന്ന് അയാളുടെ സംവിധായകൻെറ മിനുക്ക്പണി കൾ മനസ്സിലാക്കാൻ സാധിക്കാത്തത്പോലെയാണിത്. ബോധാവസ്ഥയുടെ അവിഭാജ്യമായൊരു ഘടകം മാ ത്രമാണ് സെൻസർ എന്നല്ലേ ധരിക്കേണ്ടത്. അ പ്പോൾ അവയവത്തിന്ന് അവയവിയേക്കാൾ ശേഷിപ്പും ശേഷിയുമുണ്ടെന്ന് കരുതുന്നത് വിരോധാഭാസമാണ്.

ബോധാവസ്ഥയ്ക്കു് അരോചകമായ അനുഭവങ്ങൾ മാത്രമാണ് അമർത്തപ്പെടുന്നതെന്നും, അതിനാൽ അബോധമനസ്സിൽ ഒളിച്ചിരിക്കുന്നതു് അവിഹിതാശയങ്ങളാണെന്നും ഫ്റോയിഡിൻെറ സെൻസർക്ക് നല്ലപോലെ അറിയാം. ഇവയെക്കൊണ്ട് പ്രച്ഛന്നവേഷമണിയിക്കുന്നതും സെൻസർതന്നെ. അപ്പോൾ യജമാനനെ വഞ്ചിക്കുന്ന ഒരു കാവൽക്കാരനാണ് ഇയാൾ. അഴിമതിക്കാരനായ ഇയാളെ ഉപബോധമനസ്സിൻെറ പടിക്കൽ കാവൽനിർത്തുന്നതു് മനുഷ്യരാശിക്ക് ആപത്തും അപമാനവുമാണു്.

## ബാഹ്യാന്തരഘടകങ്ങൾ—ഒരു പ്രതിരോധതന്ത്രം

സ്വപ്നത്തിൻെറ ബാഹ്യഘടകത്തെ ആന്തരഘടകത്തിൻെറ വിവർത്തനമായി ഫ്റോയിഡ് കരുതുന്നു. അതിനാൽ മൂലരൂപത്തോടു് അടിച്ചുനോക്കി മാത്രമേ വിവർത്തനത്തിൻെറ പ്രകാശനോപാധികളെ വ്യാഖ്യാനിക്കാവൂ. പ്രതീകവൽക്കരണം, സ്ഥാനമാററം, വിപുലീകരണം, സംക്ഷേപണം. എന്നിവ സ്വപ്നാശയങ്ങളുടെ പ്രകാശനോപാധികളാണ്. ഇവയ്ക്കു് അർത്ഥം കല്പിക്കണമെങ്കിൽ, ആന്തരഘടകത്തിൻെറ സഹായം വേണം. ആന്തരഘടകം മനസ്സിലാക്കാൻ ബാഹ്യഘടകത്തിൻെറയും. അപ്പോൾ മാവ് വേണോ, മാങ്ങ വേണം; മാങ്ങവേണോ, മാവ് വേണം എന്നതാണ് ഈ വാദത്തിൻെറ പൊരുൾ.

ബാഹ്യാന്തരഘടകങ്ങൾതമ്മിലുള്ള മററു ചില വിചിത്രബന്ധങ്ങളും ശ്രദ്ധേയമാണ്. ഫ്റോയിഡ് പറ

യുന്നു. "സ്വപ്നത്തിന്റെ ബാഹ്യഘടകം ആന്തരഘടകത്തെ അപേക്ഷിച്ച് വൈകാരികതീക്ഷ്ണത കുറഞ്ഞതാണ്. സെൻസറുടെ ജാഗ്രതനിമിത്തമാണ് ഈ വ്യത്യാസമുണ്ടാകുന്നതു്."

ഫ്റോയിഡിന്റെ ആരാധകനായ ഡോ. ജോൺസ് ഒരു പടികൂടി മുന്നോട്ടു് പോകുന്നു. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "ആന്തരഘടകത്തിലും ബാഹ്യഘടകത്തിലും പ്രകടമാകുന്ന വികാരങ്ങൾ പരസ്പരവിരുദ്ധമാകാം ഇതിന്നു് കാരണം ആന്തരഘടകത്തിൽ അന്തർലീനമായ വികാരവൈരുദ്ധ്യം തന്നെയാണ്." രാഗദ്വേഷാദി വിരുദ്ധ വികാരങ്ങൾ പരസ്പരം പ്രതിനിധാനം ചെയ്യുമെന്നാണ് ഈ വിഭാഗത്തിന്റെ സാരം. സ്വപ്നങ്ങളിൽ മരണം ജനനത്തേയും, ജനനം മരണത്തേയും കുറിക്കുമെന്നുള്ള പഴമക്കാരുടെ വാദവും ഇതും തമ്മിൽ എന്താണ് വ്യത്യാസം? ബാഹ്യാന്തരഘടകങ്ങളും വികാരവൈരുദ്ധ്യങ്ങളുമെല്ലാം സ്വപ്നവ്യാഖ്യാനം തെറുമ്പോൾ ഒഴിഞ്ഞുമാറാനുള്ള പഴുതുകളാണെന്നു് പറയാം.

ചിന്തകൾക്ക് സ്മരണവീഥിയിലൂടെ തിരോഗമിച്ച് അനുഭൂതി മണ്ഡലത്തെ പുനഃപ്രാപിക്കാൻ കഴിയുമെന്നു് ഫ്റോയിഡ് മറെറാരു ദിക്കിൽ പ്രസ്താവിച്ചിട്ടുണ്ട്. സ്വപ്നരൂപീകരണത്തിന്നു് വിശദീകരണം നൽകാൻ ഈ സിദ്ധാന്തം തീച്ചയായും ഉപകരിക്കും. എന്നാൽ പ്രച്ഛന്നവേഷത്തിന്റെയും വൈകാരികവൈരുദ്ധ്യത്തിന്റെയും ആവശ്യമെന്തെന്നു് ഇതു് വ്യക്തമാക്കു

ന്നില്ല. കാവൽക്കാരനോ, നിരോധനോത്തരവുകളോ ഇല്ലാത്ത ഈ പന്ഥാവിലൂടെ സ്വപ്നാശയങ്ങൾക്ക് അവയുടെ തനിനിറത്തിൽതന്നെ ബോധാവസ്ഥയെ പ്രാപിച്ചുകൂടെ?

ശൈശവത്തിൽ അമത്തപ്പെട്ട അഭിലാഷങ്ങളാണ് മിക്ക സ്വപ്നങ്ങളിലും സാക്ഷാൽകരിക്കപ്പെടുന്നതെന്ന് ഫ്റോയിഡ് പറയുന്നു. ഒരു സ്വപ്നാലുവിനോട് ഈ കാര്യം പറഞ്ഞാൽ, അയാൾ ഒന്നുകിൽ അതു് ശരിയാണെന്ന് പറയും, അല്ലെങ്കിൽ അതു് തെററാണെന്ന് വാദിക്കും. ശരിയാണെന്ന് സമ്മതിച്ചാൽ അതു് വ്യാഖ്യാതാവിൻെറ നേട്ടമാണ്; ശരിയല്ലെന്ന് വാദിച്ചാൽ അതു് സ്വപ്നദർശിയുടെ പ്രതിരോധതന്ത്രമാണ്. അപ്പോൾ ഏതു് വിധത്തിലും വ്യാഖ്യാതാവ് വിജയിതന്നെ. മുൾവേലികളായ ഇത്തരം ഇരുമുഖവാദങ്ങളാണ് ഫ്റോയിഡിയൻ തത്വങ്ങളെ സംരക്ഷിച്ചുപോരുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, സ്വപ്നവ്യാഖ്യാനംകൊണ്ട് യഥാർത്ഥ്യത്തിൽ വെളിപ്പെടുന്നതു് സ്വപ്നദർശിയുടെ മനോവൃത്തികളല്ല. മറിച്ച് വ്യാഖ്യാതാവിൻെറ സംയോജനപാടവമാണ്. സ്വപ്നങ്ങൾക്ക് രണ്ട് ഘടകങ്ങൾ കല്പിച്ചതും, ബാഹ്യഘടകത്തിന്ന് വേഷവിധാനങ്ങൾ നൽകിയതും വ്യാഖ്യാതാവിന്ന് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കാൻ വേണ്ടിയാണെന്ന് അനുമാനിക്കാം. എന്നിട്ടും വിഷമത്തിലാകുമ്പോൾ സെൻസറുടെ വികൃതികൾ ചൂണ്ടിക്കാട്ടുകയും ചെയ്യാമല്ലോ?

## പ്രതീകങ്ങൾ—സങ്കല്പസൃഷ്ടികൾ

ഫ്രോയിഡിൻെറ അഭിപ്രായത്തിൽ സ്വപ്നങ്ങൾ അമർത്തപ്പെട്ട ആശയങ്ങളുടെ പ്രതീകാത്മകമായ പ്രകാശനമാണ്. മാത്രമല്ല, മിക്ക സ്വപ്നങ്ങളും ലൈംഗികപ്രാധാന്യം ഉള്ളവയുമാണ്. കുട, വടി. ദീപസ്തംഭം, കത്തി കഠാരം, പാമ്പ് തുടങ്ങിയ സുദീർഘവും സുശക്തവുമായ വസ്തുക്കൾ പുല്ലിംഗത്തേയും, പെട്ടി, അളുക്ക്, ഡപ്പി, മുറി, പാത്രം തുടങ്ങിയ പൊള്ളയായ വസ്തുക്കൾ സ്ത്രീലിംഗത്തേയും പ്രതിനിധാനം ചെയ്യുന്നു. മുറികൾ അധികമുള്ള ശാലകൾ വേശ്യാലയത്തെയും, കോണി കയറലും ഇറങ്ങലും ലൈംഗികസ്വാഭാവത്തെയും സൂചിപ്പിക്കുന്നു. ഫ്രോയിഡിൻെറ സ്വന്തം വാക്കുകളിൽ പറഞ്ഞാൽ: "ചില വസ്തുക്കൾ സ്ത്രീപുരുഷലിംഗങ്ങളെ പൊതുവായും മററുചിലതു പ്രത്യേകമായും പ്രതിനിധാനം ചെയ്യുന്നു. ശക്തിയും ദൈർഘ്യവുമുള്ളവസ്തുക്കൾ സ്ത്രീലിംഗത്തിൻെറയും, പൊള്ളയായ വസ്തുക്കൾ പുല്ലിംഗത്തിൻെറയും പ്രതീകങ്ങളായി കണക്കാക്കാൻ നമ്മുടെ ഭാവന അനുവദിക്കയില്ല." അല്ലെങ്കിൽ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളേയും ഫ്രോയിഡ് ലൈംഗിക പ്രതീകങ്ങളായികരുതിയേനെ!

ബാലലീലമുതൽ വാസ്തുവിദ്യവരെയുള്ള എല്ലാതരം പ്രവൃത്തികൾക്കും പ്രേരണ നൽകുന്നതു് ലൈംഗികോർജ്ജമാണത്രെ! കമ്പിത്തുണും പുകക്കുഴലുമെല്ലാം മൈഥുനവാസനയുടെ സൃഷ്ടികളാണു്. കിളക്കലും നടലുമെല്ലാം ലൈംഗികാസ്വാദനമാണു്പോലും! എരിപൊരികൊള്ളു

ന്ന വെയിലത്ത്  പാടത്തിറങ്ങി കൃഷി ചെയ്യുന്നവർക്ക് ഇതിനേക്കാൾ അഭികാമ്യമായ പ്രതിഫലം കിട്ടുമോ? പിന്നെ എന്തിനാണാവോ ഇവർ ഇൻക്വിലാബ് വിളി ക്കുന്നത്! നമ്മുടെ വനമഹോത്സവത്തെപ്പററി ഫ്രോ യിഡ് കേട്ടിരുന്നുവെങ്കിൽ, ഭാരതീയർ മൈഥുനപ്രിയരാ ണെന്നു് തീർച്ചയായും പറയുമായിരുന്നു. കൽപണിക്കും മരപ്പണിക്കും മററും സ്ത്രീകൾ വരാത്തത് അവ കനത്ത ജോലികളായതുകൊണ്ടല്ലെന്നും, മറിച്ച് ലൈംഗികപ്രേര ണയുടെ അഭാവം കൊണ്ടാണെന്നും ഫ്റോയിഡ് പറയു ന്നു. ജനാലകളും, വാതായനങ്ങളും, അറകളും മററും ന ിർമ്മിക്കുമ്പോൾ പുരുഷന്മാർ ഭോഗസുഖം അനുഭവിക്കുന്നു ണ്ടത്രെ! സ്ത്രീകൾ പരിഹസിക്കേണ്ട. കുറച്ചുകഴിഞ്ഞാ ൽ ഇവർ നെല്ലുകുത്താനും, അവിലിടിക്കാനും വന്നേക്കും. അതിന്നുമുമ്പ് അനുയോജ്യമായ ജോലികൾ കണ്ടുപിടി ക്കയാണു് നല്ലത്. സംശയമുള്ളപ്പോൾ ഫ്റോയിഡി യൻ സാഹിത്യം ഒന്നു വായിച്ചാൽ മതി!!

ഫ്റോയിഡ് പറയുന്നു. "അബോധമനസ്സിന്റെ ഉള്ളടക്കം വെളിപ്പെടുത്താൻ മടിക്കുന്നവരുടെ സ്വപ്ന ങ്ങൾ വ്യാഖ്യാനിക്കാൻ സാദ്ധ്യമല്ലെന്നു് പൊതുവെ പ റയാം. എന്നാലും ബാഹ്യഘടകത്തിൽ പ്രയുക്തമാ യ പ്രതീകങ്ങൾ സുവാദിതമാണെങ്കിൽ, സ്വപ്നവ്യാഖ്യാനം സാദ്ധ്യമാണു്." ഇതിൽനിന്നു് മനസ്സിലാക്കേണ്ടത് പ്ര തീകങ്ങൾക്കു സ്വപ്ന്വ്യാഖ്യാനത്തിൽ മർമ്മസ്ഥാനമുണ്ടെ ന്നാണു്. പ്രതീകങ്ങളെക്കുറിച്ചുള്ള ധാരണ തെററുമ്പോൾ വ്യാഖ്യാനം കാട്ടുകയറും. "ഒരു വസ്തുവോടൊ സ്ഥിതി വിശേഷത്തോടൊ, തത്വത്തോടൊ ബന്ധപ്പെട്ടുകയും, അ

തിനെ പ്രതിനിധാനം ചെയ്യുകയും ചെയ്യുന്ന മറെറാന്നിനെ മാത്രമെ അതിൻെറ പ്രതീകമായി കരുതാവൂ.'' എന്നാണ് മേൽഡൽഷെർമേൻ പറയുന്നതു്. അപ്പോൾ പ്രതീകങ്ങൾക്കു് ചില ഗുണങ്ങൾ ഉണ്ടാകണമെന്നു് സാദ്ധിക്കുന്നു. വടി, സർപ്പം തുടങ്ങിയ വസ്തുക്കൾപോലും സർവ്വാംഗീകൃതമായ പ്രതീകങ്ങളല്ല. മടി കുട്ടികൾക്കു് ശിക്ഷയുടേയും, മുതിന്നവർക്കു് അധികാരത്തിൻെറയും പ്രതീകമാണു്. ചിലക്കിതു് രക്ഷാകവചമാണെങ്കിൽ മററു ചിലർക്കു് ഒരുപകരണമാണ്, പ്രഥമദൃഷ്ടിയിൽ സർപ്പം നല്ലൊരു ലിംഗപ്രതീകമാണെന്നു് തോന്നും. പടമുയത്താനും, മാളത്തിലിറങ്ങാനും, വിഷം വമിക്കാനും അതിന്നു് കഴിയുമല്ലൊ. എന്നാൽ സർപ്പംതന്നെ മററു പലതിൻേറയും പ്രതീകമാണു്. അറപ്പും, ഭയവുമുണ്ടാക്കുന്ന ഒരു ജീവി എന്ന നിലക്കു് സർപ്പം ഭയങ്കര വസ്തുക്കളുടെ പ്രതീകമാണെന്നു് ഡോ. ജോൺസ്തന്നെ സമ്മതിക്കുന്നുണ്ടു്. ആരോഗ്യത്തിൻെറയും ആയുസ്സിൻെറയും പ്രതീകമായി ഇതിനെ ചിലർ കരുതുന്നു. ചില സാഹിത്യകൃതികളിൽ സർപ്പം സ്ത്രീലിംഗത്തിൻെറ പ്രതീകമാണു്. അവ്വായെ വഴിപിഴപ്പിച്ച ഒരു പിശാചെന്ന നിലക്കു് ചിലർ സർപ്പത്തെ അവജ്ഞതയോടെ വീക്ഷിക്കുമ്പോൾ, മററു ചിലർ ദൈവത്തിൻെറ പ്രതീകമായി അതിനെ ആരാധിക്കുന്നു. ദുർഭൂതങ്ങളെ അകററാനുള്ള ബലിജീവികളാണു് ചിലക്കു് സർപ്പം; മററുചിലക്കാകട്ടെ സമ്പത്തിൻെറയും സംരക്ഷണത്തിൻെറയും ചിഹ്നവും! എന്തൊരു വൈരുദ്ധ്യം! എന്തൊരു വൈപരീത്യം!! സ്ഥിതി ഇങ്ങിനെയിരിക്കെ, ഏതു്, ഏതിൻെറ പ്രതീ

കമാണെന്നു് എങ്ങിനെ പറയും? ഇത്തരം പ്രതീകങ്ങളെ ആധാരമാക്കിയാണ് സ്വപ്നങ്ങൾക്ക് വ്യാഖ്യാനം നല്കുന്നതു്. പിന്നെ കാട് കയറാതിരിക്കുമോ?

**അപഗ്രഥനം—സംശയാസ്പദമായമാർഗ്ഗം:-**

ഫ്രോയിഡിന്റെ അപഗ്രഥനസമ്പ്രദായത്തിൽ വശീകൃതാവസ്ഥയ്ക്കോ (Hypnosis), വ്യപദേശങ്ങൾക്കോ (Suggestions) സ്ഥാനമില്ല. ആശയസംയോജനംകൊണ്ടും വ്യാഖ്യാനംകൊണ്ടും അബോധമനസ്സിനെ വെളിപ്പെടുത്തുകയാണു് ഫ്രോയിഡിന്റെ ലക്ഷ്യം. ഈദൃശമായ അപഗ്രഥനങ്ങൾ പ്രായോഗികവും ഫലപ്രദവുമാണോ എന്ന കാര്യം സംശയമാണ്. ഭിന്നാഭിപ്രായക്കാരെ ഫ്റോയിഡിന്റെ അനുയായികൾ വെറുതെ വിടില്ല. ദൃഷ്ടാന്തമായി ഡോ. ജോൺസിനെ തന്നെ ഉദ്ധരിക്കാം. "മാനസികരോഗികൾക്ക് ശൈശവത്തിൽ അവരുടെ മാതാപിതാക്കളോടു് ലൈംഗികാസക്തിയുണ്ടായിരുന്നുവെന്ന് അപഗ്രഥകൻ പറയുമ്പോൾ, മററുള്ളവർ അമ്പരപ്പും ക്ഷോഭവും പ്രകടിപ്പിക്കുന്നതു് അവരിൽ അത്തരം വാസനകൾ കുടികൊള്ളുന്നതുകൊണ്ടാണ്." അപഗ്രഥനത്തെ അവഹേളിക്കുന്നവർ അബോധമനസ്സിന്റെ അടിമകളാണെന്നും, മററുള്ളവർ ശുദ്ധാത്മാക്കളാണെന്നും വരുത്തിത്തീർക്കുകയാണ് ഈ വാദത്തിന്റെ ഉദ്ദേശ്യം. സന്മാർഗ്ഗോപദേശം ദുർമ്മാർഗ്ഗികളുടെ പ്രതിരോധതന്ത്രമാണെന്നു സാരം.

ഫ്റോയിഡിന്റെ മാതൃകയിലുള്ള അപഗ്രഥനസമ്പ്രദായംകൊണ്ടു് ചില മാനസികരോഗങ്ങൾ ഭേദപ്പെട്ടു

വെന്നതു് വാസ്തവം തന്നെ. ഫ്റോയിഡിയൻ തത്വങ്ങൾ ആവിഷ്കൃതമാകുന്നതിന്നു് മുമ്പും ഇതു് സംഭവിച്ചിട്ടുണ്ടു്. മാത്രമല്ല ഫ്റോയിഡിനുശേഷം ഏഡ്ലരും, യുങ്ങും വ്യത്യസ്തമായ മാർഗ്ഗങ്ങളിലൂടെ മാനസികരോഗങ്ങൾ ഭേദപ്പെടുത്തിയിട്ടുണ്ടു്. ഇതെല്ലാം തെളിയിക്കുന്നതു് വ്യപദേശമെന്നിയേയുള്ള അപഗ്രഥനം ഏകമായ സിദ്ധൌഷധമല്ലെന്നാണ്. ഫ്റോയിഡ് സമ്മതിച്ചാലും, ഇല്ലെങ്കിലും മാനസികചികിത്സയിൽ പ്രധാനമായൊരു പങ്ക് വ്യപദേശം വഹിക്കുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

## വ്യപദേശം—അനിവാര്യമായൊരുഘടകം

മെക്ഡൂലിൻെറ അഭിപ്രായത്തിൽ, 'വ്യപദേശമെന്നതു് ഒന്നോ, ഒന്നിലധികമോ ആളുകളുടെ വ്യക്തിപരമായ സ്വാധീനത്തിൻെറ ഫലമായി, തക്കതായ കാരണങ്ങളോ മററുപ്രേരണകളോ കൂടാതെതന്നെ, ഒരു കാര്യം വിശ്വസിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും ഇട നൽകുന്ന കൃത്യം (വാക്കോ, പ്രവൃത്തിയോ, ചിത്രമോ) ആകുന്നു. വ്യപദേശത്തിന്നു് വിധേയരാകുന്ന ആളുകൾ അതനുസരിച്ച് പ്രവർത്തിക്കുന്നതു് തക്കതായ കാരണങ്ങളൊ, ഭവിഷ്യത്തുക്കളെക്കുറിച്ചുള്ള ഭയമോ, പ്രതിഫലേച്ഛയോ കൂടാതെയാണെന്നു് സാരം!...''ഭിഷഗ്വരനും രോഗിയും തമ്മിലുള്ള സുദീർഘവും സുദൃഢവുമായ സമ്പർക്കത്തിൽ, ഭിഷഗ്വരൻ ഉദ്ദേശിച്ചാലും ഇല്ലെങ്കിലും, വ്യപദേശം ഗണ്യമായ പങ്ക് വഹിക്കുമെന്നതു് തീർച്ചയാണ്.

അപഗ്രഥനവും വ്യപദേശവും ഭിന്നമാണെന്നാണ്

ഫ്റോയിഡിൻെറ പക്ഷം. നോക്കുക. "അപഗ്രഥന ത്തിൻെറയും വ്യപദേശത്തിൻെറയും സങ്കേതങ്ങൾക്കിട യിൽ, കലകളിലെന്നപോലെ, വലിയ വ്യത്യാസമുണ്ട്. പ്രസിദ്ധകലാകാരനായ ലിയോനാർഡോ ഡാവിൻ ചൂ ണ്ടിക്കാട്ടിയതുപോലെ, കൊത്തുപണിയും ചായം പൂശലും തമ്മിൽ അജഗജാന്തരമുണ്ട്. കൊത്തുപണിക്കാരൻ പ്ര തിമയിൽനിന്നു് കൽക്കഷ്ണങ്ങൾ വെട്ടിയെടുക്കുമ്പോൾ, ചായം പൂശുന്നവൻ ഇല്ലാത്ത വർണ്ണങ്ങൾ അതിന്നു് നൽ കുകയാണു് ചെയ്യുന്നതു്. അപഗ്രഥനവും വ്യപദേശവും തമ്മിലുള്ള വൈരുദ്ധ്യവും ഇതു് തന്നെയാണ്. ഒന്നാമ ത്തെയാൾ മനോഭിത്തിയിൽനിന്നു് ചിന്താശകലങ്ങൾ വെട്ടിയെടുക്കുമ്പോൾ രണ്ടാമത്തെയാൾ വ്യപദേശങ്ങൾ കൊണ്ടു് അതിന്നു് വർണ്ണപ്പകിട്ട് നൽകുകയാണ് ചെയ്യു ന്നതു്. "വ്യപദേശത്തിൻെറ ഉപയോഗത്തെ സംബ ന്ധിച്ചേടത്തോളം കാൾഗുസ്റ്റവ് യുങ്ങിൻെറ അഭിപ്രായ വും ഏറക്കുറെ ഇതു് തന്നെയാണ്. ഡോ. ഏണസ്റ്റ് ജോൺസാകട്ടെ. ഫ്റോയിഡിൻെറ അഭിപ്രായത്തെ പിന്താങ്ങുന്നുവെന്നു് മാത്രമല്ല അതിനെ അരക്കിട്ടുറപ്പി ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ജോൺസ് പറയുക യാണ് "വ്യപദേശത്തിൻെറ നേട്ടം ഭിഷഗ്വരൻെറ ക ഴിവിനെ ആശ്രയിച്ചിരിക്കുന്നു. ബാബിൻസ്കി (Babinski) ദുബോയി (Dubois) തുടങ്ങിയ വ്യപദേശ വിദഗ്ദ്ധന്മാർക്ക് സാധിച്ചതു് എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല. അപഗ്രഥനത്തിൻെറ മഹത്തായ ഫലം വ്യപ ദേശത്തിൻെറ നേട്ടമാണെന്നു് പറയുന്നവർ സ്വന്തം അ ജ്ഞത വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു്." ഈ പ്ര

സ്താവനകളിൽനിന്നു് ഗ്രഹിക്കേണ്ടതു് ഫ്രോയിഡും അദ്ദേഹത്തിൻെറ അനുയായികളും വ്യപദേശത്തെ അതിൻെറ ശരിയായ രൂപത്തിലും അത്ഥത്തിലും കാണുന്നില്ലെന്നാണ് വ്യപദേശമായി തെററിദ്ധരിക്കുകയാണ് ഈ മഹദ്വ്യക്തികൾ ചെയ്യുന്നതു്.

അപഗ്രഥനം അന്യൂതമായൊരു മാൎഗ്ഗമാണെന്നു് പറഞ്ഞുകൂടാ. ഇതു കൊണ്ടു് വിശ്വാസയോഗ്യമായ വല്ല ഫലവും ഉണ്ടാകണമെങ്കിൽ, ഭിഷഗ്വരൻ രോഗിയുടെ ചിന്താസരണിയിൽ ഇടപെട്ടുകതന്നെ വേണം. ഫ്രോയിഡ്തന്നെ ഇക്കാര്യം പരോക്ഷമായെങ്കിലും, സമ്മതിക്കുന്നുണ്ടു്. നോക്കുക: "അപഗ്രഥനം ചെയ്യുമ്പോൾ, രോഗിക്കു് പറയാനാവാത്ത പലതും ഭിഷഗ്വരൻ പറയേണ്ടിവരും; തോന്നാത്ത ആശയങ്ങൾ വ്യഞ്ജിപ്പിക്കേണ്ടിവരും; ഉദ്ദിഷ്ടകാൎയ്യം സാധിക്കുന്നതിന്നു് രോഗിയുടെ ശ്രദ്ധ തിരിച്ചുവിടേണ്ടിവരും. മാനസികാപഗ്രഥനം നിഷ്പക്ഷമായൊരു ശാസ്ത്രീയഗവേഷണമല്ല, ചികിത്സാപരമായ ഇടപെടലാണു്" ഡോ. ജോൺസിന്നു് ഈ അഭിപ്രായം അത്ര പിടിച്ചില്ലെന്നു് തോന്നുന്നു. ജോൺസ് പറയുകയാണു്. "അപഗ്രഥനസമയത്ത് ഭിഷഗ്വരൻ രോഗിയെ നയിക്കുകയല്ല, അനുഗമിക്കുകയാണു് ചെയ്യുന്നതു്. രോഗിയുടെ ചിന്താഗതി അയാളുടെ മനസ്ഥിതിയേയും, അബോധമനസ്സിൻെറ പ്രവൎത്തനങ്ങളേയും ആശ്രയിച്ചിരിക്കുന്നു." ഗുരുവും ശിഷ്യനും തമ്മിലുള്ള ഈ അഭിപ്രായഭിന്നത ശ്രദ്ധേയമായ ഒന്നാണു്. യാഥാൎത്ഥ്യവുമായി കുറെയൊക്കെ നിരക്കുന്നതു് ഫ്റോയിഡിൻെറ

അഭിപ്രായമാണെന്നു് കാണാം. രോഗിയുടെ ചിന്താഗതി വികൃതമായിരിക്കുമെന്നതു്കൊണ്ട് ഇടപെടൽ അനപേക്ഷണീയമായിത്തീരുന്നു. നായകനല്ലാത്ത അപഗ്രഥകൻ, കാട്ടുമുയലിനെ അനുഗമിക്കുന്ന നായാട്ടുകാരനെപ്പോലെ അസാദ്ധ്യമായ ഒന്നിന്നുവേണ്ടിയാണു ശ്രമിക്കുന്നതു്. അപ്പോൾ ഇടപെട്ടേ തീരൂ എന്നു് സിദ്ധിക്കുന്നു. ഈ ഇടപെടൽ സ്വതന്ത്രമായിരിക്കണമെന്നില്ല. കാരണം, അപഗ്രഥകനു മുണ്ടല്ലോ ഒരു അബോധമനസ്സ്. ഭിഷഗ്വരൻെറ വാക്കുകളും ചെയ്തികളും അന്തഃപ്രേരിതമാണെന്നു് പറയാമല്ലോ. തന്മൂലം അപഗ്രഥനത്തിൽനിന്നു് വെളിപ്പെടുന്നതു്, സ്വപ്നവ്യാഖ്യാനംകൊണ്ടെന്നതുപോലെ ആരുടെ മനോഗതിയാണെന്നു് തീർത്തുപറഞ്ഞുകൂടാ. അപഗ്രഥനം അന്യൂനമായൊരു മാർഗ്ഗമല്ലെന്നു് പറഞ്ഞതിൻെറ അർത്ഥവും ഇതുതന്നെയാണു്.

അപഗ്രഥനംകൊണ്ടു് ഉദ്ദിഷ്ടകാര്യങ്ങളിൽ ചിലതൊക്കെ സാധിച്ചുവെന്നു് വരാം. എന്നാലും അതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളുടെ നേരെ കണ്ണടക്കുന്നതു ശരിയല്ല രോഗിയുടെ അസാധാരണ പ്രതികരണങ്ങളാണല്ലോ ഫലപ്രദമായ അപഗ്രഥനത്തിൻെറ അന്ത്യഫലം. വിസ്മരിതമായ തിക്താനുഭവങ്ങൾ സ്മൃതിപഥത്തെ പുനഃപ്രാപിക്കുമ്പോഴാണു് ഇത്തരം പ്രതികരണങ്ങൾ ഉണ്ടാകുന്നതു്. ഇതു ഗുണത്തേക്കാളേറെ ദോഷം ചെയ്തെന്നുവരും. എന്തുകൊണ്ടെന്നാൽ, പൂർവ്വാനുഭവങ്ങളുടെ സ്മരണയോടൊപ്പമുണ്ടാകുന്ന വികാരവിക്ഷോഭങ്ങൾ രോഗം വദ്ധിപ്പിക്കുവാനും, പുതിയ രോഗങ്ങൾക്കു് കളമൊരുക്കാനും മതിയായെന്നു വരാം. അതിനാൽ അപഗ്രഥ

നത്തെ ഗുണദോഷ സമ്മിശ്രമായ ഒരു ചികിത്സാസമ്പ്ര ദായമായി മാത്രമേ പരിഗണിച്ചുകൂടൂ.

**അവസാനമായി രണ്ടു വാക്ക്**

ഫ്രോയിഡിയൻ തത്വങ്ങൾ അന്യൂനമോ, അനിഷേദ്ധ്യമോ അല്ലെന്ന് കണ്ടുവല്ലോ. പിന്നെ എന്തുകൊണ്ടാണ് ഇവയ്ക്ക് ഇത്ര പ്രസിദ്ധിയും പ്രചാരവും ലഭിച്ചതെന്ന് സ്വാഭാവികമായും ചോദിച്ചേക്കാം. അടുത്തകാലം വരെ ചിലേടങ്ങളിൽ കള്ളിനുണ്ടായത്ര ചെലവ് പശുവിൻെറ നെയ്യിനുണ്ടായിരുന്നില്ല. ഇതു കാണിക്കുന്നത് കള്ളിൻെറ ഗുണമല്ല, മറിച്ച് അതുപയോഗിക്കുന്ന ആളുടെ സ്വഭാവമാണ്. ചങ്ങമ്പുഴയുടെ രമണനുണ്ടായത്ര പ്രസിദ്ധിയും പ്രചാരവും ആശാൻെറ രണ്ട് ഖണ്ഡകാവ്യങ്ങൾക്കുപോലും ഉണ്ടായിരുന്നില്ലല്ലോ. ഇതിനുള്ള കാരണം സുവ്യക്തമാണ്. ഫ്രോയിഡിയൻ സാഹിത്യത്തെ സംബന്ധിച്ചും ഇതും തന്നെ പറയാവുന്നതാണ്.

വർണ്ണചിത്രങ്ങളെപ്പോലെ മനോഹരമാണ് ഫ്രോയിഡിയൻ തത്വങ്ങളെന്നു സമ്മതിക്കാതെ വയ്യ. നാടകീയമായ അവതരണവും, സരസമായ പ്രതിപാദനവും ആരെയും ഹഠാകർഷിക്കാൻ പര്യാപ്തവുമാണ്. ഇതര തത്വങ്ങളെ അപേക്ഷിച്ച് ലളിതവും സരളവുമായ ഈ സിദ്ധാന്തങ്ങൾ ഗ്രഹിക്കാൻ മന്ദബുദ്ധികൾക്കുപോലും നിഷ്പ്രയാസം സാധിക്കും. കുറുക്കുവഴി അന്വേഷിച്ച് നടക്കുന്ന ശാസ്ത്രകുതുകികൾക്ക് നല്ലൊരു പാന്ഥാവാണ് ഫ്രോയിഡ് കാണിച്ചുകൊടുത്തതു്. അതിലെ കടന്നു

പാകുമ്പോൾ, രാഗപൂൎണ്ണമായ ഗാനങ്ങൾ സൎവ്വത്ര കേൾക്കുകയും ചെയ്യാം. ചുരുക്കത്തിൽ,

*കാൎയ്യം സുഗ്രാഹ്യം, കഥഭോഗമോഹം,
കൎത്താവൊരെരോപിയശുഭ്രമാന്യൻ,
ചൊല്ലുന്നതോ, രാഗമയസ്വരത്തിൽ,
പ്രചുരപ്രചാരലബ്ധിനിനിയെന്തു് വേണം?

ശുഭം

* വള്ളത്തോളിനോടു് കടപ്പാടു്.

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No MM                Acc No 53556

This book should be returned on or before the date last stamped below.

mm

കെ.എൻ അഹമ്മദ്

സിഗ്മൽഡ്
ഫ്രോയിഡ്

ടി3ർ

ടി3ർ
അഹമ്മദ്
ിഡ്